# കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്




## വികസനരിപ്പോർട്ട്

## ഒൻപതാംപദ്ധതി
## ജനകീയ പദ്ധതി

# കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്
# വികസന സെമിനാർ

**21 ഡിസംബർ 1996**

**S.S.P.B. ഹൈസ്കൂൾ, കടയ്ക്കാവൂർ**



"ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ ജീവിക്കുന്നു....."




നിയോജക മണ്ഡലങ്ങൾ

| വാർഡ് | |
|---|---|
| I | തെക്കുംഭാഗം |
| II | അഞ്ചിക്കുടി |
| III | ഊട്ടുപറമ്പ് |
| IV | കടയ്ക്കാവൂർ |
| V | നിലയ്ക്കാമുക്ക് |
| VI | പെരുംകുളം |
| VII | മേലാറ്റിങ്ങൽ |
| VIII | കീഴാറ്റിങ്ങൽ |
| IX | ശാസ്താംനട |
| X | കിനവിള. |



ജനകീയാസൂത്രണം–സംസ്ഥാനതല ഉദ്ഘാടനം



നവംബർ 1 – പുനരർപ്പണദിനം–പ്രധാനമന്ത്രി ഉദ്ഘാടനം നിർവ്വഹിക്കുന്നു.







ഒരു ഗ്രാമസഭാവീക്ഷണം



ജനകീയാസൂത്രണ ഉപദേശക സമിതി ചെയർമാൻ ശ്രീ. ഇ.എം.എസ്.



ഇ.കെ. നായനാർ
കേരള മുഖ്യമന്ത്രി

തിരുവനന്തപുരം
13-12-1996

## സന്ദേശം

21-12-'96 ൽ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണവികസന സെമിനാർ നടത്താൻ തീരുമാനിച്ചുവെന്നറിയുന്നതിൽ സന്തോഷിക്കുന്നു. കടയ്ക്കാവൂർ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനാവശ്യമായ ചർച്ചകളും മറ്റും സെമിനാറിൽ ഉണ്ടാകുമെന്നും എല്ലാ വിഭാഗം ജനങ്ങളുടേയും സഹായസഹകരണത്തോടെ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടിയുള്ള യത്നങ്ങൾക്ക് സെമിനാറിൽ തുടക്കംകുറിക്കുമെന്നും ഞാനാശിക്കുന്നു.

സെമിനാറിന് എന്റെ വിജയാശംസകൾ.

ഇ.കെ. നായനാർ

ശ്രീ. വി. സദാശിവൻപിള്ള,
പ്രസിഡന്റ്, കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്.



പാലൊളി മുഹമ്മദ്കുട്ടി
തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി

ഫോൺ: ഓഫീസ്: 67895, 67796
വസതി: 67391, 66449
തിരുവനന്തപുരം
തീയതി: 13-12-96

## സന്ദേശം

പ്രിയപ്പെട്ട ശ്രീ. സദാശിവൻപിള്ളയ്ക്ക്

കടക്കാവൂർ ഗ്രാമപഞ്ചായത്ത് വികസന സെമിനാർ 21-12-1996 ൽ നടത്താൻ പോകുന്നു എന്നറിഞ്ഞതിൽ സന്തോഷം. വികസനസെമിനാറിന് ഭാവുകങ്ങൾ നേരുന്നു.

സ്വന്തം ഗ്രാമചരിത്രം അറിയുവാനും വികസനപ്രശ്നങ്ങൾ കണ്ടെത്താനും, പരിഹാരം നിർദ്ദേശിക്കാനുമായി കൂടുന്ന വികസനസെമിനാറുകൾ നമ്മുടെ സംസ്ഥാനത്ത് പുതിയൊരു ചരിത്രംസൃഷ്ടിക്കുകയാണ്. ജനപങ്കാളിത്തത്തോടെ വികസനമുരടിപ്പിന് വിരാമമിടാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഈ സംരംഭം വിജയിപ്പിക്കുന്നതിന് എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

സസ്നേഹം,

പാലൊളി മുഹമ്മദ്കുട്ടി

I.S. GULATI
VICE-CHAIRMAN
STATE PLANNING BOARD
RAJALEKSHMI BUILDINGS
PATTOM, THIRUVANANTHAPURAM-4
KERALA
Phone: Off: 540404 Res: 442762
Fax No. 0471-541765



13-12-96
പട്ടം

# സന്ദേശം

കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ വികസനസെമിനാർ 1996 ഡിസംബർ 21ന് നടക്കുന്നു എന്നറിയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. നിങ്ങളുടെ പഞ്ചായത്തിൽ ചേർന്ന വിശേഷാൽ ഗ്രാമസഭകളുടെ നിർദ്ദേശങ്ങളും, പഞ്ചായത്തിൽനിന്ന് ശേഖരിച്ചസ്ഥിതിവിവരക്കണക്കുകളും വിശദമായി വിശകലനം ചെയ്താണ് വികസനറിപ്പോർട്ട് തയ്യാറാക്കിയത് എന്ന് ഞാൻ കരുതുന്നു. ഈ വികസനറിപ്പോർട്ട് വികസന സെമിനാറിൽ നിങ്ങൾ വിശദമായി ചർച്ചചെയ്യണം. എങ്കിൽമാത്രമേ ഓരോ മേഖലയുടേയും വികസനസാദ്ധ്യതകളെക്കുറിച്ച് മൂർത്തമായ ധാരണ ഉണ്ടാകൂ. ഇതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഓരോ മേഖലയിലും പിന്നീട് പ്രോജക്ടുകൾ രൂപപ്പെടുക.

ജനകീയാസൂത്രണത്തിന്റെ ഓരോ ഘട്ടത്തിലും നിങ്ങൾക്ക് നേടാൻകഴിഞ്ഞ വ്യാപകമായ ജനപങ്കാളിത്തം, പിന്നീട് പദ്ധതിനിർവ്വഹണത്തിലും ഉറപ്പുവരുത്താൻ നിങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ഐ.എസ്. ഗുലാത്തി

ശ്രീ. സദാശിവൻപിള്ള
പ്രസിഡന്റ്,
കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്ത്.

ശ്രീ. സദാശിവൻപിള്ള
പ്രസിഡന്റ്,
കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്ത്.

സ്ഥലം: കടയ്ക്കാവൂർ
തീയതി: 21-12-1996

പ്രിയമുള്ള ഗ്രാമവാസികളെ,

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ, സമഗ്രമായൊരു വികസനചിത്രം, വികസനറിപ്പോർട്ടിലൂടെ അവതരിപ്പിക്കാൻ കിട്ടുന്ന ആദ്യ അവസരമാണിത്. ഈ വികസനരേഖ ജനങ്ങൾക്കായി സമർപ്പിക്കാൻ കൈവന്ന ഈ അസുലഭസന്ദർഭം പ്രത്യേകം വിലമതിക്കപ്പെടുന്നു; അത്യാഹ്ലാദപൂർവ്വം ഞാനത് നിർവ്വഹിക്കുന്നു. ഇന്നലെവരെ സാധാരണക്കാരന് ചിന്തിക്കാൻപോലും കഴിയാതിരുന്ന 'അധികാരം' ഇന്ന് ഉമ്മറപ്പടിയിൽ എത്തിനിൽക്കുന്നു. വരവേല്പിനായി കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തും ഒരുങ്ങിക്കഴിഞ്ഞു.

അനുഭവസമ്പത്തുകൾ പ്രദേശത്തിന്റെ സമഗ്രപുരോഗതിക്കായി സംഭാവനചെയ്യാൻ സന്നദ്ധരായ മുഴുവൻ ദേശസ്നേഹികളേയും ഞാൻ അഭിവാദ്യംചെയ്യുന്നു. ഈ റിപ്പോർട്ട് സമഗ്രമാക്കാൻ അഹോരാത്രം പ്രവർത്തിച്ച റിസോഴ്സ് പേഴ്സൺമാരുൾപ്പെടെയുള്ള മുഴുവൻ സന്നദ്ധപ്രവർത്തകരോടും, ഗ്രാമപഞ്ചായത്ത് ജീവനക്കാരോടും, ഗ്രാമീണജനതയ്ക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുന്നു.

ഈ റിപ്പോർട്ട് പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല. നിരവധി കുറവുകൾ കണ്ടേക്കാം. നമ്മുടെ പ്രദേശത്തെ ജനങ്ങളുടെ സഹകരണം, ജാഗ്രത, വികസനകാഴ്ചപ്പാട് എന്നിവ ഈ റിപ്പോർട്ടിൽ പ്രതിഫലിച്ചുകാണാം. ഗ്രാമസഭകളിൽ ഉയർന്നുവന്ന എല്ലാ നിർദ്ദേശങ്ങൾക്കും ഉടനടി പരിഹാരം കാണുക സാദ്ധ്യമല്ല. ജനങ്ങളുടെ സഹകരണത്തോടെ സമയബന്ധിതമായി നടപ്പിലാക്കുകയാണ് ലക്ഷ്യം.

ഈ റിപ്പോർട്ട് സമ്പന്നമാക്കാനുള്ള ക്രിയാത്മക ചർച്ചകൾ വികസനസെമിനാറിൽ ഉയർന്നുവരുമെന്നു പ്രതീക്ഷിക്കുന്നു. ജനീയാസൂത്രണപ്രസ്ഥാനത്തിന്റെ തുടർന്നുള്ള പ്രവർത്തനങ്ങളിൽ ഓരോരുത്തരുടേയും അകമഴിഞ്ഞ സഹായസഹകരണങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

അഭിവാദനങ്ങളോടെ

V. സദാശിവൻപിള്ള

# വിഷയവിവരം


29 ആമുഖം

33 ചരിത്രപശ്ചാത്തലം

36 ഭൂപ്രകൃതിയും വിഭവങ്ങളും

41 വികസനമേഖലകൾ
കൃഷി, ജലസേചനം

53 മൃഗപരിപാലനവും, മത്സ്യബന്ധനവും

60 വിദ്യാഭ്യാസം

65 ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

71 വ്യവസായം

76 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

81 ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം

84 സംസ്കാരം

86 വനിത

88 സഹകരണമേഖല

90 പട്ടികജാതി, പട്ടികവർഗ്ഗം

94 വിഭവസമാഹരണം

97 ഉപസംഹാരം.





Cover Desingn & Lay out: Shibu, Kadakkavoor
Photos: Pournami Studio, Nilakkamukku
Typeset at Thushara Computers, Trivandrum-23, Phone: 474143
and Printed at P. Krishna Pillai Memorial Printing & Publishing Co. Pvt. Ltd., Trivandrum-1

## റിപ്പോർട്ട് ക്രോഡീകരണം

**വി. സദാശിവൻപിള്ള**
**കെ. സുഭാഷ്**
**കെ.സി. രാധാകൃഷ്ണൻ**
**ജി. ശിവദാസൻ**
**എൻ. നിമൽരാജ്**
**ഷിബു കടയ്ക്കാവൂർ**
**കെ. സദാശിവൻ**
**ആർ. പദീപ്**

## പഞ്ചായത്ത് ജീവനക്കാർ

**എ. അമീൻ, ഡി. വിപുനരാജ്, കെ. സുഭാഷിണി, റ്റി. കമലാഭായി, ആർ. രാജു, കെ. രവീന്ദ്രൻ, ഇ. ബനഡിക്ട നിക്സൺ, വൈ. നിസാർ, ജി. ആർ മോഹൻകുമാർ, പി. സരസ്വതിയമ്മ, ജി. രവീന്ദ്രൻ നായർ, ബി. വിക്രമൻ, ജെ. ജോസഫ്, കെ. മീനാക്ഷി**

*ദിനബത്ത ജീവനക്കാർ*

**മണികണ്ഠൻ, ലളിത, കുഞ്ഞിക്കുട്ടി, ശശിധരൻ, അജിത**

ജനറൽ കൺവീനർ:
**ഷിബു കടയ്ക്കാവൂർ**

# മുൻ പ്രസിഡന്റുമാർ



അഡ്വ: സുജാതൻ



N. കൃഷ്ണപിള്ള



V. ഗംഗാധരൻ [Late]



K. രാജൻബാബു

# കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി



**വി. സദാശിവൻപിള്ള**
പ്രസിഡന്റ്



**കെ. സുഭാഷ്**
വൈസ് പ്രസിഡന്റ്



ജ്ഞ്വ **ഗോപകുമാരി**
വാർഡ് IV



**N. ദിവാകരൻ**
സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ



**ഡി. താര**
വാർഡ് I



**അബ്ദുൾ വാഹിദ് എം.**
വാർഡ് VI



ടി **സാവിത്രിയമ്മ**
വാർഡ് VIII



**R. ഗോപൻ**
വാർഡ് III



**ബിന്ദു**
വാർഡ് X



**എം. മോഹനൻ**
വാർഡ് IX



**എ അമീൻ**
സെക്രട്ടറി



# ആമുഖം

നമ്മുടെ സംസ്ഥാനത്തെ ആസൂത്രണപ്രക്രിയയിൽ ഒരു പുതിയ യുഗത്തിനു നാന്ദികുറിച്ചിരിക്കുകയാണ്. 9-ാം പഞ്ചവത്സരപദ്ധതി ജനകീയമായി നടപ്പിലാക്കാനാണു തീരുമാനം. പദ്ധതി ആസൂത്രണം മാത്രമല്ല, അതിന്റെ നടത്തിപ്പും, മോണിറ്ററിംഗുമെല്ലാം പ്രാദേശികമായി ചെയ്യണമെന്നതാണ് അതിന്റെ അന്തസത്ത.

സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരെ വിസ്മരിച്ചും വിഗണിച്ചും ജനപങ്കാളിത്തമില്ലാതെ നടത്തുന്ന വികസനപദ്ധതികൾ വിജയിക്കുകയില്ലെന്ന ചരിത്രപാഠം കാലത്തിന്റെ ചുവരിൽ തെളിഞ്ഞുകാണാം. ഗവൺമെന്റിൽനിന്നും കിട്ടുന്ന ധനസഹായത്തെ മാത്രം ആസ്പദമാക്കി വികസനപ്രവർത്തനം സംഘടിപ്പിക്കുന്നതിനുപകരം, വികസനപ്രവർത്തനത്തിനു ആവശ്യമായ മൂലധനം പണമായോ, സാധനങ്ങളായോ, ശ്രമദാനരൂപത്തിലോ നൽകുക എന്ന പുത്തൻ കാഴ്ചപ്പാട് വിഭാവനംചെയ്യുന്നതാണ് ജനകീയ ആസൂത്രണപ്രസ്ഥാനം. 1997 ഏപ്രിൽ ഒന്നിന് ആരംഭിക്കുന്ന ഒൻപതാം പഞ്ചവത്സരപദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കാനുള്ള സമഗ്രപദ്ധതിയാണു ഘട്ടംഘട്ടമായി ചിട്ടപ്പെടുത്തിയിരിക്കുന്നത്.

മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ ചെയർമാനും ഡോ. ഐ.എസ്. ഗുലാത്തി വൈസ്ചെയർമാനുമായി സംസ്ഥാനതല പ്ലാനിംഗ് ബോർഡ് നിലവിൽവന്നു. സമൂഹത്തിലെ വിവിധതലങ്ങളിൽ പ്രവർത്തിക്കുന്നവരെ കൂട്ടിയോജിപ്പിച്ച് ശ്രീ. ഇ. എം. എസ്. ചെയർമാനായി ഒരു സംസ്ഥാനതല മാർഗ്ഗനിർദ്ദേശകസമിതി രൂപീകരിച്ചു. ജില്ലാതലങ്ങളിൽ ജില്ലാ പഞ്ചായത്തു പ്രസിഡന്റുമാർ അദ്ധ്യക്ഷൻമാരായും ജില്ലാ കളക്ടർ സെക്രട്ടറിമാരുമായി മാർഗ്ഗനിർദ്ദേശക സമിതികൾ രൂപീകൃതമായി. 1996 ആഗസ്റ്റ് 17ന് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിച്ചു. 73 ഉം 74 ഉം ഭരണഘടനാഭേദഗതികൾപ്രകാരം നടപ്പിലാക്കിയ ത്രിതലപ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിലൂടെ പദ്ധതിവിഹിതത്തിന്റെ 35-40 ശതമാനവും നിർവ്വഹിക്കാമെന്നതാണു വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ജനകീയസ്വഭാവം. മറ്റൊരു ലക്ഷ്യം അധികാരവികേന്ദ്രീകരണത്തിലൂടെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെ ശാസ്ത്രസാങ്കേതികവിദ്യകളുമായി ബന്ധപ്പെടുത്തുകയാണ്. വിദഗ്ദ്ധൻമാരും പണ്ഡിതൻമാരും നേടിയിട്ടുള്ള വിജ്ഞാനം അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കു പകർന്നുകൊടുക്കുകയും, അവരുടെ പ്രായോഗിക അനുഭവങ്ങൾക്ക് ശാസ്ത്രസാങ്കേതികവിദ്യകളുടെ ഗുണം നൽകുകയും ആണ്.

മുകളിൽനിന്നു താഴോട്ട് അടിച്ചേൽപ്പിക്കുന്ന രൂപത്തിൽ എട്ടു പദ്ധതികൾ കഴിയുമ്പോൾ നാം തയ്യാറാക്കുന്ന ബാലൻസ് ഷീറ്റിൽ, ഒരു ഭാഗത്തു നേട്ടങ്ങളുടെ പട്ടിക നിരത്തിവയ്ക്കാൻ കഴിയും, എന്നാൽ മറുഭാഗത്ത് വറുതിയു

ടെ ദുരിതത്തിന്റെ ഒരു വികൃതമുഖവും കാണാം. പട്ടിണിക്കാരുടെ കേവല എണ്ണം വർദ്ധിച്ചുവരുന്നു; തൊഴിലില്ലായ്മ പെരുകുന്നു; നിരക്ഷരത ഒരു ശാപമായി തീർന്നിരിക്കുന്നു; തദ്ദേശീയവ്യവസായങ്ങൾ ഭീഷണി നേരിടുന്നു; ഇങ്ങനെ പലതും.

നാം അനുവർത്തിച്ചുവന്ന ആസൂത്രണരീതിയുടെ വൈകല്യങ്ങളിലേക്കാണ് ഇതു വിരൽചൂണ്ടുന്നത്. ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കോ, ജനങ്ങളുടെ ആശയ അഭിലാഷങ്ങൾക്കോ അനുയോജ്യമായ പദ്ധതികളല്ല അടിച്ചേൽപ്പിക്കപ്പെട്ടത്. കാലവിളംബം, അഴിമതി, എന്നിവ കേന്ദ്രീകരണത്തിന്റെ മുഖമുദ്രകളാണ്. സ്ഥലജലവിഭവങ്ങളുടെ സാദ്ധ്യതകളും, പാഴായിപ്പോകുന്ന അദ്ധ്വാനശേഷിയും കൂട്ടിയിണക്കി നാടിനു അനുയോജ്യമായ പദ്ധതികൾ പരസ്പര ബന്ധിതമായി നടപ്പാക്കുന്നതിനു പകരം, ഓരോ വകുപ്പും തങ്ങൾക്കു തോന്നിയ രീതിയിൽ പരിപാടികൾ നടപ്പിലാക്കി. ജനങ്ങളുടെ പങ്കാളിത്തം ഒരു ഘട്ടത്തിലും ഉപയോഗിച്ചില്ല എന്നതിനാൽ പദ്ധതിപ്രവർത്തനം ജനങ്ങളിൽനിന്നും അന്യവൽക്കരിക്കപ്പെട്ടു.

ഈ പശ്ചാത്തലത്തിലാണ് കേരളത്തിന്റെ വികസന കാര്യങ്ങൾ ചർച്ചചെയ്യുന്നത്. അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയാണു നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്നത്. കാർഷികമേഖല പ്രതീക്ഷകൾക്കൊത്തു വളരുന്നില്ല; വ്യവസായമേഖല മുരടിച്ചുനിൽക്കുന്നു; തന്മൂലം തൊഴിലില്ലായ്മ പെരുകുന്നു. ദുർബലമായ അടിത്തറയിൽ കെട്ടി ഉയർത്തിയ സാമൂഹിക നേട്ടങ്ങൾ ഇന്നു ഭീഷണിയെ നേരിടുന്നു. സേവനമേഖലകളുടെ നിലവാരത്തകർച്ച ജനജീവിതത്തെ ബാധിച്ചിരിക്കുന്നു. കാർഷിക-വ്യാവസായിക മേഖലകളിലെ ഉല്പാദനം വർദ്ധിപ്പിക്കുകയും സേവനതുറകളിലെ ഗുണമേന്മ ഉറപ്പാക്കുകയും ചെയ്യാതെ നമ്മുടെ സംസ്ഥാനത്തിനു ഇനി മുന്നോട്ടുപോകാൻ സാദ്ധ്യമല്ല.

ഈ ലക്ഷ്യം സാദ്ധ്യമാക്കാനാണു ജനകീയ ആസൂത്രണപരിപാടി. ജനങ്ങളിൽ ഒരു പുതിയ വികസന കാഴ്ചപ്പാട് വളർത്താനും, നിരാശാബോധം മാറ്റി എടുത്തു അവരിൽ ശുഭാപ്തിവിശ്വാസവും, പ്രതീക്ഷയും, ദിശാബോധവും സൃഷ്ടിക്കാനും ഈ പരിപാടിയിലൂടെ കഴിയണം. അങ്ങനെയായാൽ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്കു മാനുഷികവിഭവമടക്കം, പ്രാദേശികവിഭവസമാഹരണത്തിന്റെ സാദ്ധ്യതകൾ തുറന്നുകിട്ടും.

നമ്മുടെ പഞ്ചായത്തിൽ 15-9-96ന് നടന്ന ഏകദിന ശില്പശാലയോടുകൂടി ജനകീയ ആസൂത്രണപരിപാടിക്കു തുടക്കം കുറിച്ചു. ജില്ലാതല പരിശീലനം ലഭിച്ചവർ ശില്പശാലയ്ക്കു നേതൃത്വം നൽകി. വിശേഷാൽ ഗ്രാമസഭകളുടെ പഞ്ചായത്ത്തല ഉദ്ഘാടനം 28-9-96ന് ഏഴാംവാർഡിൽ നിർവ്വഹിക്കപ്പെട്ടു. തുടർന്ന് 13-10-96 വരെ നടന്ന സംഘാടനം എന്തുകൊണ്ടും ശ്രദ്ധേയമായിരുന്നു. ഗ്രാമസഭകളുടെ വിജയത്തിനായി പഞ്ചായത്തുതലത്തിലും എല്ലാ വാർഡുകളിലും വിപുലമായ സ്വാഗതസംഘങ്ങൾ കൂടുകയുണ്ടായി. പ്രചാരണരംഗത്തും നാം ഒട്ടുംതന്നെ പിന്നിലായിരുന്നില്ല. ഗ്രാമസഭകളുടെ ആകെ ചിത്രം പരിശോധിച്ചാൽ ജനപങ്കാളിത്തം എന്തുകൊണ്ടും ശ്രദ്ധേയമായിരുന്നു എന്നു കാണാം. പത്തുവാർഡുകളിലായി നടന്ന ഗ്രാമസഭകളിൽ 2616 അംഗങ്ങൾ പങ്കെടുത്തു എന്നതാണ് കണക്ക്. ആദ്യമാദ്യം നടന്ന ഗ്രാമസഭകളിലെ പിഴവുകൾ തിരുത്തി മുന്നേറുവാൻ നമുക്കു കഴിഞ്ഞു. ഗുണനിലവാരത്തിലും മേന്മ നിലനിറുത്തുവാൻ സാധിച്ചു എന്നതാണ് വസ്തുത.

നമ്മുടെ പഞ്ചായത്തിലെ ഓഫീസുകളെ ആശ്രയിച്ചു നടത്തേണ്ടതായ ദ്വിതീയവിവരശേഖരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേക്കായി ഉദ്യോഗസ്ഥന്മാരുടെ യോഗവും, പരിശീലകരുടെ യോഗവും, വെവ്വേറെ വിളിച്ചുചേർത്തു. ഗ്രാമസഭാറിപ്പോർട്ടുകൾ ഇതിനകംതന്നെ ക്രോഡീകരിക്കുകയും ഉണ്ടായി. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുമ്പായിത്തന്നെ ദ്വിതീവിവരശഖരണ നടപടികൾ ആരംഭിച്ചുകഴിഞ്ഞിരുന്നു.

രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി പരിശീലനം ലഭിച്ചവരുടെ നേതൃത്വത്തിൽ 10-11-1996ന് പഞ്ചായത്തുതല പരിശീലനവും നടന്നു. തുടർന്നു വിവരശേഖരണ നടപടികൾ ഊർജ്ജിതമാക്കുകയും, നിലവിലുള്ള സ്കീമുകളുടെ അവലോകന റിപ്പോർട്ട് തയ്യാറാക്കുക, സെമിനാറിൽ പങ്കെടുക്കേണ്ടതായ ഉദ്യോഗസ്ഥന്മാരെ നിശ്ചയിക്കുക എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഉദ്യോഗസ്ഥതല യോഗം വിളിച്ചുകൂട്ടി. ഭൂപ്രകൃതി, മൺതരം, വിളക്രമങ്ങൾ, ജലസ്രോതസ്സുകൾ എന്നിവ നേരിട്ടുകണ്ട് പഠിക്കുന്നതിനായി നവംബർ 13, 14 തീതതികളിൽ പഞ്ചായത്തിന്റെ തലങ്ങും വിലങ്ങും നടന്നു പഠനപര്യടനം നടത്തുകയും ചെയ്തു. നമ്മുടെ പ്രദേശത്തെ അനുഭവസമ്പത്തുള്ള കാരണവന്മാരുടെ പട്ടിക തയ്യാറാക്കി അവരെ ഓരോരുത്തരെയായി സമീപിച്ച് പഞ്ചായത്തിന്റെ സാമൂഹികചരിത്രപശ്ചാത്തലം മനസ്സിലാക്കുവാനുള്ള ശ്രമങ്ങൾ നടന്നു.

ഇത്രയും മുന്നൊരുക്കങ്ങൾക്കുശേഷം ഏകദിന വർക്ക്ഷോപ്പ് 23-11-96ന് സംഘടിപ്പിച്ചു. റിപ്പോർട്ട് എഴുതി തയ്യാറാക്കാൻ ഗ്രൂപ്പുകൾ തിരിഞ്ഞു ചർച്ചകൾ നടത്തി ഒരു ഏകദേശ രൂപം കൈവരിക്കുകയും ചെയ്തു. തുടർന്ന് പ്രത്യേക വിഷയങ്ങൾക്കായി നിശ്ചയിച്ച ഗ്രൂപ്പുകൾ ദിവസങ്ങളോളം ചേർന്ന് കൂട്ടായി ചർച്ചചെയ്ത് ഓരോ വികസന തുറയിലെ റിപ്പോർട്ടിനും രൂപംനൽകി. റിപ്പോർട്ട് ക്രോഡീകരണത്തിനായി നിയോഗിക്കപ്പെട്ട കമ്മിറ്റി ഈ ചെറുറിപ്പോർട്ടുകൾ കൂട്ടായി ചർച്ചചെയ്യുകയും റിപ്പോർട്ടിനു അന്തിമരൂപം നൽകുകയും ചെയ്തു.

# പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | കടയ്ക്കാവൂർ |
| ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ | കടയ്ക്കാവൂർ, കീഴാറ്റിങ്ങൽ. |
| ബ്ളോക്ക് പഞ്ചായത്ത് ഡിവിഷൻ | (1) കടയ്ക്കാവൂർ (വാർഡ് 2 മുതൽ 9 വരെ)<br>(2) മേൽകടയ്ക്കാവൂർ (വാർഡ് 1, 10) |
| ബ്ളോക്ക് പഞ്ചായത്ത് | ചിറയിൻകീഴ് |
| താലൂക്ക് | ചിറയിൻകീഴ് |
| ജില്ല | തിരുവനന്തപുരം. |
| അസംബ്ലി മണ്ഡലം | ആറ്റിങ്ങൽ |
| വിസ്തീർണ്ണം | 10.39 ച: കി. മീ. |
| ജനസംഖ്യ | 23037 |
| ജനസാന്ദ്രത | 2217 /ച: കി. മീ. |
| പുരുഷന്മാർ | 10665 |
| സ്ത്രീകൾ | 12372 |
| വാർഡുകളുടെ എണ്ണം | 10 |
| പ്രസിഡന്റ് | വി. സദാശിവൻപിള്ള |
| വൈസ് പ്രസിഡന്റ് | കെ. സുഭാഷ് |
| പ്രധാന അതിർത്തികൾ | : |

വടക്ക്: ആറ്റിങ്ങൽ മുനിസിപ്പാലിറ്റി

തെക്ക്: കണ്ണാട്ടുതുരുത്ത്

കിഴക്ക്:വാമനപുരം നദി

പടിഞ്ഞാറ്: അഞ്ചുതെങ്ങ് കായൽ.

# ജനസംഖ്യാവിവരണം

| ജനവിഭാഗങ്ങൾ | പുരുഷൻ | സ്ത്രീകൾ | ആകെ | ജനസംഖ്യാ അനുപാതം |
|---|---|---|---|---|
| പട്ടികജാതി | 1893 | 2068 | 3961 | 17.2 |
| പട്ടികവർഗ്ഗം | - | - | - | - |
| മറ്റുള്ളവർ | 8772 | 10304 | 19076 | 82.8% |
| ആകെ | 10665 | 12372 | 23037 | - |

അവലംബം സെൻസസ് 1991

നമ്മുടെ പഞ്ചായത്ത് ഇന്നത്തെ രൂപത്തിൽ നിലവിൽ വന്നത് 1954-ൽ ആണ്. അതിനുമുമ്പ് അഞ്ചുതെങ്ങ് ആസ്ഥാനമായി കടയ്ക്കാവൂർ വില്ലേജ് അഫിലിറ്റ് എന്ന പേരിലായിരുന്നു ഇതറിയപ്പെട്ടിരുന്നത്. വിഭജനത്തെത്തുടർന്ന് അഞ്ചുതെങ്ങ് പ്രദേശം വിട്ടുപോകുകയും വക്കംപ്രദേശത്തിന്റെ കുറച്ചുഭാഗങ്ങൾകൂടി ചേർത്തുകൊണ്ട് കടയ്ക്കാവൂർ പഞ്ചായത്ത് രൂപീകൃതമാവുകയുംചെയ്തു. മാച്ചത്ത് മുക്കിനു സമീപത്തുള്ള ഒരു വാടകക്കെട്ടിടത്തിലായിരുന്നു 14 വർഷത്തോളം പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്നത്. അതിനുശേഷം ചാവടിമുക്കിൽ സ്വന്തമായി നിർമ്മിച്ച കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റുകയും ചെയ്തു.

## പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങൾ

### കേന്ദ്രസർക്കാർ ഉടമയിലുള്ളവ:

1. റെയിൽവേ സ്റ്റേഷൻ, കടയ്ക്കാവൂർ.
2. ഹെഡ് പോസ്റ്റാഫീസ്, കടയ്ക്കാവൂർ.
3. ബ്രാഞ്ച് പോസ്റ്റാഫീസ്, നിലയ്ക്കാമുക്ക്
4. ബ്രാഞ്ച് പോസ്റ്റാഫീസ്, പെരുംകുളം.
5. ബ്രാഞ്ച് പോസ്റ്റാഫീസ്, കീഴാറ്റിങ്ങൽ.

### സംസ്ഥാന സർക്കാർ ഉടമയിലുള്ളവ:

1. പഞ്ചായത്ത് ആഫീസ്, കടയ്ക്കാവൂർ.
2. വില്ലേജ് ആഫീസ് കടയ്ക്കാവൂർ.
3. വില്ലേജ് ആഫീസ്, കീഴാറ്റിങ്ങൽ.
4. സബ് രജിസ്ട്രാർ ആഫീസ്, കടയ്ക്കാവൂർ.
5. ഇലക്ട്രിസിറ്റി ആഫീസ്, കടയ്ക്കാവൂർ.
6. ഐ.സി.ഡി. എസ്. ആഫീസ്, കടയ്ക്കാവൂർ.
7. വില്ലേജ് എക്സ്റ്റൻഷൻ ആഫീസ്, കടയ്ക്കാവൂർ.
8. വില്ലേജ് എക്സ്റ്റൻഷൻ ആഫീസ്, കീഴാറ്റിങ്ങൽ.
9. കയർ ഇൻസ്പെക്ടർ ആഫീസ്, കടയ്ക്കാവൂർ.
10. കൃഷിഭവൻ, മണനാക്ക്.
11. പൊലീസ് സ്റ്റേഷൻ, കടയ്ക്കാവൂർ.
12. പ്രാഥമികാരോഗ്യകേന്ദ്രം, കീഴാറ്റിങ്ങൽ.
13. ആയുർവ്വേദാശുപത്രി, കടയ്ക്കാവൂർ.
14. ഹോമിയോ ആശുപത്രി, കടയ്ക്കാവൂർ.
15. മൃഗാശുപത്രി, കല്ലൂർകോണം.
16. S.N.V. G.H.S. കടയ്ക്കാവൂർ
17. ഗവ. U.P.S. കുടവൂർകോണം
18. B.V. U.P.S. കീഴാറ്റിങ്ങൽ
19. ഗവ: L.P.S. കീഴാറ്റിങ്ങൽ.
20. കാളിദാസകേന്ദ്ര ലൈബ്രറി, കടയ്ക്കാവൂർ.

### വാണിജ്യസ്ഥാപനങ്ങൾ

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കടയ്ക്കാവൂർ.
2. സിൻഡിക്കേറ്റ് ബാങ്ക്, കടയ്ക്കാവൂർ.
3. ഇന്ത്യൻ ഓവർസീസ് ബാങ്ക്, മണനാക്ക്.
4. ഇന്ത്യൻ ഓവർസീസ് ബാങ്ക്, കീഴാറ്റിങ്ങൽ.

### സഹകരണസ്ഥാപനങ്ങൾ

1. സർവ്വീസ് സഹകരണബാങ്ക്, കടയ്ക്കാവൂർ.
2. പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘം, കടയ്ക്കാവൂർ.
3. ക്ഷീരസഹകരണസംഘം, തിനവിള.
4. കൈത്തറി സഹകരണസംഘം, കീഴാറ്റിങ്ങൽ.
5. കയർ വ്യവസായ സഹകരണസംഘം, പോളച്ചിറ.
6. കയർ വ്യവസായ സഹകരണസംഘം, തെക്കുംഭാഗം.
7. കയർ വ്യവയസാ സഹകരണസംഘം, മീരാൻകടവ്.
8. കയർഫെഡ് (ഗോഡൗൺ) തെക്കുംഭാഗം.
9. വനിതാ സഹകരണസംഘം, കടയ്ക്കാവൂർ.

### സ്വകാര്യമേഖലയിലുള്ളവ

1. S.S.P. B.S. കടയ്ക്കാവൂർ.
2. S.R.V. L.P.S. തെക്കുംഭാഗം
3. ആസാദ് മെമ്മോറിയൽ L.P.S. പെരുംകുളം.
4. യാക്കോബ് ലബ്ബ മെമ്മോറിയൽ U.P.S., ഏലാപ്പുറം.
5. അപ്പല ആശുപത്രി, കടയ്ക്കാവൂർ.
6. മിഷൻ ഹോസ്പിറ്റൽ, കടയ്ക്കാവൂർ.
7. ജാനകി നഴ്സിംഗ് ഹോം, കടയ്ക്കാവൂർ.
8. R.R. ദന്താശുപത്രി, കടയ്ക്കാവൂർ.
9. കൈരളി കയർ പ്രോഡക്ട്സ്, കടയ്ക്കാവൂർ.



# ചരിത്രപശ്ചാത്തലം

ചിരപുരാതനമായ ഒരു ചരിത്ര സാംസ്കാരിക പശ്ചാത്തലം കടയ്ക്കാവൂരിന്റേതായുണ്ട്. നാട്ടുരാജ്യമായ വേണാടിന്റെ ഭാഗമായിരുന്ന ഇവിടെ അധിവസിച്ചിരുന്ന വിവിധ വിഭാഗങ്ങളോടൊപ്പം വന്നുചേർന്ന തമിഴ് ബ്രാഹ്മണവിഭാഗങ്ങളോടൊപ്പം വന്നുചേർന്ന തമിഴ് ബ്രാഹ്മണ സംസ്കാരവും, തെങ്ങുകൃഷിക്കായി സിലോണിൽനിന്നു വന്നുചേർന്നവരുടെ സിംഹളസംസ്കാരവും ചേർന്ന ഒരു സമ്മിശ്ര സംസ്കാരമാണ് ഇവിടെ നിലനിൽക്കുന്നത്. അതോടൊപ്പം ക്രൈസ്തവസംസ്കാരവും, ഇസ്ലാമികസംസ്കാരവും കടയ്ക്കാവൂരിന്റെ സാംസ്കാരിക പാരമ്പര്യത്തിൽ അലിഞ്ഞുചേർന്നിട്ടുണ്ട്.

കടയ്ക്കാവൂർ എന്ന പേര് ലഭിച്ചതിനു പിന്നിൽ വ്യത്യസ്തങ്ങളായ പല കഥകളും പറഞ്ഞുപോരുന്നു. കടലും കായലും ചേർന്നുകിടക്കുന്ന പ്രദേശമെന്നനിലയിൽ കടൽ-കായൽ- ഊര് എന്നത് കടയ്ക്കാവൂർ ആയി പരിണമിച്ചു എന്നതാണ് ഒരു കഥ. കടയ്ക്കാവൂരിന്റെ ഉയർന്ന പ്രദേശങ്ങളായ മേൽകടയ്ക്കാവൂർ ഭാഗങ്ങളിൽ അടയ്ക്കാ ഉല്പാദനം കൂടുതൽ ഉണ്ടായിരുന്നതിനാൽ " അടയ്ക്കാഊരെന്ന്" ഈ പ്രദേശത്തെ വിളിച്ചുവരുകയും കാലക്രമേണ അത് കടയ്ക്കാവൂരെന്ന് മാറുകയുംചെയ്തു എന്നതാണ് മറ്റൊരു കഥ. ഒരുവശത്ത് വാമനപുരം നദിയും മറുഭാഗത്ത് അഞ്ചുതെങ്ങു കായലും മറ്റൊരു ഭാഗമായ പാലാംകോണം പ്രദേശത്ത് നിബിഡമായ വനവും ഉണ്ടായിരുന്നതിനാൽ കടക്കാൻ കഴിയാത്ത ഊര്..... "കടക്കിറതുക്ക് റൊമ്പകഷ്ടമാന ഊര്" എന്ന പ്രയോഗത്തിൽനിന്നും കടയ്ക്കാവൂർ എന്ന പേരു ലഭിച്ചു എന്നും പറയപ്പെടുന്നു.

ബ്രിട്ടീഷ് വിരുദ്ധ വിപ്ലവങ്ങളിൽ ഭാഗഭാക്കാവുന്നതോടെയാണ് കടയ്ക്കാവൂർ ചരിത്രരേഖകളിൽ സ്ഥാനംപിടിക്കുന്നത്. ചിറയിൻകീഴ് താലൂക്കിൽ ഉൾപ്പെട്ട കടയ്ക്കാവൂർ പ്രദേശത്തിലെ ദേശാഭിമാനികൾ ബ്രിട്ടീഷുകാർക്കെതിരായിരുന്നു. ഉദാഹരണമാണ് 1721-ലെ ആറ്റിങ്ങൽ ലഹള. 1684-ൽ ആദ്യമായി അഞ്ചുതെങ്ങ് കടൽക്കരയിലെത്തിയ ബ്രിട്ടീഷുകാർക്ക് അവിടെ ഒരു വാണിജ്യകേന്ദ്രം സ്ഥാപിക്കുവാൻ ആറ്റിങ്ങൽ റാണി അനുവാദം നൽകി. 1690-ൽ ഒരു കോട്ട നിർമ്മിക്കുന്നതിനും റാണി ബ്രിട്ടീഷുകാരെ അനുവദിച്ചു. ആറ്റിങ്ങൽ രാജകുടുംബവും തിരുവിതാംകൂർ രാജാവും ഈ വിദേശീയർക്ക് നിലവിട്ടുള്ള സഹായങ്ങൾ നൽകിയത് തദ്ദേശീയരിൽ അമർഷം ഉളവാക്കി. നാടുഭരിക്കുന്നവരുടെ പൂർണ്ണമായ പിന്തുണയോടെ എന്തഴിമതിയും അക്രമവും കാണിക്കാമെന്ന മട്ടിൽ ഇംഗ്ലീഷുകാർ അഞ്ചുതെങ്ങിൽ ശരിക്കും ഭരണം തുടങ്ങിയതോടെ ജനരോഷം




ഐ.എൻ. എ. ആസ്ഥാനം, കടയ്ക്കാവൂർ.



ഊട്ടുപറമ്പ് അർദ്ധനാരീശ്വര ക്ഷേത്രം.

വർദ്ധിച്ചു. എന്നാൽ വിലയേറിയ സമ്മാനങ്ങൾ കാഴ്ചവച്ച് റാണിയെ പ്രീതിപ്പെടുത്താൻ ഇംഗ്ലീഷുകാർ ശ്രമിച്ചു. 1721 ഏപ്രിൽ 15-ാംതീയതി റാണിക്കുള്ള സമ്മാനങ്ങൾ നേരിട്ടു സമർപ്പിക്കുന്നതിന് അംഗരക്ഷകരോടും പരിവാരങ്ങളോടും കൂടി ബ്രിട്ടീഷ് തലവൻ ആറ്റിങ്ങലിലേക്ക് തിരിച്ചു. വെള്ളക്കാരുടെ ഹുങ്കിലും ശക്തിപ്രകടനത്തിലും അമർഷംപൂണ്ട ജനങ്ങൾ വെള്ളപ്പടയെ ആക്രമിച്ചു. ബ്രിട്ടീഷ് തലവൻ ഉൾപ്പെടെ 141 പേരെയും വധിച്ചു. ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യയിൽ നടന്ന ആദ്യത്തെ ആസൂത്രിത മുന്നേറ്റമായിരുന്നു ആറ്റിങ്ങൽ കലാപം. ഈ സംഭവവുമായി ബന്ധപ്പെട്ട് കടയ്ക്കാവൂരിലെ ഒട്ടനവധി ബ്രിട്ടീഷ്‌വിരുദ്ധ പ്രക്ഷോഭകാരികളെ പീഡനങ്ങൾക്ക് വിധേയമാക്കുകയും പലരും ദാരുണമായി വധിക്കപ്പെടുകയും ചെയ്തു.

ഇന്ത്യൻ ദേശീയപ്രസ്ഥാനചരിത്രത്തിലും സ്വാതന്ത്ര്യസമരചരിത്രത്തിലും കടയ്ക്കാവൂരിന്റെ സജീവപങ്കാളിത്തം ഉണ്ട്. സ്വാതന്ത്ര്യസമര വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരും വിരളമല്ല. ശ്രീമാൻ N. കുഞ്ഞുരാമന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തനം ശക്തിപ്രാപിച്ചു. പിൽക്കാലങ്ങളിൽ ശ്രീ. ആർ. പ്രകാശത്തിന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും ശക്തിയാർജ്ജിച്ചു.

ശ്രീനാരായണഗുരുവിന്റെയും കുമാരനാശാന്റെയും സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങൾ ഈ പ്രദേശത്തെ വിപ്ലവകരമായ മുന്നേറ്റത്തിന് ജനങ്ങളെ സജ്ജരാക്കി. ക്ഷേത്രപ്രവേശനവിളംബരം നടക്കുന്നതിന് പതിമൂന്നോളം വർഷങ്ങൾക്കുമുമ്പ് ക്ഷേത്രത്തിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന അവർണ്ണവിഭാഗത്തിലെ ഒരു സംഘം ചെറുപ്പക്കാർ, കാവിൽ പത്മനാഭൻ, എ.കെ. വേലു, എന്നിവരുടെ നേതൃത്വത്തിൽ സംഘടിക്കുകയും തേവരുനട സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിൽ പ്രവേശിച്ച് കൊടിമരത്തിൽ തൊട്ടുകൊണ്ട് ഒരു വിപ്ലവത്തിന് നാന്ദികുറിച്ചു. വിപ്ലവം നയിച്ചവർക്കെതിരെ കേസ് എടുക്കുകയും മർദ്ദനത്തിന് വിധേയരാക്കുകയും ചെയ്തു.

ഈഴവാദി പിന്നോക്കസമുദായങ്ങൾക്ക് ഹൈന്ദവ സ്കൂളുകളിൽ പ്രവേശനം നിഷേധിച്ചിരുന്ന കാലത്ത് അഞ്ചുതെങ്ങിൽ നിലവിലിരുന്ന ഇംഗ്ലീഷ് സ്കൂളുകളിലൂടെ ധാരാളം പേർ വിദ്യാഭ്യാസം നേടുകയും സമൂഹത്തിന്റെ മുൻനിരയിലേക്ക് ഉയർന്നുവരികയും ചെയ്തു. ഡി. ഐ. ജി., എ. എസ്.പി., രജിസ്ട്രാർ, പേഷ്കാർ, ലേബർ കമ്മീഷണർ, അഡ്വക്കേറ്റ്, തുടങ്ങി എല്ലാ മണ്ഡലങ്ങളിലും പ്രഗല്ഭർ അക്കാലത്ത് പഞ്ചായത്തിലുണ്ടായിരുന്നു.

സാമൂഹിക സാംസ്കാരിക, ചികിത്സ, വ്യവസായ രംഗങ്ങളിലും കടയ്ക്കാവൂരിന് തനതായ ഒരു പാരമ്പര്യമുണ്ട്. സ്വതന്ത്ര ഇന്ത്യയിൽ അംഗീകൃത തൊഴിലാളിപ്രസ്ഥാനങ്ങൾ ഉടലെടുക്കുന്നതിന് മുമ്പുതന്നെ പല തൊഴിലാളി സംഘടനകളും രൂപീകൃതമാവുകയും നല്ലരീതിയിൽ പ്രവർത്തിക്കുകയും ചെയ്തിരുന്നു. അതിൽ പ്രധാനപ്പെട്ടവ സ്വതന്ത്ര നാവിക തൊഴിലാളി യൂണിയൻ, നെയ്ത്തു തൊഴിലാളി യൂണിയൻ, കേരള കയർ വർക്കേഴ്സ് യൂണിയൻ, ചിറയിൻകീഴ് താലൂക്ക് സിനിമാ തൊഴിലാളി യൂണിയൻ തുടങ്ങിയവയായിരുന്നു. സഖാവ് സുകുമാരൻ, മുൻ മന്ത്രി ശ്രീ. കുഞ്ഞുരാമൻ, മുൻ എം.എൽ.എ.യു. ശ്രീ. നീലകണ്ഠൻ, തുടങ്ങിയവർ ഈ പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചവരാണ്.

കേരളത്തിൽ പ്രൊഫഷണൽ നാടകസംഘത്തിന് തുടക്കംകുറിക്കുന്നതും കടയ്ക്കാവൂരിൽനിന്നാണ്. ശ്രീ. കുഞ്ഞുകൃഷ്ണപണിക്കരുടെ നേതൃത്വത്തിൽ നടന്നിരുന്ന S.S. നടനസഭ (സഹൃദയ നന്ദിനിനടനസഭ)യിൽ സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതർ, അഗസ്റ്റിൻ ജോസഫ്, ഓച്ചിറ വേലുക്കുട്ടി, മാധവനാശാൻ, കൊച്ചുകൃഷ്ണനാശാൻ തുടങ്ങി അന്നത്തെ പ്രശസ്തരായ പല കലാകാരന്മാരും വരികയും നാടകപരിശീലനം നടത്തുകയും ചെയ്തിരുന്നു.

ചികിത്സാരംഗങ്ങളിൽ കാവുങ്ങൽ കൊച്ചുരാമൻവൈദ്യൻ, താഴത്തയിൽ കൃഷ്ണൻവൈദ്യൻ, കീഴാറ്റിങ്ങൽ തെങ്ങുവിള നീലകണ്ഠൻവൈദ്യൻ, തുടങ്ങിയ പ്രശസ്തരും പ്രഗല്ഭരുമായ ഭിഷഗ്വരന്മാർ നമ്മുടെ നാട്ടിന്റെ സംഭാവനകളായിട്ടുണ്ട്.

കയർ, കൊപ്ര തുടങ്ങിയ വ്യവസായങ്ങളിലും ഈ പ്രദേശം അക്കാലത്ത് മുൻപന്തിയിലായിരുന്നു. കടയ്ക്കാവൂരിന്റെ ഉല്പന്നമായ അഞ്ചുതെങ്ങ് കയർ ഇന്നും പ്രശസ്തമാണ്. മരുതുവിൽ കൊച്ചുപിള്ളമുതലാളി നടത്തിയിരുന്ന ചുടുകട്ട ഫാക്ടറി അക്കാലത്ത് പ്രശസ്തമായിരുന്നു. അഞ്ചുതെങ്ങ് കോട്ട, വർക്കല തുരപ്പ് തുടങ്ങിയവയുടെ നിർമ്മാണത്തിന് ഇവിടെനിന്നുള്ള ചുടുകട്ടയായിരുന്നു ഉപയോഗിച്ചത്.

സുപ്രസിദ്ധരായ ഫയൽമാന്മാരേയും കായികാഭ്യാസികളേയും കടയ്ക്കാവൂരിൽ കൊണ്ടുവന്ന് മത്സരങ്ങൾ നടത്തുക അക്കാലത്ത് പതിവായിരുന്നു. തിട്ടയിൽ ദാമോദരൻ ഫയൽവാനായിരുന്നു ഇതിന് നേതൃത്വം കൊടുത്തതിൽ പ്രമുഖൻ.

ഇന്നും പ്രഗല്ഭരും പ്രശസ്തരുമായ നിരവധി പേർ ഈ നാട്ടിലുണ്ട്. അന്താരാഷ്ട്ര അവാർഡുകൾ ഉൾപ്പെടെ നിരവധി അവാർഡുകൾ നേടിയിട്ടുള്ള ഡോക്ടർമാരും, എൻജിനീയർമാരും, കലാകാരന്മാരും, കായികാഭ്യാസികളും കടയ്ക്കാവൂരിലുണ്ട്.



# ഭൂപ്രകൃതിയും വിഭവങ്ങളും

*[അവലംബം: ലാന്റ് റിസോഴ്സ് ഓഫ് കേരള സ്റ്റേറ്റ്, വികസന സമീപനങ്ങൾ, റവന്യൂ രേഖകൾ, കൃഷിഭവൻ, പഠനപര്യടനം]*

## ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിനെ അഞ്ചായി തരംതിരിക്കാം. 1034 ഹെക്ടർ വിസ്തീർണ്ണമുള്ള പ്രദേശത്തിൽ 15.2% ഉയർന്ന പീഠഭൂമിയും 45% ചെരിവുള്ള ഭൂപ്രദേശവും 9.8% താഴ്ന്ന പ്രദേശവും (ഏലാ) 28% തീരസമതലവും 2% ചതുപ്പുനിലങ്ങളുമാകുന്നു.

## 1. ഉയർന്ന പീഠഭൂമി:

പാലാംകോണംകുന്നും (ചരുവിളകുന്ന്) ഇതിനെതിരായി വടക്കുകിഴക്ക് സ്ഥിതിചെയ്യുന്ന മാംഗ്ലാവ്കുന്നും 8-ാം വാർഡിൽ കുണ്ടുകുളത്തിനു സമീപം സ്ഥിതിചെയ്യുന്ന ഗുമസ്ഥൻകുന്നും ഇതിനടുത്തുള്ള കല്ലൂർകോണവും 6-ാംവാർഡിൽ ഉള്ള ഉയർന്ന ഭൂപ്രദേശങ്ങളും ഉയർന്ന പീഠഭൂമിയിൽ ഉൾപ്പെടുന്നു. പാലാംകോണം കുന്നിന് ഏകദേശം 50 മീറ്റർ ഉയരമുണ്ട്. തെങ്ങ്, കമുക്, കശുമാവ്, റബ്ബർ, മരച്ചീനി ഇവയാണ് പ്രധാന കൃഷികൾ. തികച്ചും മഴയെ ആശ്രയിച്ച് മാത്രം കൃഷിചെയ്യുന്നു. ഇവിടെ കിണറുകളിൽ വേനൽ തുടങ്ങുന്നതോടെ വെള്ളം വറ്റിത്തുടങ്ങും. ചരൽ ചേർന്ന ചുവന്ന മണ്ണാണ് സാധാരണ കാണുന്നത്. ഗുണനിലവാരം തീരെ കുറവല്ല. എട്ടാംവാർഡിൽ ഗുമസ്ഥൻകുന്നിനു സമീപത്തായി കല്ലിടാന്തികുന്നും 7-ാംവാർഡിൽ പേരാണം ഏലായോടു തൊട്ടടുത്തു കിടക്കുന്ന കല്ലുക്കടവ്കുന്നും വെറും പാറക്കെട്ട്പ്രദേശങ്ങളാണ്.

## 2. ചെരിവുപ്രദേശം

ഉയർന്ന പീഠഭൂമികളുടെ തുടർച്ചയായി സ്ഥിതിചെയ്യുന്ന കുത്തനെയുള്ള ചരിവുപ്രദേശങ്ങളും 4, 5, 9, 10 എന്നീ വാർഡുകളിലെ ഉയർന്ന ചരിവുള്ള പ്രദേശങ്ങളും മണ്ണൊലിപ്പുഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

ജലദൗർലഭ്യം രൂക്ഷമാണ്. എന്നാൽ ചരിവുള്ള പ്രദേശത്തെ മണ്ണിന്റെ ഗുണനിലവാരം മെച്ചപ്പെട്ടതാണ്. മറ്റു ജലസേചനസൗകര്യങ്ങൾ ഒന്നുംതന്നെയില്ലാത്തതിനാൽ കൃഷി മഴയെ ആശ്രയിച്ചുമാത്രം നടത്തുന്നു. തെങ്ങ്, കമുക്, റബ്ബർ എന്നീ ദീർഘകാലവിളകളും, കുരുമുളക്, മരച്ചീനി, വാഴ, ഇഞ്ചി, മഞ്ഞൾ, തുടങ്ങിയ വാർഷിക വിളകളും നെല്ല്, പയറ്, പച്ചക്കറികൾ തുടങ്ങിയ ഹ്രസ്വകാലവിളകളും സമൃദ്ധിയായി ഉണ്ടാകുന്നു.

## 3. താഴ്ന്നപ്രദേശങ്ങൾ

കുന്നുകളുടേയും കുന്നിൻചെരിവുകളുടേയും താഴെ നിരപ്പായി കിടക്കുന്ന ഭൂപ്രദേശമാണ് താഴ്വരകൾ (ഏലാ

കൾ). കടയ്ക്കാവൂരിലെ നെല്ലറകൾ എന്നു വിശേഷിപ്പിക്കാവുന്ന കീഴാറ്റിങ്ങൽ വില്ലേജിലെ പാടശേഖരങ്ങളാണ് താഴ്വരകളിൽ ഭൂരിഭാഗവും. നാല്, അഞ്ച്, പത്ത് എന്നീ വാർഡുകളിലും നാമമാത്രമായി നെൽപാടങ്ങൾ ഉണ്ട്.

കീഴാറ്റിങ്ങൽ വില്ലേജിൽ ഉൾപ്പെട്ട 6, 7, 8, 9 എന്നീ വാർഡുകളിലുള്ള ഏലാകളിലെ മണ്ണ് ഏറ്റവും ഉയർന്ന ഗുണനിലവാരം ഉള്ളതാണ്. കുന്നുകളിൽനിന്നും ചരിവുപ്രദേശങ്ങളിൽനിന്നും മഴക്കാലത്തു വെള്ളം ഒലിച്ചു നേരെ ഈ ഏലാകളിൽ നിറയുന്നതിനാൽ മണ്ണു ഫലഭൂയിഷ്ടമാകുന്നു. എക്കൽ ചേർന്ന കളിമണ്ണാണ് ഇവിടെ ഉള്ളത്. (Latarite Loam) ആധുനിക ശാസ്ത്ര സാങ്കേതിക പരിജ്ഞാനം ഉപയോഗിച്ചു കൃഷിചെയ്താൽ കീഴാറ്റിങ്ങൽ പാടശേഖരങ്ങളിലെ കൃഷികൊണ്ടു മാത്രം നമുക്കു സ്വയംപര്യാപ്തത നേടാം.

കീഴാറ്റിങ്ങൽ വില്ലേജിന്റെ അതിർത്തികളിൽക്കൂടി വാമനപുരം നദി ഒഴുകുന്നുണ്ടെങ്കിലും നദി കരയേക്കാൾ വളരെ താഴ്ന്നു സ്ഥിതിചെയ്യുന്നതിനാൽ ഇതിലെ വെള്ളം കൃഷിക്കുപയുക്തമല്ല. ഈ പ്രദേശത്തുള്ള ജലസ്രോതസ്സുകളും തോടുകളും വേനൽക്കാലത്തു വെള്ളം വറ്റുന്നവയാണ്. കുന്നിൻചരുവുകളിൽനിന്ന് മഴസമയത്ത് ഒലിച്ചുവരുന്ന വെള്ളം പാടശേഖരങ്ങളിലും തോടുകളിലുംകൂടി വാമനപുരം നദിയിൽ പതിക്കുന്നു. ആറാംവാർഡിൽനിന്ന് ആരംഭിക്കുന്ന ഇടയിൽകോട് ഏലാപ്പുറം ഏലാ 5, 9, 10 വാർഡുകൾ വരെ വ്യാപിച്ചുകിടക്കുന്നു. ഏഴാംവാർഡിലുള്ള കരിമ്പാല ഏലാ, പാലംകോണം ഏലാ, പേരാണം ഏലാ, മേലാറ്റിങ്ങൽ ഏലാ എന്നിവ കുടവൂർകോണം, പാലാംകോണം, ചെറുകരകോണം, കല്ലൂർകോണം എന്നീ നാലു കോണുകൾ വരെ വ്യാപിച്ചുകിടക്കുന്നു. 4-ാംവാർഡിൽ കരിയച്ചിറഭാഗത്ത് ഏകദേശം 5 ഏക്കർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ട്. വേനൽക്കാലത്തുപോലും കരിയാത്ത ചിറ ആയതിനാൽ ഇതിനെ "കരിയാച്ചിറ" എന്നു വിളിക്കപ്പെട്ടിരുന്നു. കരിയാച്ചിറ ലോഭിച്ച് "കരിയിച്ചിറ" ആയി. ഈ പ്രദേശത്തെ മണ്ണ് വളക്കൂറുള്ളതാണ്.

## 4. തീരസമതലം

സമുദ്രനിരപ്പിൽനിന്നും നാലഞ്ചു മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നതും അഞ്ചുതെങ്ങ് കായലിന്റെ തെക്കുകിഴക്കായി സ്ഥിതിചെയ്യുന്നതുമായ ഓരും ഉപ്പുരസവുമുള്ള മണൽ പ്രദേശമാണ് "തീരസമതലം". പ്രധാനമായി തെങ്ങുകൃഷിയാണ് ഇവിടെയുള്ളത്. അപൂർവ്വമായി മറ്റു കൃഷികളും ഇവിടെ ചെയ്യാറുണ്ട്. "കാറ്റുവീഴ്ച" ഇവിടെ മിക്ക സ്ഥലങ്ങളിലും വ്യാപിച്ചുകഴിഞ്ഞതിനാൽ തെങ്ങിന്റെ ഉല്പാദനക്ഷമത തീരെ കുറവാണ്. ശുദ്ധജലം ലഭിക്കുന്ന സ്ഥലവും ഇവിടുണ്ട്. കൊച്ചാർ-കടയ്ക്കാവൂർ തോട്, പാർവ്വതീപുരം-പുത്തനാറ്, വടതാഴി-വെട്ടുംപുറംതോട്, എന്നിവ പ്രധാനപ്പെട്ടവയാകുന്നു. ഇവിടെയുള്ള തോടുകളിലേയും കുളങ്ങളിലേയും വെള്ളം കൃഷിക്കനുയോജ്യമല്ല. ഈ പ്രദേശത്തെ തോടുകളിലും കുളങ്ങളിലും ജലനിർഗ്ഗമനസൗകര്യങ്ങളുണ്ടാക്കിയാൽ പല ഹ്രസ്വകാലവിളകളും ഇവിടെ ചെയ്യാവുന്നതാണ്. ഇവിടെയുള്ള ജലസ്രോതസ്സുകളിൽ അനുയോജ്യമായവയിൽ മത്സ്യകൃഷി, കക്കാകൃഷി, കൊഞ്ചുകൃഷി തുടങ്ങിയവ നടത്തുന്നതിന് സാദ്ധ്യതയുണ്ട്.

## 5. ചതുപ്പുനിലം

നാലാംവാർഡിൽ പോളച്ചിറയിലും കരിയാച്ചിറയിലും രണ്ടാംവാർഡിൽ തേവരുനടയുടെ ഭാഗത്തും 3-ാംവാർഡിൽ മാടൻനടയുടെ സമീപവും നാമമാത്രമായി ചതുപ്പുനിലങ്ങൾ ഉണ്ട്. ജലനിർഗ്ഗമന മാർഗ്ഗം ഉണ്ടാക്കിയാൽ നെൽകൃഷിക്ക് അനുയോജ്യമാക്കാം. കരിംചേണിയാണ് ഈ പ്രദേശത്തു കാണുന്നത്. പോളച്ചിറയിലും കരിയാച്ചിറയിലും രണ്ടു ശുദ്ധജലനീരുറവകൾ ഉണ്ട്. ഉറവകൾക്ക് ചുറ്റും മതിൽകെട്ടി വൃത്തിയാക്കിയാൽ വെള്ളം കുടിക്കുന്നതിനും കുളിക്കുന്നതിനും ഉപയോഗിക്കാം.

## കാർഷികമേഖല

സമുദ്രനിരപ്പിൽനിന്നുള്ള ഉയരം, വർഷപാതം, മൺതരം, ഭൂപ്രകൃതി എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തെ 12 കാർഷികകാലാവസ്ഥാ പ്രദേശങ്ങളായി വിഭജിച്ചിരിക്കുന്നു. കൂടാതെ വിവിധ നദീതീരങ്ങളിലായി ചിതറിക്കിടക്കുന്ന പ്രദേശത്തെ 13-ാമത് മേഖലയായും ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ തിരുവനന്തപുരം ജില്ല "തെക്കൻ ഇടനാട്" (Southern Midland zone) മേഖലയിൽ ഉൾപ്പെടുന്നു. സമുദ്രനിരപ്പിൽനിന്നും ഏകദേശം 500 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങൾ ഇതിൽ ഉൾപ്പെടും. ഇവിടെ കാലവർഷവും തുലാവർഷവും ഏകദേശം ഏകാത്മകമായി കിട്ടുന്നു. ഇവിടെയുള്ള മണ്ണ് "ബി സ്തരം വ്യക്തമല്ലാത്ത ലാറ്ററൈറ്റ്" (latarite without B Horizen) ആകുന്നു. നമ്മുടെ പഞ്ചായത്ത് "തെക്കൻ ഇടനാട്" മേഖലയിൽ ഉൾപ്പെട്ടതാണ്. തെങ്ങ്, നെല്ല്, മരച്ചീനി, കമുക് എന്നിവയാണ് പ്രധാന കൃഷികൾ.

പട്ടിക A1

**കാർഷിക കാലാവസ്ഥ–മേഖലകൾ**

| മേഖല | മേഖലയുടെ പേര് | വിസ്തീർണ്ണം ച: കി. മീ. | മുഖ്യവിളകൾ (നിലവിലുള്ളവ) |
|---|---|---|---|
| 1. | ഓണാട്ടുകര | 519 | നെല്ല്, തെങ്ങ്, മരച്ചീനി, കമുക് |
| 2. | തീരമണൽ | 1,564 | നെല്ല്, തെങ്ങ് |
| 3. | തെക്കൻ ഇടനാട് | 3,224 | നെല്ല്, തെങ്ങ്, മരച്ചീനി, കമുക്. |
| 4. | മധ്യ ഇടനാട് | 2,666 | നെല്ല്, തെങ്ങ്, കമുക്, വാഴ |
| 5. | വടക്കൻ ഇടനാട് | 3,765 | നെല്ല്, തെങ്ങ്, കമുക് |
| 6. | വടക്കൻ ഇടനാട് (മലപ്പുറം) | 4,254 | നെല്ല്, തെങ്ങ്, കശുമാവ്, കമുക് |
| 7. | മലയോരം | 8,361 | റബ്ബർ, തെങ്ങ്, കുരുമുളക് |
| 8. | പാലക്കാടൻ | 1,280 | നെല്ല്, പരുത്തി, നിലക്കടല, ചോളം |
| 9. | ചെവന്ന ലോം | 317 | നെല്ല്, തെങ്ങ്, മരച്ചീനി |
| 10. | ചിറ്റൂർ കരിമണ്ണ് | 506 | നെല്ല്, കരിമ്പ്, പരുത്തി, നിലക്കടല |
| 11. | കുട്ടനാട് | 284 | നെല്ല്, തെങ്ങ് |
| 12. | ഹൈറേഞ്ച് | 5,140 | ചായ, കാപ്പി, ഏലം, നെല്ല് |
| 13. | നദീതീരം | – | നെല്ല്, കരിമ്പ്, ഞങ്ങ്. |

കാർഷിക കാലാവസ്ഥാമേഖലകളായി തിരിക്കുന്നതിന് നിദാനമായിട്ടുള്ളത് പ്രധാനമായി നാലു ഘടകങ്ങളാണ്.

**A. സമുദ്രനിരപ്പിൽനിന്നുള്ള ഉയരമനുസരിച്ച്**

500 മീറ്റർ വരെ ടൈപ്പ് – I

1000 മീറ്ററിനുമേൽ ടൈപ്പ് – II

**B. മഴയുടെ വിതരണമനുസരിച്ച്:**

തിരുവനന്തപുരം ജില്ലയെപ്പോലെ കാലവർഷവും തുലാവർഷവും കിട്ടുന്ന ഏകാത്മക വിതരണം ടൈപ്പ് – I

കണ്ണൂർ ജില്ലയെപ്പോലെ ശക്തിയായ കാലവർഷവും നീണ്ട വരൾച്ചക്കാലവും ടൈപ്പ് – II

**C. മൺതരം**

I അലുവിയൽ II മണൽ III വ്യക്തമായ ദസ്തരമുള്ള ലാറ്ററൈറ്റ് IV B സ്തരം വ്യക്തമല്ലാത്ത ലാറ്ററൈറ്റ് V ചെമന്ന ലോം VI കറുത്ത മണ്ണ് VII പീറ്റുമണ്ണ്.

## D. ഭൂതലത്തിന്റെ നിമ്നോന്നത പ്രകൃതി

വിവിധ കാലാവസ്ഥകളിൽ എങ്ങനെ പ്രതിഫലിപ്പിക്കപ്പെടുന്നു എന്നത് താഴെക്കൊടുത്തിരിക്കുന്ന പട്ടികയിൽ കാണാം.

**പട്ടിക A2**

| മേഖല | മേഖലയുടെ പേര് | A ഉയരം | B മഴ | C മണ്ണ് | D ഭൂതലം |
|---|---|---|---|---|---|
| 1. | ഓണാട്ടുകര | I | I | II | I |
| 2. | തീരമണൽ | I | I | II | I |
| 3. | തെക്കൻ ഇടനാട് | I | I | IV | III |
| 4. | മധ്യ ഇടനാട് | I | I&II | III | IIa |
| 5. | വടക്കൻ ഇടനാട് | I | II | III | IIb |
| 6. | വടക്കൻ ഇടനാട് (മലപ്പുറം) | I | II | III | IIc |
| 7. | മലയോരം | I | I | IV | III |
| 8. | പാലക്കാടൻ | I | II | V | II |
| 9. | ചെവന്ന ലോം | I | I | V | III |
| 10. | ചിറ്റൂർ കറുത്ത മണ്ണ് | I | II | VI | IIa |
| 11. | കുട്ടനാട് | I | I | VII | I |
| 12. | ഹൈറേഞ്ച് | I | II | V | III |
| 13. | നദീതീര അലുവിയം | I | I | I | I |

### കാലാവസ്ഥ

കടയ്ക്കാവൂർ ഉൾപ്പെട്ട തിരുവനന്തപുരം ജില്ലയിൽ കാലവർഷവും തുലാവർഷവും ഏകാത്മകവിതരണരരീതിയിലാണ് ലഭിക്കുന്നത്. കാലവർഷത്തേക്കാൾ തുലാവർഷമാണ് സാധാരണയായി കൂടുതൽ ലഭിക്കുന്നത്. ജൂൺ മധ്യത്തോടുകൂടി കാലവർഷവും സെപ്തംബർ അവസാനത്തോടുകൂടി തുലാവർഷവും ലഭിക്കുന്നു. സാധാരണ ഏപ്രിൽ മാസത്തിൽ രണ്ടോ, മൂന്നോ ദിവസം ഇടമഴ ലഭിക്കുന്നതാണ്. തണുപ്പുകാലം ഡിസംബർ മധ്യത്തോടും വേനൽക്കാലം മാർച്ച് മധ്യത്തോടും ആരംഭിക്കുന്നു.

### മണ്ണ്

കാർഷിക മേഖലാ കാലാവസ്ഥയനുസരിച്ച് ഈ ഗ്രാപ്രദേശങ്ങളിലെ മണ്ണ് "ബി സ്തരം വ്യക്തമല്ലാത്ത ലാറ്ററൈറ്റാകുന്നു". എന്നാൽ വാർഡുകളിലെ ഗ്രാമസഭാറിപ്പോർട്ടുകളിലും പഠനപര്യടനറിപ്പോർട്ടുകളിലും താഴെ വിവരിക്കുന്ന രീതിയിൽ കാണുന്നു.

കീഴാറ്റിങ്ങൽ വില്ലേജിലുള്ള പുരയിടങ്ങളിൽ ചരൽ ചേർന്ന ചെമ്മണ്ണും പാടശേഖരങ്ങളിൽ എക്കൽ ചേർന്ന ചെമ്മണ്ണുമാകുന്നു. ഒന്നുമുതൽ മൂന്നുവരെ വാർഡുകളിലുള്ള പ്രദേശങ്ങളിൽ മണലും വെള്ളക്കെട്ടുള്ള ചതുപ്പു പ്രദേശങ്ങളിൽ കരിംചേണി ചേർന്ന മണ്ണും കാണുന്നു. നാലാംവാർഡിലും അഞ്ചാംവാർഡിലും ചരൽ ചേർന്ന ചെമ്മണ്ണും, ഒന്നുമുതൽ അഞ്ചുവരെയും പത്തും വാർഡുകളിൽ പൊതുവേ ഗുണനിലവാരം കുറവുള്ള മണ്ണുമാകുന്നു. എന്നാൽ 6 മുതൽ 9 വരെ വാർഡുകളിലെ മണ്ണ് ഏറ്റവും ഗുണനിലവാരം ഉള്ളവയാണ്. ഒന്നുമുതൽ മൂന്നുവരെയുള്ള വാർഡുകളിലെ മണ്ണിൽ ജൈവാംശം കുറവാണ്.

### ഭൂവിനിയോഗം

കടയ്ക്കാവൂരിലെ നെല്ലറയായ കീഴാറ്റിങ്ങൽ വില്ലേജിലാണ് ആൾപാർപ്പ് കൂടുതലുള്ളത്. ഏറ്റവും കൂടുതൽ ജനസംഖ്യയും ഏറ്റവും കൂടുതൽ കുടുംബവും ഏഴാംവാർഡിൽ തന്നെ. കൃഷിയും കാലിവളർത്തലുമാണ് കൂടുതൽ ഈ സ്ഥലങ്ങളിലുള്ളത്. കൂടുതൽ പാടശേഖരങ്ങൾ ഉള്ളതും വിവിധതരം വിളക്രമങ്ങൾ ഉള്ളതും കീഴാറ്റിങ്ങൽ വില്ലേജിലുള്ള ഭൂപ്രദേശത്താണ്. പ്രകൃതിദത്തമായ കുളങ്ങൾ, ചാലുകൾ, തോടുകൾ എന്നു മാത്രമല്ല വിവിധതരം ജൈവസമ്പത്തും ഈ പ്രദേശത്തെ സമ്പന്നമാക്കുന്നു. വിവിധതരം പക്ഷികൾ, അപൂർവ്വമായി കാണുന്ന ഔഷധസസ്യങ്ങൾ, ഹ്രസ്വകാല വിളകൾ, വാർഷികവിളകൾ, ദീർഘകാലവിളകൾ ഇവയെല്ലാംകൊണ്ട് ധന്യമാണ് ഇവിടം. ഏറ്റവും കുറഞ്ഞ ജനസംഖ്യ മൂന്നാംവാർഡിലാണ്.

ഭൂപരിഷ്കരണം വന്നതോടെ തുണ്ടുവൽക്കരണം നടന്നു. ഇക്കാരണത്താൽ ജലസ്രോതസ്സുകളുടെ വിസ്തീർണ്ണം കുറയുകയും കാർഷികയോഗ്യമല്ലാതാകുകയുംചെയ്തു. ജലസ്രോതസ്സുകളെ സംരക്ഷിക്കുവാൻ ജന്മിമാർ തയ്യാറല്ലാതെയായി. ഇപ്പോൾ അവ കാടുപിടിച്ച് ചുറ്റുമതിലുകൾ ഇടിഞ്ഞ് മണ്ണുവീണ് നികന്ന് നിർദ്ധനാവസ്ഥയിലാകുന്നു. പാർപ്പിടങ്ങൾ വർദ്ധിച്ചതിന്റെ ഫലമായി നീർച്ചാലുകളും തോടുകളും അടച്ചുകൊണ്ട് റോഡുകൾ നിർമ്മിക്കുവാൻ ആരംഭിച്ചു.

## ജൈവസമ്പത്ത്:

### സസ്യങ്ങൾ:

തുളസി, ചീലാന്തി, ചെമ്പരത്തി, പപ്പായ, ആത്തി, മുട്ടപ്പഴം, തെറ്റി, വേപ്പ്, പുന്ന, കടലാവണക്ക്, ശീമ കൊന്ന, മഞ്ഞനാത്തി.

### മൃഗങ്ങൾ:

പശു, എരുമ, കാള, പോത്ത്, ആട്, പന്നി, പട്ടി, പൂച്ച, മുയൽ തുടങ്ങിയവ.

### പക്ഷികൾ:

കോഴി, താറാവ്, കാട, വാങ്കോഴി, കൊക്ക്, ഇരണ്ട, തത്ത, മൈന, കാക്ക, കുയിൽ, ചിത്തിരപക്ഷി, പിണി, ചെമ്പോക്ക്, കുളക്കോഴി, കുരുവി തുടങ്ങിയവ.

### അപൂർവ്വ സസ്യങ്ങൾ:

നീലക്കൊടുവേലി, ആടലോടം, കരിനൊച്ചി, കൈതോന്നി, കൊക്കോ, മൾബറി, കുടംപുളി, ചന്ദനം, ജാതി, ഗ്രാമ്പ്, വയന, മഞ്ചാടി, കണിക്കൊന്ന, കൊടുവേലി, ഉമ്മം, കൂവളം, കുങ്കുമം തുടങ്ങിയവ.

### മനുഷ്യവിഭവം

1991ലെ റിസോഴ്സ് ഓഫ് കേരള കണക്കുപ്രകാരവും 1991-ലെ കാനേഷുമാരി കണക്കനുസരിച്ചും കടയ്ക്കാവൂർ പഞ്ചായത്തിലെ ആകെ ജനസംഖ്യ 23,037 ആണ്. ജനസംഖ്യാസാന്ദ്രത 2,217 ആകുന്നു. എന്നാൽ ചിറയിൻകീഴ് ബ്ളോക്കിലെ ജനസംഖ്യാസാന്ദ്രത 2051 ആണ്. ചിറയിൻകീഴ് ബ്ളോക്കിലെ ജനസംഖ്യാസാന്ദ്രതയേക്കാൾ ഈ പഞ്ചായത്തിലെ ജനസാന്ദ്രത കൂടുതലാണ്.





# വികസനമേഖലകൾ



## കൃഷിയും ജലസേചനവും

### കാർഷിക ചരിത്രം:

ഭൂപരിഷ്കരണം കേരളത്തിൽ പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് പഞ്ചായത്തിൽ ജന്മി കുടിയാൻ വ്യവസ്ഥിതി നിലനിന്നിരുന്നു. പാട്ടവ്യവസ്ഥയിൽ കുടിയാന്മാർ ജന്മിമാരുടെ പാടങ്ങളിൽ കൃഷിചെയ്തിരുന്നു. ലഭിക്കുന്ന ഉല്പന്നത്തിന്റെ നേർപകുതി ജന്മിമാർക്ക് കുടിയാന്മാർ പാട്ടമായി കൊടുക്കണം. ഒരു നിശ്ചിത അളവിൽ ജന്മിമാർക്ക് പാട്ടം നൽകണമെന്ന വ്യവസ്ഥയും നിലവിലുണ്ടായിരുന്നു.

കേരളത്തിൽ 1957–ൽ ഭൂപരിഷ്കരണനിയമം പ്രാബല്യത്തിൽ വന്നു. "കൃഷി ഭൂമി കർഷകന്" എന്ന നിയമം പ്രാബല്യത്തിൽ വന്നതോടെ പഞ്ചായത്തിലും തുണ്ടുവൽക്കരണം ആവിർഭവിച്ചു. അതിന്റെ ഫലമായി ജന്മിമാർക്ക് നിരാശാബോധം ഉണ്ടാവുകയും കാർഷിക കാര്യത്തിൽ താല്പര്യം ഇല്ലാതാകുകയും ചെയ്തു.





## പട്ടിക A 4

## വിളചേരുവയും ഉൽപ്പാദനക്ഷമതയും

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 92 ഹെക്ടർ | 202,400 കിലോ | 2,200 കി./ഹെക്ടർ |
| നെല്ല് (രണ്ടാംവിള) | 92 " | 212.520 " | 2,310 " " |
| നെല്ല് (മൂന്നാംവിള) | ഇല്ല | ഇല്ല | ഇല്ല |
| പയർ | 10 ഹെക്ടർ | 10,340 കിലോ | 1034 കി./ഹെക്ടർ |
| എള്ള് | 2 " | 750 " | 375 " " |
| പച്ചക്കറികൾ | 15 " | 3,750 " | 250 " " |
| തെങ്ങ് | 810 " | 48,60000 എണ്ണം | 6000 എണ്ണം/ഹെക്ടർ |
| വാഴ | 15 " | 150,000 കിലോ | 10,000 കി./ഹെക്ടർ |
| മരച്ചീനി | 70 " | 1,260 ടൺ | 18 ടൺ/ഹെക്ടർ |
| കുരുമുളക് | 5 " | 10,000 കിലോ | 2000 കി./ഹെക്ടർ |
| പ്ലാവ് | 1 " | 15 ടൺ | 15 ടൺ./ഹെക്ടർ |
| കശുമാവ് | 1 " | 700 കിലോ | 700 കി./ഹെക്ടർ |
| മറവ് | 1 " | 4000 കിലോ | 4000 കി./ഹെക്ടർ |
| റബ്ബർ | 10 " | 15,500 കിലോ | 1550 കി./ഹെക്ടർ |
| കവുങ്ങ് | 2 " | 8,000 കിലോ | 4000 കി./ഹെക്ടർ |

എല്ലാ മേഖലകളിലും ഉല്പാദനക്ഷമത കുറവായി കാണുന്നു.

### ഉല്പാദനക്ഷമതയെ പ്രതികൂലമാക്കുന്ന വിവിധ ഘടകങ്ങൾ

1. തുണ്ടുവൽക്കരണംമൂലമുള്ള ഉല്പാദനക്ഷമത കുറവ്.
2. അത്യുല്പാദനശേഷിയുള്ള വിത്തുകൾ തെരഞ്ഞെടുക്കുന്നതിൽ വരുന്ന പാളിച്ചകൾ.
3. ക്രമരഹിതമായ വളപ്രയോഗവും കീടനാശിനിപ്രയോഗവും.
4. വളത്തിന്റെ വില കൂടുതൽ.
5. കർഷകത്തൊഴിലാളികളുടെ കുറവും കൂലിക്കൂടുതലും.
6. ജലസേചനസൗകര്യം ഇല്ലായ്മ.
7. ബോധവൽക്കരണക്ലാസുകളുടെ അഭാവം.

### ജലസേചനസൗകര്യങ്ങൾ

**വാർഡ് I**

ഈ പ്രദേശത്ത് കുളങ്ങൾ ഇല്ല. കൊച്ചാർ, പുത്തനാർ എന്നീ തോടുകൾ ഈ വാർഡിൽക്കൂടി ഒഴുകുന്നു. ഓരുവെള്ളമായതിനാൽ കൃഷിക്കുപയുക്തമല്ല.

**വാർഡ് II**

ഈ പ്രദേശത്ത് അയ്യംകുളം, തേവരുകുളം എന്നിവയുണ്ട്. അയ്യംകുളത്തിലെ വെള്ളം കൃഷിക്കുപയുക്തമല്ല. മീനാംകുഴിതോട് വാർഡിൽക്കൂടി ഒഴുകുന്നു. മണ്ണ് ഈർപ്പമുള്ളതും ഓരുള്ളതുമാണ്.

**വാർഡ് III**

വടതാഴിതോട്, പറമ്പിൽതോട്, വെട്ടുംപുറംതോട്, ശങ്കരംതാഴത്തുതോട്. ശങ്കരംതാഴം, കൊച്ചുകടമംഗ്ലാവ് കുളങ്ങൾ.

തോടുകളിലേയും കുളങ്ങളിലേയും വെള്ളം കൃഷിക്കുയോജിച്ചതല്ല.

**വാർഡ് IV**

ശാസ്താംനട കുളവും പോളച്ചിറകുളവും ഈ പ്രദേശത്തുണ്ട്. കരിയിച്ചിറതോടും കടയ്ക്കാവൂർ സർക്കാർ തോടും ഈ ദേശത്തുകൂടി ഒഴുകുന്നു.

### വാർഡ് V

അഞ്ചാം വാർഡിൽ വാവർകോണത്തിൽനിന്നും ആരംഭിക്കുന്ന തോടുണ്ട്. ഇത് ആറാംവാർഡിലെ ഇടയിൽകോട്, ഏലാപ്പുറംതോട്ടിൽ ചേരുന്നു. ഈ പ്രദേശത്ത് കുളം ഇല്ല.

### വാർഡ് VI

ഇടയിൽകോട് കുളം, തൊപ്പികുളം,ഇടയിൽകോട് വലിയകുളം തുടങ്ങിയ നാല് ശുദ്ധജലകുളങ്ങൾ ഈ പ്രദേശത്തുണ്ട്. ഇടയിൽകോട് ഏലപ്പുറംതോട് ഈ പ്രദേശത്തുകൂടി ഒഴുകുന്നു.

### വാർഡ് VII

കുടവൂർകോണം കുളം, വൈക്കോട്ട്കോണം കുളം, കല്ലൂർക്കോണം കുളം, കോണത്തുകുളം എന്നീ കുളങ്ങൾ ഈ പ്രദേശത്തുണ്ട്. കൂടാതെ നാല് തോടുകൾ പാടശേഖരങ്ങളിൽക്കൂടി ഒഴുകുന്നുണ്ട്.

കോണത്തുതോട്, പുല്ലൂർ ചിറ-കുടവൂർകോണം, കല്ലൂർകോണം തോട്, വൈക്കോട്ട്കോണം തോട്, പാലാംകോണം-കടമ്പറകോണം തോട് എന്നിവയാണ് ഇവ.

### വാർഡ് VIII

കുണ്ടുകുളം, ശങ്കരമംഗലം കുളം, ചിറയ്ക്കരൊട്ടു കുളം, താമരകുളം അത്തിയരകോണം കുളം, പറമ്പിൽകുളം, കോടിയേറ്റ് കുളം, കൈപ്പഴികുളങ്ങൾ എന്നിങ്ങനെ പത്തോളം കുളങ്ങൾ എട്ടാംവാർഡിലുണ്ട്. ഈ വാർഡിൽകൂടി രണ്ട് തോടുകൾ ഒഴുകുന്നുണ്ട്.

### വാർഡ് IX

പ്രധാനമായും രണ്ട് കുളങ്ങൾ ഈ പ്രദേശത്തുണ്ട്. ആശാരികുളം, കുളപ്പാട്ടം ഏലാതോട് തുടങ്ങിയ ജലസ്രോതസുകൾ ഈ പ്രദേശത്തുണ്ട്.

### വാർഡ് X

മുളക്കോട്ടുകുളം, പുടിക്കോണംകുളം എന്നിവ ഈ പ്രദേശത്തുള്ളതാണ്.

## നദികൾ:

വാമനപുരം നദി പഞ്ചായത്തിലെ 7,8,9,10 എന്നീ വാർഡുകളുടെ അതിർത്തിപ്രദേശങ്ങളിൽക്കൂടി ഒഴുകുന്നുണ്ട്. നദി വളരെ താഴ്ന്നു സ്ഥിതിചെയ്യുന്നതിനാൽ നദിയിലെ ജലം കൃഷിക്ക് പ്രയോജനപ്പെടുന്നില്ല.

### കിണർ:

പൊതു ജലസേചന കിണറുകളോ കുഴൽകിണറുകളോ പറമ്പുകളിൽ ജലസേചനം നടത്താനുള്ള മറ്റു സംവിധാനങ്ങളോ ഒന്നുംതന്നെ ഇല്ല. വേനൽക്കാലത്ത് ഒന്നുമുതൽ മൂന്നുവരെ വാർഡുകൾ ഒഴികെയുള്ള എല്ലാ പ്രദേശങ്ങളിലേയും കിണറുകൾ വറ്റുന്നു.

## ഉല്പന്നങ്ങളുടെ വിലയും വിപണനവും:

അഞ്ചാം വാർഡിൽ ഉദ്ദേശം 35 വർഷങ്ങൾക്കു മുമ്പ് ഒരു നാളികേര മാർക്കറ്റിംഗ് സൊസൈറ്റി ഉണ്ടായിരുന്നു. കാര്യക്ഷമമായ പ്രവർത്തനം ഇല്ലാതിരുന്നതിനാൽ സൊസൈറ്റിവക വസ്തുവും കെട്ടിടവും ലേലംചെയ്യുകയുണ്ടായി. ഇപ്പോൾ ഇവിടത്തെ പ്രധാന ഉല്പന്നങ്ങളായ തേങ്ങയും അടയ്ക്കയും കുരുമുളകും മരച്ചീനിയും നെല്ലുമെല്ലാം പ്രാദേശിക ചന്തകളിലും സ്വകാര്യവ്യക്തികൾക്കും വിപണനം ചെയ്തുവരുന്നു. ആയതിനാൽ യഥാർത്ഥ വിലയുടെ ഒരു പങ്ക് ഇടത്തട്ടുകാർ ചൂഷണംചെയ്യുന്നു.

കടയ്ക്കാവൂർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ അഞ്ചു വർഷങ്ങൾക്കു മുമ്പ് കൊപ്ര ശേഖരിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ ആ പ്രവർത്തനം ഇല്ല.

## കാർഷിക ബന്ധങ്ങൾ:

ഈ പഞ്ചായത്തിൽ തുണ്ടുവൽക്കരണം ഉടനീളം കാണാം. കൃഷിഭവൻ രേഖകളനുസരിച്ച് ഒന്നുമുതൽ നാലു ഹെക്ടർവരെ ഭൂമിയുള്ള കർഷകർ 73 ആകുന്നു. ഒരു ഹെക്ടറിന് താഴെ ഭൂമിയുള്ള കർഷക കുടുംബങ്ങൾ 7204 ആണ്. പഞ്ചായത്തിൽ 982 കർഷക തൊഴിലാളികൾ ഉണ്ട്. സ്വയം പണിയെടുക്കുന്ന കർഷകർ വളരെ കുറവാണ്. കാർഷിക മേഖലയിൽ കൂട്ടായ്മ ഇല്ല.

## കൂലി വ്യവസ്ഥകൾ:

വാർഡ് നിലവാരത്തിൽ പരിശോധിക്കുമ്പോൾ ജോലിചെയ്യുന്ന സമയത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത കൂലിനിരക്കുകൾ നിലവിലുണ്ട്. മിക്കവാറും എല്ലാ ജോലികളുടേയും അടിസ്ഥാനകൂലി ഒന്നുതന്നെ. കീടനാശിനി തളിക്കുന്നതിന് തെങ്ങ് ഒന്നിന് പത്ത് രൂപാ നിരക്ക്. തേങ്ങാ ഇടുന്നതിന് സാധാരണ 100 തേങ്ങയ്ക്ക് 12 എണ്ണം. അധികമായി ഏണിതേങ്ങാ, ഇരുപ്പുതേങ്ങാ ഇനത്തിൽ തേങ്ങയുംകൂടി കൊടുക്കുന്നുണ്ട്. ചിലയിടത്ത് തെങ്ങൊന്നിന് അഞ്ചുരൂപാ നിരക്കും ഉണ്ട്.

| വാർഡ് നമ്പർ | പണിയെടുക്കുന്ന സമയം | പുരുഷൻ കൂലിനിരക്ക് Rs. | സ്ത്രീ കൂലിനിരക്ക് Rs. | റിമാർക്ക് |
|---|---|---|---|---|
| I | 8 AM - 4 PM | 100 | 70 | ഒരു മണിക്കൂർ ഭക്ഷണസമയം (ഇടവേള) |
| II | " | 85 | 75 | |
| III | " | 90 | 65 | |
| IV | " | 90 | 65 | |
| V | " | 80 | 70 | |
| VI | " | 75 | 60 | ഒരു നേരത്തെ ആഹാരംകൂടി കൊടുക്കണം |
| VII | " | 70 | 50 | |
| VII | " | 75 | 50 | |
| IX | " | 75 | 50 | |
| X | " | " 65 | " 40 | |

1996 നവംബർ മാസം മുതൽ ഈ നിരക്കിൽ അഞ്ചുമുതൽ 10 രൂപവരെ വ്യത്യാസം വന്നിട്ടുണ്ട്. പതിവായി ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ഉത്സവബത്തയായി 300 രൂപ ലഭിക്കുന്നുണ്ട്.

### വള ഉപഭോഗം:

സാധാരണയായി കർഷകർ ജൈവവളവും രാസവളവും ഉപയോഗിച്ചുവരുന്നുണ്ട്. എന്നാൽ ജൈവവളത്തെക്കാൾ രാസവളവും കീടനാശിനികളുമാണ് ഇപ്പോൾ കൂടുതൽ ഉപയോഗിക്കുന്നത്. പരമ്പരാഗത കീടനാശിനി പ്രയോഗം നിലവിലില്ല. കടയ്ക്കാവൂർ, വക്കം എന്നീ സ്ഥലങ്ങളിലെ സംഘങ്ങൾ മുഖേനയും ഒരു സ്വകാര്യ വ്യക്തി മുഖേനയും കീടനാശിനി വിതരണം ചെയ്തു വരുന്നു. കൃഷിഭവനിലെ പെർമിറ്റ്പ്രകാരം കരക്കൃഷിക്കുമാത്രം സബ്സിഡി റേറ്റ് വിതരണം ചെയ്യുന്നു. ജൈവവള ഉല്പാദന കേന്ദ്രമോ വിൽപ്പനകേന്ദ്രമോ ഇവിടെയില്ല. ചില സ്വകാര്യ വ്യക്തികളിൽനിന്ന് ചാണകം വിലയ്ക്ക് ലഭിക്കും. കർഷകർ പരമ്പരാഗതരീതിയിലുള്ള കൃഷിസമ്പ്രദായം പാടേ ഉപേക്ഷിച്ചിരിക്കുന്നു.

### രാസവള - കീടനാശിനി വിപണനം

| സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | കി. ഗ്രാം | ദ്രവം | വരം | കി. ഗ്രാം | ദ്രവം | വരം | കി. ഗ്രാം | ദ്രവം | വരം |
| സഹകരണം | ഇല്ല | ഇല്ല | ഇല്ല | 17375 | | | 15375 | | |
| സ്വകാര്യം | ഇല്ല | ഇല്ല | ഇല്ല | 480 | | 14 | 915 | 12Kg | 7 |




MASS
AUDITORIUM

## ജലസേചനസംവിധാനങ്ങൾ

കടയ്ക്കാവൂർ കൃഷിഭവൻ മുഖേന ഒരു റോക്ക് സ്പ്രേയർ, ഒരു നാപ്സ്റ്റിക് സ്പ്രേയർ, തെങ്ങുകയറ്റ യന്ത്രം എന്നിവ കർഷകർക്ക് സബ്സിഡി റേറ്റിൽ വിതരണം ചെയ്യുന്നു.

### നടീൽവസ്തുവിവരണം

| ഇനം | | എണ്ണം | |
|---|---|---|---|
| | 1993-94 | 1994-95 | 1995-1996 |
| തെങ്ങ് | 600 | 100 | 1173 |
| നെൽവിത്ത് | 700 | 400 | 700 |
| പേര | 10 | 10 | - |
| വാഴ | 1200 | 100 | 1600 |
| വടകംപുളി | 20 | 10 | - |
| കുരുമുളക് | 14000 | 700 | 4575 |
| ജാംമ്പ | 26 | 55 | 27 |
| കവുങ്ങ് | 100 | 20 | - |
| ജാതി | 15 | 10 | 4 |
| ചെറി | 15 | 10 | 4 |
| പ്ലാവ് | 140 | 5 | 12 |
| മാവ് | 100 | - | 12 |
| ഗ്രാമ്പൂ | 30 | 50 | - |
| പൈനാപ്പിൾ | 50 | - | 40 |
| കുറ്റിമുല്ല | - | 100 | - |
| കറിനാരങ്ങ | 60 | - | 4 |
| സപ്പോട്ട | - | 12 | - |
| പപ്പായ | - | - | 10 |
| അഗസ്തി ചീര | - | - | 10 |
| ഓറഞ്ച് | - | 10 | - |
| വെജി. സീഡ് (മുളക്, ചീര, വെണ്ട പയർ, പാവൽ, പടവലം etc. | 2511 | 1518 | 1064 |

## പ്രശ്നങ്ങൾ:

1. I, II, III, IV, V, X എന്നീ വാർഡുകളിലെ മണ്ണിന്റെ ഗുണനിലവാരം പൊതുവേ കുറവ്.
2. VI, VII, VIII, IX എന്നീ വാർഡുകൾ പൊതുവേ ചരിവുള്ള പ്രദേശമായതിനാൽ മണ്ണുസംരക്ഷണവും ജലസംരക്ഷണവും തൃപ്തികരമല്ല.
3. IV മുതൽ X വരെയുള്ള വാർഡുകളിൽ മണ്ണൊലിപ്പ് അതിരൂക്ഷം. (ഏറ്റവും കൂടുതൽ VI മുതൽ X വരെ)
4. ജലസേചന സൗകര്യം വളരെ അപര്യാപ്തം.
5. ചതുപ്പുനിലങ്ങളിൽ ജലനിർഗമന മാർഗ്ഗങ്ങൾ ഒന്നും തന്നെയില്ല.
6. രാസവളങ്ങൾ പ്രയോഗിക്കുന്നതിനനുസൃതമായി ജൈവവളങ്ങൾ ഉപയോഗിക്കാത്തതിനാൽ മണ്ണ് മരിച്ചുകൊണ്ടിരിക്കുന്നു.
7. തുണ്ടുവൽക്കരണവും അതിർത്തികളിൽ മതിലുകളും വന്നതോടുകൂടി സസ്യവേലികൾ അപ്രത്യക്ഷമായി. ആയതിനാൽ മണ്ണിൽ ജൈവാംശം കുറഞ്ഞുകൊണ്ടിരിക്കുന്നു.
8. അത്യുല്പാദനശേഷിയുള്ള വിത്തുകൾ തിരഞ്ഞെടുക്കുവാൻ കർഷകർ ശ്രദ്ധിക്കാറില്ല. പര്യാപ്തമായ അളവിൽ വിത്തുകൾ ലഭിക്കുന്നുമില്ല.
9. മണ്ണുസംരക്ഷണം, ഭൂവിനിയോഗം, വിളസംവിധാനം, ജലസങ്കേത വികസനം, ജലനിർഗ്ഗമനം, വിളപരിപാലനം തുടങ്ങി കാർഷികോല്പാദനത്തെ പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനിക്കുന്ന മേഖലകളെക്കുറിച്ച് കർഷകർ ബോധവാന്മാരല്ല.
10. ആധുനിക കീടനാശിനികളും രാസവളങ്ങളും കൂടുതൽ ഉപയോഗിക്കുന്നതിനാൽ ഉല്പന്നങ്ങളിൽ വിഷാംശം ബാധിക്കുന്നു.
11. ആവശ്യമുള്ള കർഷകതൊഴിലാളികൾ ഇല്ല. ഉള്ളവർക്ക് കൂലി കൂടുതൽ.
12. ജൈവവളങ്ങൾക്കും രാസവളങ്ങൾക്കും വില കൂടുതൽ.
13. കൃഷിഭവനിൽനിന്നും വേണ്ടത്ര പണിയായുധങ്ങൾ സബ്സിഡി റേറ്റിൽ ലഭിക്കുന്നില്ല.
14. പരമ്പരാഗത കൃഷിസമ്പ്രദായങ്ങളും കീടനാശിനികളും ആധുനിക ശാസ്ത്രസാങ്കേതിക പരിജ്ഞാനം അനുസരിച്ച് വികസിപ്പിച്ചെടുക്കുന്നില്ല.
15. കൃഷിഭവനിൽനിന്നും പ്രതീക്ഷയ്ക്കൊത്ത സാങ്കേതിക സഹായം ലഭ്യമല്ല.
16. പരമ്പരാഗത ജലസ്രോതസ്സുകൾ മണ്ണൊലിപ്പിനാൽ നികന്നുപോയിരിക്കുന്നു.
17. കർഷകന് കൃഷിഭൂമിയുമായി ഉള്ള ബന്ധം കുറഞ്ഞു വരുന്നു.
18. ഗ്രൂപ്പ് ഫാമിംഗ്, കൂട്ടുകൃഷി എന്നിവയെസംബന്ധിച്ച് കർഷകർക്ക് വേണ്ടത്ര ബോധവൽക്കരണം ലഭിക്കുന്നില്ല.
19. കൃഷികാര്യങ്ങളിൽ കൂട്ടായ്മയുടെ അഭാവം.
20. കർഷകർക്ക് വേണ്ടത്ര സാമ്പത്തിക സഹായം കുറഞ്ഞ പലിശനിരക്കിൽ ബാങ്കുകളിൽനിന്നും ലഭ്യമല്ല.
21. ഉല്പന്നങ്ങൾ വാങ്ങുന്നതിനും സംസ്കരിക്കുന്നതിനും വിപണനംചെയ്യുന്നതിനും യാതൊരുവിധമായ സംവിധാനങ്ങളും ഈ പഞ്ചായത്തിൽ ഇല്ല.
22. കർഷകരെ ബോധവാന്മാരാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ ക്ലാസുകളോ, സെമിനാറുകളോ, കാർഷിക മേളകളോ നടക്കുന്നില്ല.
23. കൂലിവാങ്ങി പണിയെടുക്കുന്ന കർഷകതൊഴിലാളികൾക്ക് കൃഷിയിലുള്ള താല്പര്യക്കുറവ്.
24. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ കൃഷിവേലകളിൽ നിന്നും അകന്നുകഴിയുന്നു.
25. തോടുകളിൽ ക്രോസ് ബാറുകളോ ചീർപ്പുകളോ ഇല്ല.
26. കൃഷിച്ചെലവിന്റെ അടിസ്ഥാനത്തിൽ ഉല്പാദനക്ഷമത വർദ്ധിക്കാത്തതുകാരണം പാടങ്ങൾ നികത്തുന്നു.
27. കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില കർഷകന് ലഭിക്കുന്നില്ല.
28. കാറ്റുവീഴ്ചരോഗം തെങ്ങുകൃഷിയെ തളർത്തുന്നു.

## നിർദ്ദേശങ്ങളും സാദ്ധ്യതകളും പരിഹാരമാർഗ്ഗങ്ങളും

1. നിലവിലുള്ള ശുദ്ധജല സ്രോതസ്സുകൾ ജനപങ്കാളിത്തത്തോടെ പുനരുദ്ധരിച്ചാൽ പൊതുവേ ചരിവുള്ള പ്രദേശങ്ങളിൽ ജലസേചനസൗകര്യം മെച്ചപ്പെടും.
2. ജലസ്രോതസ്സുകൾ, തോടുകൾ, നീർചാലുകൾ ഇവ പുനരുദ്ധരിച്ചാൽ കീഴാറ്റിങ്ങൽ വില്ലേജിലെ പാടശേഖരങ്ങളിൽ മൂന്നാംവിളയ്ക്ക് സാദ്ധ്യതയേറുന്നു.
3. പച്ചക്കറി, പയറുവർഗ്ഗങ്ങൾ, മരച്ചീനി, മധുരക്കിഴങ്ങ്, കൂവക്കിഴങ്ങ് തുടങ്ങിയ ഹ്രസ്വകാലവിളകൾ ആരംഭിക്കുവാൻ സാധിക്കും.

**കാറ്റുവീഴ്ചരോഗത്തിന്റെ വാർഡ്തലവിവരണം**

Ward wise details of coconut Root wilt SurveyKrishi bhavan Kadakkavur.

| Ward | Root Wilt Free | Disease earlier | Disease advance | Total |
|---|---|---|---|---|
| I | 22357 | 926 | 735 | 24018 |
| II | 11935 | 3685 | 364 | 15984 |
| III | 14929 | 1052 | 1093 | 17074 |
| IV | 12073 | 521 | 444 | 13038 |
| V | 18726 | 454 | 94 | 19274 |
| VI | 16348 | 158 | 77 | 16583 |
| VII | 15035 | 583 | 74 | 15694 |
| VIII | 10002 | 372 | 67 | 10441 |
| IX | 19537 | 822 | 138 | 20497 |
| X | 16429 | 566 | 87 | 17082 |
| Total | 1,57,371 | 9,141 | 3,173 | 1,69,685 |

4. ചരിവുപ്രദേശങ്ങളെ തട്ടുകളാക്കി മണ്ണും, ജലവും സംരക്ഷിക്കുകയും രാമച്ചം, പുല്ല്, ഇവ വച്ചുപിടിപ്പിച്ച് മണ്ണൊലിപ്പ് തടയുക.

5. കീഴാറ്റിങ്ങൽ വില്ലേജിലെ പീഠഭൂമികളിൽ കശുമാവ്, റബ്ബർ തുടങ്ങിയ ദീർഘകാലവിളകൃഷി ആരംഭിക്കുക. ഔഷധസസ്യ ചെടികൾ, മറ്റു പഴവർഗ്ഗങ്ങൾ തുടങ്ങിയവ ഇവിടെ കൃഷിചെയ്യാൻ സാദ്ധ്യതയുണ്ട്.

6. VII, VIII വാർഡുകളിൽ തരിശ്ശായ ഭൂമിയുണ്ട്. അവ പാട്ടത്തിനെടുത്ത് സഹകരണാടിസ്ഥാനത്തിൽ വാർഷിക വിളകളും ദീർഘകാല വിളകളും ആരംഭിക്കുക.

7. കീഴാറ്റിങ്ങൽ വില്ലേജിലെ കുന്നിൻപ്രദേശങ്ങളേയും ചരിവുപ്രദേശങ്ങളേയും നീർമറിപ്രദേശത്തിൽ ഉൾപ്പെടുത്തി കാലാവസഥയ്ക്കും ഭൂപ്രകൃതിക്കും വിധേയമായിട്ടുള്ള കാർഷികവിളക്രമങ്ങൾ രൂപപ്പെടുത്തുക. ഇങ്ങനെ ഉല്പാദനക്ഷമത ഉയർത്താം.

8. കീഴാറ്റിങ്ങൽ വില്ലേജിന്റെ അതിർത്തികളിൽക്കൂടി ഒഴുകുന്ന വാമനപുരം നദിയിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയോ, മൈനർ ഇറിഗേഷൻ പദ്ധതിയോ മുഖേന ജലസേചനസൗകര്യം മെച്ചപ്പെടുത്തിയാൽ ഇന്നുള്ള ഉല്പാദനക്ഷമത പതിന്മടങ്ങ് വർദ്ധിപ്പിക്കാം.

9. ജലസേചനം മെച്ചപ്പെടുത്തിയാൽ കുന്നിൻചെരിവുകളിലും പീഠഭൂമികളിലും ഉള്ള തെങ്ങിൻതടങ്ങളുടെ ചുറ്റാകെ വാർഷികവിളകളും ഹ്രസ്വകാല വിളകളും കൃഷിചെയ്യാം.

10. ചരിവുപ്രദേശങ്ങളിൽ പൈനാപ്പിൾ, കുറ്റിമുല്ല, രാമച്ചം എന്നിവ കൃഷിചെയ്യാൻ കർഷകർക്ക് ധനസഹായം നൽകുക.

11. ജലസേചനസൗകര്യമുള്ള സ്ഥലങ്ങളിൽ യൂണിറ്റടിസ്ഥാനത്തിൽ പച്ചക്കറിവിത്തും വളങ്ങളും സൗജന്യമായി നൽകിക്കൊണ്ട് കൃഷിഭവന്റേയും വികസനസമിതികളുടേയും സഹായത്തോടെ അടുക്കളത്തോട്ടങ്ങൾ ആരംഭിക്കുക.

12. നാട്ടുകാർ കയ്യേറിവച്ചിരിക്കുന്ന ഭൂമി നിയമാനുസരണം തിരികെവാങ്ങി യൂണിറ്റടിസ്ഥാനത്തിൽ കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയവ കൃഷി ആരംഭിക്കുക.

13. പാടശേഖരങ്ങളും മറ്റും നികത്തുന്നതിനെതിരെ നിയമനിർമ്മാണവും സാമൂഹിക സമ്മർദ്ദവും ചെലുത്തുക.

14. അത്യുല്പാദനശേഷിയുള്ള വിത്തുകൾ കുറഞ്ഞവിലക്ക് കർഷകർക്ക് ലഭ്യമാക്കുക.

15. കാർഷിക പണികൾക്കാവശ്യമുള്ള പണിയായുധങ്ങളും സ്പ്രെയറുകളും കുറഞ്ഞനിരക്കിൽ വാടകയ്ക്ക് കൃഷിഭവൻ മുഖേന ലഭ്യമാക്കുക.

16. കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്തുതലത്തിലും സർക്കാർതലത്തിലും താങ്ങുവിലകൾ നിശ്ചയിക്കുക.

17. സഹകരണാടിസ്ഥാനത്തിൽ കാർഷിക ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും സംസ്കരണംനടത്തുന്നതിനും വിപണനംനടത്തുന്നതിനും വേണ്ട സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

18. നാളികേരം, മരച്ചീനി, പഴവർഗ്ഗങ്ങൾ തുടങ്ങിയ ഉല്പന്നങ്ങൾ സംസ്കരിച്ച് വിവിധ ഉല്പന്നങ്ങളാക്കി കയറ്റുമതിയെ പ്രോത്സാഹിപ്പിക്കുക.

19. എല്ലാ വാർഡുകളിലേയും രോഗബാധിത തെങ്ങുകളെ മുറിച്ച്മാറ്റി പകരം പുതിയ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് കർഷകന് സഹായം നൽകുക.

20. മണൽപ്രദേശങ്ങളായ ഒന്നുമുതൽ മൂന്ന്വരെ വാർഡുകളിൽ സസ്യവേലികൾ വച്ചുപിടിപ്പിച്ച് ജൈവാംശം കൂട്ടുന്നതിന് വേണ്ട ധനസഹായം നൽകുക.

21. ചതുപ്പുസ്ഥലങ്ങളെ, ജലനിർഗ്ഗമനമാർഗ്ഗം ഉണ്ടാക്കി നെൽകൃഷി, കക്കാ, കൊഞ്ച്, നത്തക്കാ എന്നിവ കൃഷിചെയ്യുന്നതിന് പ്രോത്സാഹനംനൽകുക. ചതുപ്പുസ്ഥലങ്ങളെ ജലനിർഗ്ഗമനമാർഗ്ഗംമുഖേന കൃഷിക്ക് യോഗ്യമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്താൻ ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെടുക.

22. IV, V, X എന്നീ വാർഡുകളിൽ ജലസേചനസൗകര്യം മെച്ചപ്പെടുത്തി കുരുമുളക്, ജാതി, ഗ്രാമ്പൂ, സപ്പോട്ടാ, മാതളം, പറങ്കിമാവ് തുടങ്ങിയ നാണ്യവിളകൃഷിക്ക് പ്രേരണനൽകുക.

23. സമ്മിശ്രകൃഷികൾക്ക് സാദ്ധ്യതയുള്ള VI മുതൽ X വരെ വാർഡുകളിൽ സംയോജിത മാർഗ്ഗങ്ങളുടെ അടിസ്ഥാനത്തിൽ വിളക്രമങ്ങൾക്ക് രൂപംനൽകുക.

24. ചരിവുപ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് മണ്ണുവരമ്പുകൾ നിർമ്മിക്കുന്നതിനാവശ്യമായ ധനസഹായം നൽകുക.

25. ജൈവശാസ്ത്രപരമായ നടപടികൾക്ക് രൂപംനൽകുക.

26. മണ്ണിരകമ്പോസ്റ്റ് ഉണ്ടാക്കുവാൻ പ്രേരിപ്പിക്കുക.

27. പറമ്പുകളിലുള്ള ചപ്പും ചവറും കമ്പോസ്റ്റാക്കി മാറ്റാൻ ധനസഹായം നൽകുക.

28. വിളമാനേജ്മെന്റ് VI മുതൽ IX വരെ വാർഡുകളിൽ നടപ്പിലാക്കുക.

29. കൃഷിസാന്ദ്രത വർദ്ധിപ്പിക്കുവാൻ പുതിയ മാനേജ്മെന്റ് ടെക്നിക്കുകൾ നടപ്പിലാക്കുക.

30. കൂൺകൃഷി, തേനീച്ചകൃഷി ഇവ ആരംഭിക്കുന്നതിനുള്ള വിത്തും, തേനീച്ചകുഞ്ഞുങ്ങളേയും സൗജന്യമായി നൽകുക.

31. നെല്ലിനെ സാധാരണ ബാധിക്കുന്ന ചാഴിയെ എതിർ പ്രാണികളെ വളർത്തി നശിപ്പിക്കുന്ന ആധുനിക സമ്പ്രദായം ആരംഭിക്കുക.

### രോഗങ്ങൾ:

കാറ്റുവീഴ്ച, മണ്ടചീയൽ, തെങ്ങോല ചുരുളൽ, കൊച്ചങ്ങാപൊഴിയൽ എന്നീ രോഗങ്ങളും; ചെള്ള്, ചാഴി, ഉറുമ്പ് തുടങ്ങിയ കീടങ്ങളുടെ ശല്യവും കാർഷികോല്പാദനത്തെ തളർത്തുന്നു.

### വായ്പാസൗകര്യം:

ഈ പഞ്ചായത്തിൽ ഒരു ക്രെഡിറ്റ് സഹകരണബാങ്കാണുള്ളത്. ഈ ബാങ്കിൽനിന്നും പര്യാപ്തമായ രീതിയിൽ കർഷകർക്ക് ലോൺലഭിക്കുന്നില്ല. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സിൻഡിക്കേറ്റ് ബാങ്ക്, രണ്ട് ഐ.ഒ.ബി. ബാങ്ക് എന്നിങ്ങനെ നാലു ബാങ്കുകൾ ഈ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. കുറഞ്ഞ പലിശനിരക്കിൽ കർഷകർക്ക് ലോൺ ലഭ്യമാക്കണം.

### കൃഷിഭവന്റെ സഹായം:

കൃഷിഭവന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

ഫീൽഡ് സ്റ്റാഫിനെ ഫീൽഡിൽ അയച്ച് കർഷകർക്കുവേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകാൻ ഏർപ്പാടുണ്ടാകണം.

കൃഷിഭവനിൽനിന്നും 1993-94, 1994-95, 1995-96 എന്നീ വർഷങ്ങളിൽ പല നടീൽ വസ്തുക്കളും സബ്സിഡിറേറ്റിൽ വിതരണംചെയ്തിട്ടുണ്ട്.

### കർഷകസംരംഭങ്ങൾ:

ഏലാ കമ്മറ്റികൾ, ഗ്രൂപ്പ് ഫാമിംഗ് കമ്മിറ്റികൾ കേരകർഷകസംഘങ്ങൾ, കിസാൻ സഭകൾ തുടങ്ങിയ അനേകം സംഘടനാ സംവിധാനങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും, കാർഷികമേഖലകളിൽ കൂട്ടായ്മയില്ല. നടപ്പുപദ്ധതികൾ പൂർണ്ണമായി ഈ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. ആറു പദ്ധതികൾ അവശേഷിക്കുന്നു.

# പച്ചക്കറിക്കൃഷിക്ക് ഒരു സഹായി (ഒരു സെൻറിന്)

ഒരു സെന്റ് = 435 ചതുരശ്ര അടി ( 29 x 15 അടി)
= 40 ചതുരശ്ര മീറ്റർ ( 10 ˘ 4 മീറ്റർ)

| പച്ചക്കറി | കാലം | ഇനങ്ങൾ | വിത്ത് (ഗ്രാം) | അകലം | വിത്തു നടുന്നതിന്റെ ആഴം | ചെടിയുടെ/ കുഴിയുടെ എണ്ണം | വളങ്ങൾ ചാണകം കി.ഗ്രാം | വളങ്ങൾ യൂറിയ (ഗ്രാം) | വളങ്ങൾ മസ്സൂറി ഫോസ് രാജ് ഫോസ് ഗ്രാം | വളങ്ങൾ മ്യൂരിയറ്റ് ഓഫ് പൊട്ടാഷ് ഗ്രാം | വിളവ് കി. ഗ്രാം |
|---|---|---|---|---|---|---|---|---|---|---|---|
| ചീര | എല്ലാ കാലത്തും | സി.ഒ. – 1 സി.ഒ –2, സി.ഒ –3 (പച്ച), നാടൻ – കണ്ണാറ, ലോക്കൽ (ചുവപ്പ്), അരുൺ (ചുവപ്പ്) | 30 | 20 x 20 സെമീ | 0.5 – 1.0 | 1000 | 200 | 430 | 900 | 330 | 70 |
| വെണ്ട | ഫെബ്രുവരി – മാർച്ച് ജൂൺ – ജൂലൈ ഒക്ടോബർ – നവംബർ | പൂസാ സവാനി, സി.ഒ–1 പൂസാ മാഖ് മാലി, എസ് – 2, പഞ്ചാബ്, പത്മിനി, പി.7, അർക്ക അനാമിക, ആനക്കൊമ്പൻ, കിരൺ, നാടൻ | 30–35 | 60 x 30 സെ.മീ (വേനൽ) 60 x 45 സെ.മീ. | 4 – 5 | 225 150 | 50 | 450 | 140 | 160 | 40 |
| പയർ | എല്ലാകാലത്തും | ഫിലിപ്പൈൻസ്, പൂസാ, ബർസാത്തി, അർക്കഗരിമ, നാടൻ – ഉരുത്തോലപ്പയർ മഞ്ചേരി – കരുപ്പുറം വഴുതന | 60 | 45 x 15 സെ. മീ | 2 – 3 | 250 (നീർച്ചാലുകൾ ഒഴിച്ചുള്ളസ്ഥലത്ത്) | 80 | 200 | 540 + കുമ്മായം 1000 | 60 | 40 |
| വഴുതന | ജനുവരി – ഫെബ്രുവരി മേയ് – ജൂൺ, സെപ്റ്റംബർ – ഒക്ടോബർ | ബ്ലാക്ക് ബ്യൂട്ടി, പൂസാ പർപ്പിൾ ലോംഗ് പൂസാ പർപ്പിൾ ക്ലസ്റ്റർ, സൂര്യ നാടൻ – കരപ്പുറം വഴുതന | 2 | 60 x 75 സെ.മീ | 0.5 | 90 | 80 | 650 | 720 | 160 (2 തവണ യായി) | 60 |
| തക്കാളി | ജനുവരി – മാർച്ച് സെപ്റ്റംബർ – ഡിസംബർ | പൂസാ റൂബി, എച്ച്. എസ്. 101, പൂസാ, ഏർളിഡ്വാരഫ്, ശക്തി | 2 | 60 x 60 സെ.മീ | 0.5 | 100 | 80 | 650 | 720 | 160 (2 തവണ യായി) | 60 |
| മുളക് | മേയ് – ജൂൺ ആഗസ്റ്റ് – സെപ്റ്റംബർ ഡിസംബർ – ജനുവരി | ജ്വാല, ജ്വാല മുഖി, ജ്വാലാ സഖി ഹംഗേറിയൻ വാക്സ്, സി.ഒ. – 1, സി.ഒ- 2, നാടൻ – തൊണ്ടൻ, വെള്ള നൊച്ചി | 4 | 45 x 45 സെ.മീ | 0.5 | 200 | 80 | 650 | 720 | 160 (2 തവണ യായി) | 40 |
| പാവൽ | ജനുവരി – മാർച്ച് ഏപ്രിൽ – ജൂൺ സെപ്റ്റംബർ – ഡിസംബർ | പ്രിയ, അർക്കഹരിത്, എം.സി – 84, കോയമ്പത്തൂർ ലോംഗ് | 25 | 2 x 2 മീറ്റർ | 2 – 3 | 30 (10 കുഴി) | 80 | 600 | 450 | 160 | 60 |
| പടവലം | ജനുവരി – മാർച്ച്, ഏപ്രിൽ – ജൂൺ, ജൂൺ- ആഗസ്റ്റ് സെപ്റ്റംബർ – ഡിസംബർ | സി.ഒ. – 1, റ്റി.എ – 19, കൗമുദി, നാടൻ | 16 | 2 x 2 മീറ്റർ | 2–3 | 30 (10 കുഴി) | 80 | 600 | 450 | 160 | 80 |
| കുമ്പളം | ജനുവരി – മാർച്ച്, ഏപ്രിൽ – ജൂൺ, ജൂൺ- ആഗസ്റ്റ് സെപ്റ്റംബർ – ഡിസംബർ | സി.ഒ. –1 നാടൻ | 4 | 4.5 x 2 മീറ്റർ | 2 – 3 | 15 (5 കുഴി) | 80 | 600 | 450 | 160 | 60 |
| വെള്ളരി | ജനുവരി – മാർച്ച്, ഏപ്രിൽ – ജൂൺ, ജൂൺ- ആഗസ്റ്റ് സെപ്റ്റംബർ – ഡിസംബർ | നാടൻ – മുടിക്കോട് ലോക്കൽ | 5 | 2 x 1.5 മീററർ | 2 – 3 | 30 (5 കുഴി) | 80 | 600 | 450 | 160 | 80 |
| മത്തൻ | ജനുവരി – മാർച്ച്, ഏപ്രിൽ – ജൂൺ, ജൂൺ- ആഗസ്റ്റ് സെപ്റ്റംബർ – ഡിസംബർ | സി.ഒ. – 1, സി.ഒ. – 2, അമ്പിളി, അർക്ക സൂര്യമുഖി അർക്ക ചന്ദ്രൻ | 5 | 4.5 x 2 മീററർ | 2 – 3 | 15 (5 കുഴി) | 80 | 600 | 450 | 160 | 80 |







# മൃഗപരിപാലനവും മത്സ്യബന്ധനവും

ഉദ്ദേശം 50 വർഷങ്ങൾക്ക് മുമ്പ് കൃഷിയും കന്നുകാലിവളർത്തലും ഈ ഗ്രാമങ്ങളിലെ ബഹുഭൂരിപക്ഷം ഗ്രാമീണരുടേയും മുഖ്യതൊഴിലായിരുന്നു. പാടശേഖരങ്ങൾ ഉഴുന്നതിനും, വണ്ടിവലിക്കുന്നതിനും, സവാരിക്കും അന്ന് മൃഗങ്ങളെയാണ് ആശ്രയിച്ചിരുന്നത്. മാത്രമല്ല ജൈവവളങ്ങളുടെ മുഖ്യ സ്രോതസ്സും കന്നുകാലികളായിരുന്നു. അക്കാലത്ത് പരമ്പരാഗത കൃഷിരീതിയും, ജൈവവള ക്രമവുമായിരുന്നു കർഷകർ അവലംബിച്ചിരുന്നത്. പാലിനും മാംസത്തിനുംവേണ്ടി മൃഗങ്ങളെ വളർത്താൻ ഗ്രാമീണർ നിർബ്ബന്ധിതരായിരുന്നു മൃഗങ്ങൾ ഗ്രാമീണരുടെ സമ്പത്തുകൂടി ആയിരുന്നതായി രേഖകളിൽ കാണുന്നു.

കാലത്തിന്റെ പ്രവാഹത്താൽ പല മാറ്റങ്ങൾ സംഭവിച്ചു. പാലിന്റേയും, മാംസത്തിന്റേയും, മുട്ടയുടേയും ഉപഭോഗം പൊതുവേ വർദ്ധിച്ചു. അതിനനുസൃതമായ ഉല്പാദനക്ഷമതാവർദ്ധന നാടൻ കന്നുകാലികളിൽനിന്നും ലഭിച്ചിരുന്നില്ല. അതിനാൽ 5 ലിറ്റർ പാൽ ലഭിച്ചിരുന്ന നാടൻ പശുക്കൾക്കു പകരം 80 ലിറ്റർ പാല് ലഭിക്കുന്ന സങ്കരയിനം പശുക്കളെ വളർത്തുവാൻ ഗ്രാമീണർ നിർബ്ബന്ധിതരായി. ഈ രീതിയിലുള്ള കന്നുകാലിവളർത്തൽ ആരംഭിച്ചിട്ട് ഏകദേശം 40 വർഷമേ ആയിട്ടുള്ളു.

1960 കളുടെ മദ്ധ്യത്തിൽ സംസ്ഥാനത്തെ മൊത്തം പാൽ ഉല്പാദനം 2 ലക്ഷം ടൺ ആയിരുന്നത്, 1976 ആയതോടെ 12 ലക്ഷം ടണ്ണിലേയ്ക്ക് വർദ്ധിച്ചിരിക്കുന്നതായി കാണുന്നു. നമ്മുടെ ഗ്രാമത്തിന്റെ ഉപഭോഗവും ഒട്ടും പിന്നിലല്ലായിരുന്നു.

നാം ശാസ്ത്ര സാങ്കേതിക പരിജ്ഞാനത്താൽ സങ്കരഇനം കാലികളിലൂടെ കൈവരിച്ച നേട്ടം സമൂഹത്തിന്റെ താഴേതട്ടുവരെ എത്തിക്കാൻ കഴിഞ്ഞില്ല. ഇതിന് കാരണങ്ങൾ പലതാണ്. ഒന്നാമതായി ഉയർന്ന സാമ്പത്തിക നിലയിൽ ഉള്ളവർക്കേ സങ്കരഇനം പശുക്കളെ വാങ്ങുവാൻ കഴിഞ്ഞിരുന്നുള്ളൂ. രണ്ടാമതായി, ആധുനിക രീതിയിലുള്ള പോഷകസമൃദ്ധമായ ആഹാരം കൊടുക്കുവാൻ പാവപ്പെട്ടവന് കഴിഞ്ഞിരുന്നില്ല. കുടിവെള്ളംപോലും ലഭിക്കുവാൻ ബുദ്ധിമുട്ടുന്ന പാവപ്പെട്ട ഗ്രാമീണർക്ക് സമയാസമയങ്ങളിൽ സങ്കരഇനം കാലികളെ കുളിപ്പിക്കുന്നതിനോ, വേണ്ട പരിചരണങ്ങൾ നൽകുന്നതിനോ സാധിച്ചിരുന്നില്ല. എന്നാൽ നാടൻ പശുക്കൾക്കാകട്ടെ പാടങ്ങളിൽനിന്നും പുരയിടങ്ങളിൽനിന്നും ലഭിക്കുന്ന പുല്ലും വൈക്കോലും, വീട്ടിലെ അവശിഷ്ഠ ഭക്ഷ്യപദാർത്ഥങ്ങളും കൊടുത്താൽ മതിയായിരുന്നു. സങ്കരഇനം പശുക്കൾക്കാകട്ടെ ആധുനിക രീതിയിലുള്ള എല്ലാ പരിചരണവും ചികിത്സയും നൽകേണ്ടതുണ്ട് നാട്ടുവൈദ്യന്മാരുടെ ചികിത്സയെ ആശ്രയിച്ചാണ് നാടൻ പശുക്കളെ വളർത്തിയിരുന്നത്. ഇ

ന്നത്തെ രീതിയിലുള്ള പ്രതിരോധചികിത്സകളൊന്നും ആദ്യകാലങ്ങളിൽ ഗ്രാമത്തിൽ ഇല്ലായിരുന്നു.

സങ്കരഇനം പശുക്കളെ വളർത്തുന്നതിനുള്ള ബുദ്ധിമുട്ടുകളും പണച്ചെലവും കണക്കിലെടുത്ത് ചിലയിടങ്ങളിൽ ഇന്നും ഗ്രാമീണർ നാടൻപശുക്കളെ വളർത്തുന്നുണ്ട്. 1996-ൽ നടന്ന സർവ്വേ അനുസരിച്ച് മൃഗങ്ങളുടെ എണ്ണം പട്ടികനമ്പർ An.1 ൽ കൊടുത്തിരിക്കുന്നു.

പശുക്കളെപ്പോലെ ആട്, എരുമ, തുടങ്ങി പാലുതരുന്ന മൃഗങ്ങളേയും; പോത്ത്, കാള എന്നിവയെ മാംസത്തിനുവേണ്ടിയും കാർഷിക പണികൾക്കുവേണ്ടിയും ഗ്രാമീണർ വളർത്തിയിരുന്നു. സവാരി ആവശ്യത്തിനു കുതിരകളേയും, വീട് സൂക്ഷിക്കുവാൻ ശ്വാനന്മാരേയും, വീടിനുള്ളിലുള്ള എലികളേയും, പൂച്ചികളേയും നശിപ്പിക്കുന്നതിന് പൂച്ചകളേയും വളർത്തുന്നത് പതിവായിവരുന്നു.

ശാസ്ത്രസാങ്കേതിക പരിജ്ഞാനം ഉൾക്കൊണ്ടുകൊണ്ട് നാടൻ പശുക്കളെ വളർത്തിയപ്പോൾ വെറും 30% ഉല്പാദനക്ഷമതയാണ് ഉണ്ടായത്. എന്നാൽ സങ്കരയിനം പശുക്കളിൽനിന്നും 80% വരെ ഉല്പാദനക്ഷമത വർദ്ധിപ്പിച്ചു. ഇതിലൂടെ കൈവരിച്ച നേട്ടം സ്ഥായിയും, സമീകൃതവുമായ രീതിയിലും സമൂഹത്തിന്റെ എല്ലാ തട്ടുകളിലും എത്തിക്കാൻ നമുക്ക് കഴിയണം. എന്നാൽ വമ്പിച്ചനേട്ടം സമൂഹത്തിലുണ്ടാകുമ്പോൾ നാടൻ പശുക്കളുടെ വംശനാശവും സംഭവിച്ചുകൊണ്ടിരിക്കുന്നു.

ഇന്ന് നമ്മുടെ നാട്ടിൽ പലയിനം സങ്കരയിനം പശുക്കളെ വളർത്തുന്നവരുണ്ട്. ജേഴ്സി, സ്വിസ്ബ്രൗൺ, ഹോഴ്സ്യൻ ഇവ പ്രധാനപ്പെട്ടവയാണ്. സങ്കരയിനം പശുക്കളെ വളർത്തിയിട്ടും നമുക്ക് ആവശ്യമായ പാല്, മാംസം ഇവയ്ക്ക് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. ഈ ഇനത്തിൽ പ്രതിവർഷം 5 മുതൽ 10 ലക്ഷം വരെ രൂപ അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിൽനിന്നും രോഗമുള്ള മൃഗങ്ങളെ അറവുശാലകളിൽ കൊണ്ടുവരുന്നതുനിമിത്തം നമ്മുടെ ആരോഗ്യത്തേയും തകർത്തുകൊണ്ടിരിക്കുന്നു.

കാലിവളർത്തലുകളെപ്പോലെ ഗ്രാമീണർ മുട്ടയ്ക്കുവേണ്ടിയും ഇറച്ചിക്കുവേണ്ടിയും കോഴിയേയും, താറാവിനേയും വളർത്തിവരുന്നുണ്ട്. 50 വർഷങ്ങൾക്കുമുമ്പ് മുട്ട അന്യസംസ്ഥാനങ്ങളിലേക്ക് ഈ പഞ്ചായത്തിൽനിന്നും കയറ്റി അയക്കുക പതിവായിരുന്നു. 3 പൗൾട്രി ഫാമുകൾ ഈ ഗ്രാമത്തിൽ നിലവിലുണ്ട്. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി നാടൻ കോഴികളുടെ സ്ഥാനത്ത് സങ്കരയിനം കോഴികളെയാണ് ഇപ്പോൾ വളർത്തിവരുന്നത്. പഞ്ചായത്തിലുള്ള കോഴി, താറാവ് തുടങ്ങിയവയുടെ സ്ഥിതിവി

**പട്ടിക An I**

**വളർത്തുമൃഗസംഖ്യ**

| വാർഡ് നമ്പർ | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|
| | കറവ ഉള്ളവ | കറവ ഇല്ലാത്തവ | കറവ ഉള്ളവ | കറവ ഇല്ലാത്തവ | | | | |
| 1 | 46 | 13 | 6 | 2 | 4 | 30 | 130 | |
| 2 | 44 | 10 | 7 | 12 | 8 | 34 | 144 | |
| 3. | 110 | 28 | 5 | 3 | 4 | 113 | 113 | |
| 4 | 61 | 17 | 12 | 4 | 10 | 40 | 152 | |
| 5 | 112 | 28 | 7 | 3 | 4 | 125 | 88 | |
| 6 | 310 | 42 | 6 | 3 | 4 | 195 | 127 | |
| 7 | 184 | 32 | 2 | - | - | 128 | 114 | |
| 8 | 176 | 41 | 5 | 3 | - | 150 | 137 | |
| 9 | 116 | 24 | 3 | 2 | - | 142 | | |
| 10 | 62 | 9 | - | 1 | 3 | 63 | | |
| Total | 1221 | 244 | 53 | 33 | 37 | 1020 | 1286 | |

വര കണക്കുകൾ പട്ടിക An.II ൽ കൊടുത്തിരിക്കുന്നു.

## ചികിത്സാകേന്ദ്രങ്ങൾ

മൃഗങ്ങളേയും കോഴികളേയും ചികിത്സിക്കുന്നതിനു വേണ്ടി 8-ാം വാർഡിൽ ഒരു മൃഗാശുപത്രിയും, 6-ാം വാർഡിൽ ഒരു I.C.D.P സബ് സെന്ററും പ്രവർത്തിച്ചുവരുന്നു. എന്നാൽ ഗ്രാമവാസികൾക്ക് മണ്ണാത്തിമൂല, ആറ്റിങ്ങൽ, വക്കം തുടങ്ങിയ മൃഗാശുപത്രികളുടെ സേവനവും ലഭിക്കുന്നു. ഇങ്ങനെ ഒക്കെയാണെങ്കിലും അടിയന്തിരമായി ചികിത്സ ആവശ്യമുള്ളപ്പോൾ മൃഗാശുപത്രിജീവനക്കാരുടെ സേവനം ലഭ്യമാകുന്നില്ല. മൃഗാശുപത്രികളിൽ കമ്മ്യൂണിക്കേഷൻ സൗകര്യമില്ലായ്മയാണിതിനു കാരണം. പഞ്ചായത്തിൽ വളർത്തുമൃഗങ്ങൾക്ക് പലതരം രോഗങ്ങൾ ബാധിക്കാറുണ്ട്. മൃഗാശുപത്രിയിൽനിന്നും ലഭിച്ച കണക്കുപ്രകാരം മിക്ക വളർത്തുമൃഗങ്ങൾക്കും രോഗം ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

## വളർത്തുപക്ഷികൾ:

പഞ്ചായത്തിൽ പൂവൻകോഴികളെക്കാൾ പിടക്കോഴികളാണ് കൂടുതലുള്ളത്. താറാവുകളുടെ എണ്ണവും കുറവാണ്.

## പേ വിഷബാധയും പ്രതിരോധ ചികിത്സയും:

പേ വിഷം ബാധിക്കാതിരിക്കാൻ 150 പട്ടികൾക്കും കടിയേറ്റതിനുശേഷം 5 പശു, 6 ആട്, 7 പട്ടി എന്നിവയ്ക്കും കുത്തിവയ്പ്പ് നടത്തിയിട്ടുണ്ട്. പഞ്ചായത്തിൽ 1996 മാർച്ചിൽ 90 കോഴിക്ക് കോഴിവസന്തക്കും 75 കോഴിക്ക് വസൂരിക്കും പ്രതിരോധകുത്തിവയ്പ്പ് നൽകിയിട്ടുണ്ട്.

## ക്രിത്രിമ ബീജസങ്കലനവിവരം:

പഞ്ചായത്തിൽ മൃഗാശുപത്രിയുടേയും I.C.D.P സെന്ററിന്റേയും കണക്കുപ്രകാരം 814 പശുക്കൾക്കും, 226 കിടാരികൾക്കും, 31 എരുമകൾക്കും 1996-ൽ ക്രിത്രിമ ബീജസങ്കലനം നടത്തിയിട്ടുണ്ട്. 261 പശുക്കൾക്കും 47 കിടാരികൾക്കും 14 എരുമകൾക്കും ബീജസങ്കലനം രണ്ടിലധികം തവണ വേണ്ടിവന്നു.

## പ്രശ്നങ്ങളും പോരായ്മകളും:

(1) ഉല്പാദനക്ഷമത കൂടുതലുള്ള സങ്കരയിനം കന്നുകാലികളെ വളർത്താൻ സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന കർഷകന് സാധിക്കുന്നില്ല.

**പട്ടിക An II**

**വളർത്തുപക്ഷി സംഖ്യ**

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| 1 | 105 | 302 | 162 | 16 | 56 | |
| 2 | 111 | 412 | 121 | 19 | 63 | |
| 3 | 56 | 281 | 107 | 12 | 54 | |
| 4 | 228 | 824 | 235 | 21 | 72 | |
| 5 | 69 | 329 | 176 | 13 | 31 | |
| 6 | 80 | 324 | 137 | 5 | 19 | |
| 7 | 104 | 520 | 117 | _ | _ | |
| 8 | 96 | 256 | 106 | 9 | 22 | |
| 9 | 87 | 321 | 114 | _ | _ | |
| 10 | 98 | 382 | 127 | _ | _ | |





**പട്ടിക An III**

**രോഗവിവരങ്ങൾ**

| നം. രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | റ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|
| 1 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 ദഹനസംബന്ധമായവ (Digestive Disorders) | 575 | 51 | 242 | – | 15 | | | | | |
| 2. ശ്വാസകോശസംബന്ധം (Respiratory deseases) | 98 | 38 | 86 | – | 6 | | | | | |
| 3. ഉപാചയസംബന്ധം (Metabolic diseases) | 62 | | | | | | | | | |
| 4. ത്വക്ക്രോഗങ്ങൾ (Skin diseases) | 168 | 2 | – | – | 21 | | | | | |
| 5. ധാതുലവണങ്ങളുടെ അഭാവം Deficiency diseases) | 42 | 8 | | | | | | | | |
| 6. പരാദരോഗങ്ങൾ (Parasitic diseases) | 592 | 21 | 182 | – | 17 | | | | | |
| 7. പ്രത്യുല്പാദ വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynaeolocial disorders | 266 | | | | | | | | | |
| 8. വന്ധ്യത (imferitlity) | 28 | – | | | | | | | | |
| 9. അകിടുവീക്കം Mastitics) | 86 | 2 | 43 | | | | | | | |
| 10. മുടന്തൻപനി Ephemessal Fever | 23 | | | | | | | | | |
| 11. പകർച്ചവ്യാധികൾ | – | – | – | – | 40 | – | – | – | – | – |

(2) കാലിത്തീറ്റയുടെ വിലവർദ്ധന കാലിവളർത്തലിനെ നിരുത്സാഹപ്പെടുത്തുന്നു.

(3) സാമ്പത്തിക പിന്നോക്കാവസ്ഥമൂലം നാടൻ പശുക്കളെ വളർത്തുവാൻ നിർബ്ബന്ധിതരാകുന്നു.

(4) ആധുനിക രീതിയിലുള്ള മൃഗസംരക്ഷണകേന്ദ്രങ്ങളുടെ അപര്യാപ്തത.

(5) മൃഗാശുപത്രികളിൽനിന്നുള്ള സാങ്കേതിക ഉപദേശങ്ങളോ, സഹായങ്ങളോ പ്രതീക്ഷയ്ക്കൊത്തു ലഭിക്കുന്നില്ല.

(6) സങ്കരയിനം കന്നുകാലികൾക്കുള്ള ബീജസങ്കലന പ്രവർത്തനം പര്യാപ്തമല്ല.

(7) പാൽ വിപണനസൗകര്യം പര്യാപ്തമല്ല.

(8) കാലിത്തീറ്റയും കോഴിത്തീറ്റയും കുറഞ്ഞവിലയ്ക്ക് ലഭ്യമല്ല.

(9) ഗ്രാമങ്ങളിൽ പേപ്പട്ടിശല്യം വർദ്ധിച്ചുവരുന്നു.

(10) കന്നുകാലികൾക്കും കോഴികൾക്കും കൊടുക്കാറുള്ള പ്രതിരോധ മരുന്നുകളുടെ അപര്യാപ്തത.

(11) കോഴിവസന്തയും, കന്നുകാലികളുടെ അകിടുവീർപ്പും, കുളമ്പുരോഗവും വർദ്ധിച്ചുവരുന്നു.

(12) പ്രജനന അവവസരത്തിൽ വേണ്ടത്ര ആധുനിക ചികിത്സാരീതി മൃഗാശുപത്രികളിൽ ലഭ്യമല്ല.

## നിർദ്ദേശങ്ങൾ:

1. ഈ പഞ്ചായത്തിൽ ഒരു മാതൃകാ ഡയറി യൂണിറ്റ് ആരംഭിക്കുക.
2. പാല് ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും ക്ഷീരസഹകരണസംഘങ്ങൾ ആരംഭിക്കുക.
3. എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു മൃഗാശുപത്രിയും 4 സബ്സെന്ററുകളും ആരംഭിക്കുക.
4. ശാസ്ത്രീയമായ സാങ്കേതിക ഉപദേശങ്ങൾനൽകുവാൻ ബ്ളോക്ക് അടിസ്ഥാനത്തിൽ ഒരു മൊബൈൽ മൃഗാശുപത്രി തുടങ്ങാൻ ശുപാർശചെയ്യുക.
5. നമ്മുടെ നാട്ടിൽ ലഭ്യമാകുന്ന തേങ്ങാപിണ്ണാക്ക്, പുളിങ്കുരു, കൂവരക് എന്നിവ സംസ്കരിച്ച് പോഷകമൂല്യം ഉണ്ടാക്കി കുറഞ്ഞവിലയ്ക്ക് നൽകുക.
6. തരിശുഭൂമികളിലും തെങ്ങിൻതടങ്ങളിലും പുല്ലുവച്ചു പിടിപ്പിക്കുന്നതിന് പഞ്ചായത്തുതലത്തിൽ വിത്തും വളവും നൽകുക.
7. മൃഗങ്ങൾ, കോഴി, താറാവ് എന്നിവയ്ക്കുള്ള രോഗ പ്രതിരോധനടപടികൾ ഊർജ്ജിതപ്പെടുത്തുക.
8. പേ വിഷബാധക്കും, കോഴിവസന്തയ്ക്കും എതിരേയുള്ള പ്രതിരോധമരുന്ന് ആവശ്യാനുസരണം ലഭ്യമാക്കുക.
9. പഞ്ചായത്തുതലത്തിൽ കാലിത്തീറ്റ, കോഴിത്തീറ്റ സംസ്കരണകേന്ദ്രം ആരംഭിക്കുക.
10. മാംസപരിശോധന നിർബ്ബന്ധിതമാക്കുക.
11. സങ്കരയിനം പശു, ആട്, കോഴി, താറാവ് എന്നിവ പഞ്ചായത്തുതലത്തിൽ വാങ്ങി സബ്സിഡിയോടെ വിതരണംചെയ്യുക.
12. കന്നുകാലികൾക്ക് പാർപ്പിടസൗകര്യമുണ്ടാക്കുവാൻ സബ്സിഡി നൽകുക.
13. കാലികിടാവുകൾക്ക് ആൺപെൺ വ്യത്യാസമില്ലാതെ തീറ്റ സൗജന്യമായി നൽകുക.

## സാദ്ധ്യതകൾ:

1. പഞ്ചായത്തിൽ പീഠഭൂമികളും ചരിവുപ്രദേശങ്ങളും ഉണ്ട്. ചരിവുപ്രദേശങ്ങളിൽ പുൽകൃഷി ചെയ്താൽ മണ്ണുസംരക്ഷിക്കുകയും കാലിത്തീറ്റ ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യാം.
2. നമ്മുടെ പഞ്ചായത്തിലെ അറവുശാലകളിൽ വെട്ടുന്ന മൃഗങ്ങളുടെ രക്തം, അവശിഷ്ടമാംസം, വിലകുറഞ്ഞ മത്സ്യം, ഗ്രാമങ്ങളിൽനിന്നും ശേഖരിക്കുന്ന തവിട് എന്നിവ സാങ്കേതിക വിദ്യയുടെ സഹായത്താൽ കോഴിത്തീറ്റയാക്കി മാറ്റുവാൻ സാധിക്കും.
3. ഉല്പാദനക്ഷമത ഏറ്റവും കൂടിയ അതുല്യവർഗ്ഗത്തിൽ പെട്ട കോഴിക്കുഞ്ഞുങ്ങളെ യൂണിറ്റടിസ്ഥാനത്തിലോ, ഫാം അടിസ്ഥാനത്തിലോ വിതരണംചെയ്താൽ ഈ ഗ്രാമത്തിനാവശ്യമുള്ള മുട്ട ഉല്പാദിപ്പിക്കാം. ഈ വിധത്തിൽ 5 മുതൽ 10 ലക്ഷം രൂപവരെ ഈ പഞ്ചായത്തിൽ സ്വരൂപിക്കാൻ സാധിക്കും.
4. 'പാവപ്പെട്ടവന്റെ പശു' എന്നു വിശേഷിപ്പിക്കുന്ന ആടുവളർത്തലിനു ഈ പ്രദേശത്തു വളരെയേറെ സാദ്ധ്യതകളുണ്ട്. മലബറി, സാനൽമലബാറി, സങ്കരയിനം, ആൽപെൻ മലബാറി സങ്കരയിനം, ജംനാപാരി എന്നീ ജനുസ്സുകളിൽപ്പെട്ട ആടുകളെ വളർത്തുവാൻ താല്പര്യമുള്ളവർക്ക് പഞ്ചായത്തിന്റെ സഹായത്തോടെ കുറഞ്ഞ പലിശനിരക്കിൽ ലോൺലഭ്യമാക്കണം. ഇവ തൃശ്ശൂരിലെ മണ്ണുത്തിയിലുള്ള ആടുവളർത്തൽകേന്ദ്രത്തിലും മൃഗസംരക്ഷണ വകുപ്പിന്റെ കൊമേരി ഫാമിലും ലഭ്യമാണ്. നാലുമുതൽ 10വരെയുള്ള വാർഡുകളിൽ സൗകര്യപ്രദമായ സ്ഥലത്ത് ഫാം അടിസ്ഥാനത്തിൽ ആടുവളർത്താൻ സാധിക്കും.
5. ഒന്നുമുതൽ മൂന്നുവരെ വാർഡുകളിൽ ഈർപ്പം കൂടുതലുള്ളതിനാലും തോടുകളും കുളങ്ങളും കൂടുതലുള്ളതുകൊണ്ടും കോഴി, പന്നി, മത്സ്യകൃഷി എന്നിവ സമ്മിശ്രമായി പഞ്ചായത്തിൽ നടത്തുവാൻ സാദ്ധ്യതയുണ്ട്. കോഴിക്ക് വീട്ടിലെ ഭക്ഷണത്തിന്റെ അവശിഷ്ടം കൊടുത്താൽ മതിയാകും. കോഴികാഷ്ഠം പന്നിക്കു പ്രിയ ആഹാരമാണ്. അതുപോലെ പന്നികാഷ്ഠം മീനുകൾക്കും. കുറഞ്ഞചെലവിൽ ഈ പദ്ധതി നടപ്പിലാക്കാം. തൊഴിലവസരവും വരുമാനവും വർദ്ധിപ്പിക്കാം.
6. **താറാവുവളർത്തൽ:**

   ഒന്നുമുതൽ നാലുവരെ വാർഡുകളിൽ താറാവ് വളർത്തലിന് വളരെയേറെ സാദ്ധ്യതകളുണ്ട്. ഇത് ഫാം അടിസ്ഥാനത്തിൽ വളർത്തുന്നതാണ് അഭികാമ്യം. താല്പര്യമുള്ളവർക്ക് പഞ്ചായത്തടിസ്ഥാനത്തിൽ വായ്പലഭ്യമാക്കി താറാവു വളർത്തൽ പ്രോത്സാഹിപ്പിക്കണം.
7. **മുയൽവളർത്തൽ:**

   വലിയ ചെലവില്ലാത്ത ഒരു തൊഴിലാണ് മുയൽവളർ

ത്തൽ. അതുകൊണ്ടുതന്നെ ലാഭകരവുമാണ്. എല്ലാ വാർഡുകളിലും യൂണിറ്റ് അടിസ്ഥാനത്തിൽ വളർത്തുകയും ചെയ്യാം. മുരിക്കിലയും മറ്റു പച്ചിലകളും മുയലിന്റെ ഇഷ്ടാഹാരമാണ്. വംശവർദ്ധനവ് പെട്ടന്ന് നടക്കുന്നതാണ്. ആവശ്യമുള്ള മാംസം ഈ ഇനത്തിൽ ലഭ്യമാക്കാൻ കഴിയും.

8. പഞ്ചായത്തുതലത്തിൽ വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും ഇൻഷ്വറൻസ് നിർബ്ബന്ധമാക്കണം.
9. ഗ്രാമത്തിനാവശ്യമായ മാംസം ലഭിക്കുന്നതിനുവേണ്ടി മുയൽ, പന്നി, ആട് എന്നിവയെ വളർത്തുന്നതിന് ബോധവൽക്കരണക്ലാസ്സുകളും സാങ്കേതിക നിർദ്ദേശങ്ങളും നൽകിയാൽ കർഷകർ മുന്നോട്ട്‌വരും. അവർക്കുവേണ്ട സാമ്പത്തികസഹായം ഉറപ്പുവരുത്തണം. പഞ്ചായത്തുതലത്തിൽ ഒരു അറവുശാല പ്രാവർത്തികമാക്കുകയും മൃഗങ്ങളെ രോഗപരിശോധനയ്ക്കു വിധേയമാക്കുകയും വേണം.
10. വനിതകളുടെ സൊസൈറ്റി രൂപീകരിച്ച് DWCRI ധനസഹായം ലഭ്യമാക്കിയാൽ യൂണിറ്റടിസ്ഥാനത്തിൽ പശു, ആട്, കോഴി, താറാവ് ഇവയെ വളർത്തുന്നതിനു സഹായം ലഭ്യമാക്കാം.
11. പഞ്ചായത്തിൽ ഒരു ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചു മേൽവിവരിച്ച പ്രവർത്തനങ്ങൾ അതിന്റെ കീഴിൽ ത്വരിതപ്പെടുത്താവുന്നതാണ്.

## മത്സ്യബന്ധനം

കടയ്ക്കാവൂർ പഞ്ചായത്തിൽ വേണ്ടത്ര ശുദ്ധജലകുളങ്ങൾ, തോടുകൾ, ഓരുജലകുളങ്ങൾ, നദികൾ, അതിർത്തിയിൽ അഞ്ചുതെങ്ങ് കായൽ എന്നിവ ഉണ്ടെങ്കിലും ഒരിടത്തും മത്സ്യകൃഷി നടത്തുന്നില്ല. എന്നാൽ അലങ്കാരമത്സ്യങ്ങളെ വളർത്തുന്ന ചില ആളുകൾ ഉണ്ട്. ഒന്നാം വാർഡിൽ ഉള്ള തോണിക്കടവിൽ 35 മത്സ്യകുടുംബക്കാർ താമസിക്കുന്നു ഇവർ 200 മീറ്റർ അകലത്തിൽ സ്ഥിതിചെയ്യുന്ന അറബ്യൻകടലിൽപോയി മത്സ്യബന്ധനംനടത്തുന്നു. സ്വന്തമായി വലയോ വള്ളമോ ഈ മത്സ്യതൊഴിലാളികൾക്കില്ല. എല്ലാപേരും അഞ്ചുതെങ്ങ് മത്സ്യസഹകരണസംഘത്തിൽ അംഗത്വം ഉള്ളവരാണ്. സംഘ സഹായത്താൽ വായ്പയെടുത്ത് സാമാന്യം നല്ല വീടുകൾ നിർമ്മിച്ചിട്ടുണ്ട്. സാംസ്കാരികമായി ഉന്നത നിലവാരം പുലർത്തുന്നു.

വളരെമുമ്പ് ചാളത്തടിയിൽ പോയാണ് മത്സ്യബന്ധനം നടത്തിയിരുന്നത്. ഇപ്പോൾ ചാളത്തടിയുടെ സ്ഥാനത്ത് യന്ത്രവൽകൃത ബോട്ടുകളും വള്ളവും പരിഷ്കൃതരീതിയിലുള്ള വലയും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നു. സ്ത്രീകൾ നീണ്ടകര- അഞ്ചുതെങ്ങ് തുടങ്ങിയ സ്ഥലങ്ങളിൽനിന്നും മത്സ്യം കൊണ്ടുവന്ന് ഗ്രാമീണർക്ക് വിൽക്കുന്നു. മത്സ്യത്തിന്റെ ലഭ്യത അനുസരിച്ച് വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നുണ്ട്.

മത്സ്യംവളർത്തൽ ഒരു തൊഴിലായി ഇവിടെ ആരും ചെയ്യുന്നില്ലെങ്കിലും മത്സ്യകൃഷിക്ക് അനുയോജ്യമായ വളരെയേറെ സാഹചര്യങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട്.

### നിർദ്ദേശങ്ങളും സാദ്ധ്യതകളും:

(1) മത്സ്യകൃഷിക്കും കക്കാകൃഷിക്കും വളരെയേറെ സാദ്ധ്യതയുള്ള സ്ഥലമാണ് നമ്മുടെ പഞ്ചായത്ത്.

(2) ഒന്നുമുതൽ നാലുവരെ വാർഡുകളിലുള്ള തോടുകളേയും മറ്റു ജലാശയങ്ങളേയും ഉപയോഗിച്ച് ചെമ്മീൻ കൃഷി, ഓരു ജലമത്സ്യകൃഷി, മുരിങ്ങകൃഷി (Edible oyster culture) കക്കാകൃഷി, ഞണ്ടുകൃഷി എന്നിവയ്ക്ക് വായ്പ ലഭ്യമാക്കി കൃഷിചെയ്യാം. നാലാം വാർഡിൽ പോളച്ചിറയിലും നീരാഴിയിലും ജലനിർഗ്ഗമന മാർഗ്ഗം ഉണ്ടാക്കി ഓരുജലമത്സ്യകൃഷി വികസിപ്പിച്ചെടുക്കാം. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് തൊഴിലവസരം ഉണ്ടാകുന്നു. മാംസാഹാരം കൂട്ടുന്നതിനും കഴിയും. സ്ഥായിയായ വരുമാനവും ഉണ്ടാകുന്നു. അഞ്ചുതെങ്ങുകായലിന്റെ വശങ്ങളിൽ മത്സ്യച്ചിറകൾ, മത്സ്യക്കുടകൾ, മത്സ്യവളപ്പുകൾ, വീട്ടുകുളം, സാമൂഹ്യകൃഷി ഇവയിൽ അനുയോജ്യമായ പദ്ധതി തെരഞ്ഞെടുത്തു മത്സ്യകൃഷി നടത്താം.

(3) 6, 7, 8 തുടങ്ങിയ വാർഡുകളിലുള്ള ശുദ്ധജലകുളങ്ങൾ മത്സ്യകൃഷിക്കു സാദ്ധ്യതയുണ്ട്. ശുദ്ധജലമത്സ്യകൃഷി, കൊഞ്ചുകൃഷി, ആമവളർത്തൽ, തവളകൃഷി, അലങ്കാര മത്സ്യകൃഷി ഇവ സൗകര്യാനുസരണം സമ്മിശ്രമായി തെരഞ്ഞെടുത്തുനടത്താം. മത്സ്യകൃഷി സംരംഭങ്ങൾക്ക് സാമ്പത്തിക സഹായംനൽകുന്ന പല സർക്കാർ ഏജൻസികളുമുണ്ട്.

(1) മത്സ്യകർഷക വികസന ഏജൻസി (എഫ്.എഫ്.ഡി.എ)

(2) ഓരു ജല മത്സ്യ കർഷക ഏജൻസി (ബി.എഫ്.എഫ്.ഡി.എ)

(3) സംസ്ഥാന ജലകൃഷി വികസന ഏജൻസി (അഡാക്ക്)

(4) സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിട്ടി മത്സ്യകൃഷി തുടങ്ങുന്നതിന് വായ്പ നൽകുവാൻ കേരളത്തിലെ ബാങ്കുകൾക്ക് പദ്ധതികൾ ഉണ്ട്. ജലകൃഷിക്കുള്ള വായ്പകൾക്ക് പുനർവായ്പ ബാങ്കുകൾക്ക് നൽകുവാൻ ദേശീയ കാർഷിക (നബാർഡു) ഗ്രാമവികസന ബാങ്ക് പ്രതിജ്ഞാബദ്ധവുമാണ്. മത്സ്യകൃഷിയെ സംരക്ഷിക്കുന്നതിന് “ഇൻഷ്വറൻസ്” പദ്ധതികളും നിലവിലുണ്ട്.



# വിദ്യാഭ്യാസം

"വിദ്യകൊണ്ടു സ്വതന്ത്രരാകുക" എന്ന ആഹ്വാനം കടയ്ക്കാവൂർ പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിയെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. ദേശീയപ്രസ്ഥാനത്തിൽ നിന്നുണ്ടായ ഉണർവും സാമൂഹിക സാംസ്കാരിക പരിഷ്ക്കരണ പ്രസ്ഥാനങ്ങളും നേതാക്കന്മാരും നമ്മുടെ പ്രദേശത്തെ വിദ്യാഭ്യാസരംഗത്ത് കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ചെക്കാലവിളാകം കേന്ദ്രീകരിച്ചു പ്രവർത്തിച്ചിരുന്ന പത്മവിലാസം ഗ്രന്ഥശാലപോലുള്ള സാംസ്കാരിക സ്ഥാപനങ്ങൾ അനൗപചാരിക വിദ്യാഭ്യാസരംഗത്തു ഗണ്യമായ സംഭാവനകൾനൽകി. പഞ്ചായത്തിന്റെ വിദ്യാഭ്യാസപുരോഗതിക്ക് സാമൂഹ്യ പ്രതിബദ്ധതയുള്ള അദ്ധ്യാപകർ കാര്യമായി പ്രവർത്തിച്ചിരുന്നു. സംസ്കൃതം, വൈദ്യശാസ്ത്രം എന്നിവ അഭ്യസിക്കുന്നതിനു വിദൂര ദേശങ്ങളിൽനിന്നുപോലും വിദ്യാർത്ഥികൾ കടയ്ക്കാവൂരിൽ എത്തിയിരുന്നു എന്നു ചൂണ്ടികാണിക്കപ്പെടുന്നു. ഇങ്ങനെ പലവിധ കാരണങ്ങളാൽ സ്വാതന്ത്ര്യസമ്പാദനത്തിനു മുമ്പുതന്നെ പൊതു വിദ്യാഭ്യാസരംഗത്തു നാം ഏറെ മുന്നിലെത്തിയിരുന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനപാദങ്ങളിൽ കോവിലഴികം ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന ഷൺമുഖവിലാസം പ്രൈമറി സ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. കോവിലഴികത്തുവീട്ടിൽ ശ്രീ. കെ.എസ്സ്. കൃഷ്ണപിള്ളയായിരുന്നു സ്ഥാപക മാനേജർ. ആദ്യകാലത്തു ഒന്നുമുതൽ മൂന്നുവരേയും, പിൽക്കാലത്തു ആറുവരേയും ക്ലാസുകൾ പ്രവർത്തിച്ചിരുന്നു. ഇക്കാലത്ത് ഒരു മിഷൻ സ്കൂളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി അനവധി കുടിപ്പള്ളിക്കൂടങ്ങളും നിലവിൽവന്നു. ഷൺമുഖവിലാസം സ്കൂളിന്റെ പ്രവർത്തനം 1944-45 കാലയളവിൽ നിലച്ചുപോയി. പ്രചോദനം ഉൾക്കൊണ്ട തദ്ദേശവാസികളുടെ സംഘടിത ശ്രമഫലമായി സ്ഥലം കണ്ടെത്തുകയും താൽക്കാലികമായി കെട്ടിടം നിർമ്മിച്ച് S.N.V പ്രൈമറി സ്കൂൾ എന്ന നാമധേയത്തിൽ മറ്റൊരു വിദ്യാലയം ആരംഭിക്കുകയും ചെയ്തു. ഈ സംരംഭത്തിനു നേതൃത്വം നൽകിയത് ശ്രീ. കുട്ടിൽ നീലകണ്ഠൻ, യു. നീലകണ്ഠൻ എക്സ് MLA, പാരാഴ്ച ഗോവിന്ദൻ തുടങ്ങിയവരാണ്. 1947-48 കാലയളവിൽ V.M. കോശി വിദ്യാഭ്യാസ ഡയറക്ടർ ആയിരുന്ന കാലയളവിൽ ഈ സ്കൂൾ സർക്കാർ ഏറ്റെടുത്തു.

1920-ൽ ശ്രീ. സേതുപാർവ്വതീഭായി ഇംഗ്ലീഷ് മിഡിൽ സ്കൂൾ എന്ന പേരിൽ നിലവിൽവന്നതാണു പഞ്ചായത്തിലെ മറ്റൊരു പ്രധാന സ്കൂൾ. ചിറയിൻകീഴ് പാലവിളയിൽ

ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**വിദ്യാലയ വിവരങ്ങൾ**
**1995-96**
**പട്ടിക-E1**

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | പഠനം നിർത്തിയവരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | M | F | T | M | F | T | M | F | T |
| I | എസ്.എൻ.വി. ജി. എച്ച്. എസ് | സർക്കാർ | 490 | 491 | 981 | 6 | 30 | 36 | 12 | 18 | 30 |
| II | ഗവ: ബി.വി. യു.പി. എസ്. | സർക്കാർ | 261 | 265 | 526 | 6 | 10 | 16 | 37 | 31 | 68 |
| III | ഗവ: യു.പി. എസ് കുടവൂർകോണം | സർക്കാർ | 296 | 280 | 576 | 6 | 11 | 17 | 2 | 2 | 4 |
| IV | ഗവ: എൽ.പി. എസ് കീഴാവൂർ | സർക്കാർ | 49 | 57 | 106 | – | 5 | 5 | – | 3 | 3 |
| V | എസ്.എസ്.പി. ബി. എച്ച്.എസ്. കടയ്ക്കാവൂർ | സർക്കാർ | 980 | 943 | 1923 | 16 | 48 | 64 | 36 | 27 | 63 |
| VI | ആസാദ് മെമ്മോറിയൽ എൽ.പി. എസ്. | എയ്ഡഡ് | 70 | 71 | 141 | 3 | 2 | 5 | – | – | – |
| VII | എസ്.ആർ.വി. എൽ.പി.എസ്. | എയ്ഡഡ് | 56 | 53 | 109 | – | 3 | 3 | – | – | – |
| VIII | വൈ.എൽ.എം. യു.പി.എസ്. | എയ്ഡഡ് | 76 | 60 | 136 | 2 | 5 | 7 | – | – | – |

ശ്രീ. പരമേശ്വരൻപിള്ളയായിരുന്നു സ്ഥാപക മാനേജർ. 1949-ൽ ഹൈസ്കൂളായി വികസിപ്പിക്കുകയും എസ്സ്.എസ്സ്.പി.ബി. ഹൈസ്കൂൾ എന്ന പേരിൽ അറിയപ്പെടുകയുംചെയ്യുന്നു. പഞ്ചായത്തിൽ ഇപ്പോൾ നിലവിലിരിക്കുന്ന എട്ടു സ്കൂളുകളിൽ ആറെണ്ണവും സ്വാതന്ത്ര്യസമരത്തിനു മുമ്പുതന്നെ നിലവിൽവന്നവയാണ്.

1983-ൽ ആണ് ശ്രീ നാരായണവിലാസം ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾ ഹൈസ്കൂൾ ആയത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിൽ ശ്രീമതി ഭഗവതി അമ്മാൾ സ്ഥാപിച്ച കുടിപ്പള്ളിക്കൂടം ഇന്നു ഭഗവതിവിലാസം ഗവൺമെന്റ് അപ്പർപ്രൈമറി സ്കൂളായി വികസിച്ചു. ഈ കാലയളവിൽതന്നെ കുടവൂർകോണത്ത് ഒരു കുടിപ്പള്ളിക്കൂടം സ്ഥാപിതമായി. ഇത് ഇന്ന് കുടവൂർക്കോണം ഗവൺമെന്റ് അപ്പർപ്രൈമറി സ്കൂൾ ആയി അറിയപ്പെടുന്നു. ഏക

**പട്ടിക E3**

**വിദ്യാലയങ്ങളിലേക്കുള്ള ശരാശരി യാത്രാദൂരം**

| സ്കൂൾ | ശരാശരി ദൂരം കി.മീ. | പരമാവധി ദൂരം കി.മീ. |
|---|---|---|
| ലോവർ പ്രൈമറി | 0.30 | 1.00 |
| അപ്പർ പ്രൈമറി | 1.20 | 2.00 |
| ഹൈസ്കൂൾ | 1.90 | 6.50 |

ദേശം 100 വർഷത്തോളം പഴക്കമുള്ള മൺചുവരുള്ള ഓലമേഞ്ഞ കെട്ടിടത്തിലാണു ഇന്നും ഈ സ്കൂൾ പ്രവർത്തിച്ചുവരുന്നത്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമേ 12 ട്യൂട്ടോറിയൽ കോളേജുകളും നാലു ടൈപ്പ്റൈറ്റിംഗ്

ഇൻസ്റ്റിറ്റ്യൂട്ടുകളും, രണ്ട് നൃത്തസംഗീത വിദ്യാലയങ്ങളും രണ്ടു കമ്പ്യൂട്ടർ സെന്ററും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി രണ്ടു നഴ്സറി സ്കൂളുകളും പ്രവർത്തിച്ചുപോരുന്നു. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ പഞ്ചായത്തിലില്ല. സാങ്കേതിക വിദ്യാഭ്യാസത്തിനായി തിരുവനന്തപുരം, കൊല്ലം, ആറ്റിങ്ങൽ എന്നീ പ്രദേശങ്ങളെയാണു ആശ്രയിക്കുന്നത്. കോളേജ് വിദ്യാഭ്യാസത്തിനായി തിരുവനന്തപുരം, കൊല്ലം, വർക്കല, ആറ്റിങ്ങൽ എന്നിവിടങ്ങളിലെ കോളേജുകളെ ആശ്രയിക്കുന്നു. അൺ എയ്ഡഡ് സ്ഥാപനങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിലില്ല.

പഞ്ചായത്തിനകത്തുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം പട്ടിക E1ൽ കൊടുത്തിരിക്കുന്നു. ഇതിനു പുറമേ 200-ഓളം വിദ്യാർത്ഥികൾ ആറ്റിങ്ങലിലെ ബോയിസ് ഹൈസ്കൂൾ, ഗേൾസ് ഹൈസ്കൂൾ എന്നിവിടങ്ങളിലും പഠിക്കുന്നു. ഹയർസെക്കന്ററി വിദ്യാഭ്യാസത്തിന് ആറ്റിങ്ങൽ, ആലംകോട്, വക്കം എന്നിവിടങ്ങളിലെ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളെയാണ് ആശ്രയിക്കുന്നത്. സാമ്പത്തികമായി ഉയർന്ന വിഭാഗത്തിലെ 500-ൽ അധികം കുട്ടികൾ സമീപപ്രദേശങ്ങളിലെ ഇംഗ്ലീഷ്മീഡിയം സ്കൂളുകളിലേക്കു പോകുന്നു. പഞ്ചായത്തിൽ നിലവിലുള്ള രണ്ടു ഹൈസ്കൂളുകളും ഒരു മേഖല കേന്ദ്രീകരിച്ചായതിനാൽ 6, 7, 8, 9, 10 എന്നീ വാർഡുകളിലെ കുട്ടികൾക്കു മൂന്നുമുതൽ ആറു കിലോമീറ്റർവരെ യാത്രചെയ്യേണ്ട ദുരവസ്ഥ നിലനിൽക്കുന്നു. നിലവിലുള്ള വിദ്യാലയങ്ങളുടെ ദൂരപരിധി പട്ടിക E3ൽ രേഖപ്പെടുത്തിയിരിക്കുന്നു.

വിദ്യാലയസർവ്വേയിൽനിന്നും ലഭിച്ച വിവരങ്ങൾ വെളിപ്പെടുത്തുന്നതു പഞ്ചായത്തിലെ അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകൾ ആണെന്നാണ് 156-ൽ 114 പേർ. അദ്ധ്യാപകരിൽ നല്ലൊരുഭാഗവും വേണ്ടത്ര ഇൻസർവ്വീസ് ട്രെയിനിംഗിന് വിധേയരായിട്ടില്ല. മൂന്നു വിദ്യാലയങ്ങളിൽമാത്രമേ വൈദ്യുതി ലഭ്യമായിട്ടുള്ളൂ. മിക്ക സ്കൂളുകളിലും കളിസ്ഥലം, സ്റ്റാഫ്മുറി, കക്കൂസ്, മൂത്രപ്പുര, പാചകപ്പുര എന്നിവ ഇല്ല. ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ, പഠനോപകരണങ്ങൾ മുതലായവയുടെ അഭാവങ്ങൾ കാണുന്നു. വിദ്യാലയങ്ങളിലെ പഠനനിലവാരത്തെക്കുറിച്ചു തൃപ്തികരമായ അഭിപ്രായമല്ല നിലനിൽക്കുന്നത്. പ്രാഥമിക പഠനത്തിന്റെ വെളിച്ചത്തിൽ 15% ത്തിലധികം വിദ്യാർത്ഥികൾ പ്രതീക്ഷിത മിനിമം നിലവാരത്തിലും താഴെയാണ്. പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളുകളിലെ കഴിഞ്ഞ ഏതാനും വർഷത്തെ S.S.L.C വിജയവിവരപട്ടിക E4ൽ രേഖപ്പെടുത്തിയിരിക്കുന്നു.

## S.S.L.C വിജയശതമാനം

സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള "18" അങ്കണവാടികളും, ഒരു ബാലവാടിയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അങ്കണവാടികളിൽ മിക്കവയ്ക്കും സ്വന്തമായി കെട്ടിടമോ പഠനത്തിനാവശ്യമായ പഠനോപകരണങ്ങളോ, കളിക്കോപ്പുകളോ ഇല്ല. കുട്ടികൾക്കു നൽകുന്ന ഭക്ഷണ പദാർത്ഥങ്ങൾ പോഷകമൂല്യംകുറഞ്ഞതും ഗുണനിലവാരം ഇല്ലാത്തവയും ആകുന്നു.

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ ശുഷ്കമാണ്. രണ്ടു ഹൈസ്കൂളുകൾ ഒഴികെ മറ്റൊരു സ്കൂളിനും ചുറ്റുമതിൽ നിർമ്മിച്ചിട്ടില്ല. കുട്ടികളുടെ പഠനസൗകര്യത്തിനുള്ള ഡസ്ക്ക്, ബഞ്ച് തുടങ്ങിയവ പരിമിതമാണ്.

**എസ്. എസ്. എൽ.സി. വിജയശതമാനം**

**പട്ടിക E4**

| വർഷം | പരീക്ഷ എഴുതിയവർ | | വിജയിച്ചവർ | | ശതമാനം | |
|---|---|---|---|---|---|---|
| | SNV GHS | SSPBHS | SNV GHS | SSPBHS | SNV GHS | SSPBHS |
| 1991-'92 | 113 | 302 | 61 | 142 | 53 | 47 |
| 1992-'93 | 111 | 336 | 59 | 189 | 53 | 56 |
| 1993-'94 | 104 | 347 | 53 | 162 | 51 | 57 |
| 1994-'95 | 108 | 375 | 49 | 212 | 45 | 57 |
| 1995-'96 | 105 | 336 | 46 | 168 | 43 | 50 |

# വിദ്യാലയ ഭൗതിക സാഹചര്യങ്ങൾ

## പട്ടിക E2

| | |
|---|---|
| ഉള്ളത് | ✓ |
| ഇല്ലാത്തത് | X |

| ക്രമ നമ്പ | വിദ്യാലയത്തിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലാബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതീകരണം | കളി സ്ഥലം | കിണർ/ പൈപ്പ് | ഡസ്ക് | ബഞ്ച് | ചുറ്റു മതിൽ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | എസ്സ്.എൻ.വി ഗവ. എച്ച്. എസ്സ് | 109 സെ | ✓ | X | X | X | 3 | 2 | X | ✓ | X | ✓ | 30 | 50 | ✓ |
| 2. | ഗവ. ബി.വി.യു പി. എസ്സ് | 63സെ | ✓ | ✓ | X | X | 1 | 1 | X | X | X | X | 38 | 20 | X |
| 3. | ഗവ. യു.പി.എസ്സ് കുടവൂർക്കോണം | 125സെ | ✓ | X | X | X | 2 | – | ✓ | ✓ | ✓ | X | 60 | 25 | X |
| 4. | ഗവ. എൽ.പി. എസ്സ്.കീഴാറ്റിങ്ങൽ | 104സെ | X | X | X | X | 1 | 1 | X | X | ✓ | ✓ | 16 | 8 | X |
| 5. | എസ്സ്.എസ്സ്.പി. B.H.S. | 190 | ✓ | ✓ | ✓ | ✓ | 2 | 1 | X | ✓ | ✓ | ✓ | 120 | 120 | ✓ |
| 6. | ആസാദ് മെമ്മോറിയൽ എൽ.പി.എസ്സ് | 100സെ | ✓ | X | X | ✓ | 1 | – | X | X | ✓ | ✓ | 15 | 4 | X |
| 7. | എസ്സ്.ആർ.വി. എൽ.പി.എസ്സ് | ഇല്ല | ✓ | ✓ | X | X | – | – | X | X | X | X | X | 6 | X |
| 8. | വൈ.എൽ.എം യു.പി.എസ്സ് | 105സെ | ✓ | ✓ | X | X | 2 | 1 | X | X | X | X | 20 | 5 | X |

സ്കൂളുകളിൽ ലൈബ്രറി ശാസ്ത്രകൗതുകം വർദ്ധിപ്പിക്കുന്നതിനുള്ള ലബോറട്ടറി തുടങ്ങിയ സംവിധാനങ്ങൾ അപര്യാപ്തമാണ്. കലാകായിക ശേഷി വർദ്ധിപ്പിക്കുന്നതിനു യുവജനോൽത്സവമാണു ഏക ആശ്രയം. സ്കൂളുകളിൽ ശരാശരി 60 കുട്ടികൾ മാത്രമാണു ഇത്തരം മൽസരങ്ങളിൽ പങ്കെടുക്കുന്നത്. ഗ്രയിഡും, ട്രോഫികളും ലഭിക്കുന്നുണ്ട്. വിദ്യാലയങ്ങളുടെ പ്രവർത്തനനിലവാരം വിലയിരുത്തുമ്പോൾ അദ്ധ്യാപക-രക്ഷാകതൃസമിതികളുടെ പ്രവർത്തനം അവലോകനംചെയ്യേണ്ടതുണ്ട്. വിദ്യാഭ്യാസരംഗത്തെ സാമൂഹ്യ ഇടപെടൽ തൃപ്തികരമല്ല. സാമ്പത്തികബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന രക്ഷകർത്താക്കൾ P.T.Aയിൽ എത്തിച്ചേരാറില്ല. ശിശുസംരക്ഷണത്തിനു പ്രത്യേകസംവിധാനങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിലില്ല. നിലവിലുള്ള കുടവൂർക്കോണം യു.പി.എസ്, ശ്രീനാരായണവിലാസം ഗവൺമെന്റ് ഹൈസ്കൂൾ എന്നിവയ്ക്കുള്ള കെട്ടിടങ്ങൾ പരിമിതവും സുരക്ഷിതത്വമില്ലാത്തതുമാണ്. അശാസ്ത്രീയമായ ക്ലാസ്കയറ്റസമ്പ്രദായംമൂലം വിദ്യാർത്ഥികളിൽ ഇപ്പോഴും അക്ഷരാഭ്യാസമില്ലായ്മ നിലനിൽക്കുന്നു.

ഔപചാരികവിദ്യാഭ്യാസം അവലോകനംചെയ്യുന്നതോടൊപ്പം അനൗപചാരികവിദ്യാഭ്യാസരംഗവും അവലോകനം ചെയ്യേണ്ടതുണ്ട്. 1990-ലെ ഒന്നാംഘട്ട സാക്ഷരതാപ്രവർത്തനത്തിൽ ഈ പ്രോജക്റ്റിലെ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ അലങ്കരിക്കുവാൻ പഞ്ചായത്തിനുകഴിഞ്ഞിട്ടുണ്ട്. ആദ്യഘട്ട പ്രവർത്തനത്തിന്റെ ചുവടുപിടിച്ചുകൊണ്ടു നടപ്പിലാക്കിയ രണ്ടാം ഘട്ട പ്രവർത്തനം താരതമ്യേന വിജയപ്രദമായിരുന്നു എങ്കിലും, മൂന്നാംഘട്ടം ക്രിയാത്മകമായി പ്രവർത്തിച്ചില്ല എന്നാണു സാക്ഷരതാസമിതി വിലയിരുത്തിയിട്ടുള്ളത്. നവസാക്ഷരർ ഇന്നു നവനിരക്ഷരരായി മാറിയിട്ടുണ്ട്. തുടർവിദ്യാഭ്യാസകേന്ദ്രങ്ങളുടെ സ്ഥാപനത്തിലൂടെ സാക്ഷരതാപ്രവർത്തനം ശക്തമാക്കേണ്ടതുണ്ട്. 1991-ലെ സാക്ഷരതാ സർവ്വേയിൽ പഞ്ചായത്തിലെ മൊത്തം നിരക്ഷരരും പഠനകേന്ദ്രങ്ങളിൽ എത്തിച്ചേർന്നവരുടേയും പട്ടിക E5ൽ രേഖപ്പെടുത്തിയിരിക്കുന്നു.

## സാക്ഷരതാനിലവാരം

പട്ടിക E5

| നിരക്ഷരർ | | | ക്ലാസ്സിലെത്തിച്ചേർന്നത് | | |
|---|---|---|---|---|---|
| Total | Male | Female | Total | Male | Female |
| 2335 | 776 | 1559 | 1686 | 421 | 1265 |

അവലംബം: സാക്ഷരതാ സ്മരണിക 1995

## പരിഹാരനിർദ്ദേശങ്ങൾ:

1. മണനാക്കുമുതൽ തൊട്ടിക്കല്ലുവരെയുള്ള പ്രദേശങ്ങളിലെ കുട്ടികളുടെ യാത്രാദൂരം ഒഴിവാക്കുന്നതിനു കുടവൂർക്കോണം ഗവൺമെന്റ് അപ്പർപ്രൈമറി സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ്ചെയ്യുക.
2. അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക:
3. തൊഴിലധിഷ്ടിത-സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.
4. അശാസ്ത്രീയമായ സിലബസ് പുന:പരിശോധിച്ചുകൊണ്ടു വിദ്യാർത്ഥികളുടെ ബൗദ്ധികനിലവാരം മെച്ചപ്പെടുത്തുന്ന പരീക്ഷാസമ്പ്രദായം അവലംബിക്കുക.
5. മാതൃഭാഷയിലുള്ള പ്രീപ്രൈമറി വിദ്യാഭ്യാസം നിർബന്ധമാക്കുക.
6. ഉച്ചഭക്ഷണം എല്ലാ സ്കൂളുകളിലും നിർബന്ധമാക്കുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുക.
7. ലബോറട്ടറി സൗകര്യങ്ങൾ, പഠനോപകരണങ്ങൾ, കായിക സാമഗ്രികൾ എന്നിവ പരസ്പരം പ്രയോജനപ്പെടുത്താൻ ഉതകുമാറ് സ്കൂൾ കോംപ്ലക്സുകൾക്ക് രൂപംനൽകുക.
8. കായികപ്രതിഭകളെ വാർത്തെടുക്കുന്നതിനായി സ്കൂൾ തലത്തിൽ അക്കാഡമിക് സമിതികൾ രൂപീകരിക്കുക.
9. അക്കാഡമിക് പ്രവർത്തനങ്ങൾ ഉൾപ്പെടെ സമ്പുഷ്ടമാക്കുമാറ് P.T.A യുടെ പ്രവർത്തനം ശക്തമാക്കുക.
10. വിദ്യാജ്യോതി, D.P.E.P എന്നിവ ഫലവത്തായ രീതിയിൽ നടപ്പിലാക്കുക.
11. അപ്പർപ്രൈമറിതലത്തിൽ അദ്ധ്യായനസമയം ഏകീകരിക്കുക.
12. സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന വിദ്യാർത്ഥികൾക്കു സാമ്പത്തികസഹായംനൽകി അവരുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുക.
13. കെട്ടിടങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്ന കുടവൂർക്കോണം, ശ്രീനാരായണവിലാസം, എന്നീ സ്കൂളുകൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക.



# ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

**കുടിവെള്ളം:**

കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിലെ മുഖ്യ കുടിനീർ സ്രോതസ്സ് കിണറുകളാണ്. 5402 വരുന്ന വീടുകളിൽ അറുപതുശതമാനത്തോളം കുടുംബങ്ങൾ സ്വന്തം കിണറുകളേയും, മറ്റുള്ളവർ അയൽവക്ക കിണറുകളേയും, പൊതു ടാപ്പുകളേയുമാണ് ആശ്രയിക്കുന്നത്. ഒന്നുമുതൽ 3 വരെയുള്ള വാർഡുകളിലെ കുടിവെള്ളക്ഷാമത്തിനു കാരണം ഉപ്പും, ഓരുമാണ്. മഴയുടെ ദൗർലഭ്യവും അനധികൃതമണലൂറ്റും, തോടുകളും, ചതുപ്പുകളും നികഴ്ത്തിയതുമൂലം ഉണ്ടായ പരിസ്ഥിതിപ്രശ്നവുമാണ് ഇതരവാർഡുകളിലെ കുടിവെള്ള പ്രശ്നങ്ങൾക്കു നിദാനം. രണ്ടു ശുദ്ധജലപദ്ധതികളാണു നമ്മുടെ പ്രദേശത്തുള്ളത്. ഒന്നുമുറൽ അഞ്ചുവരെ വാർഡുകളെ ഉദ്ദേശിച്ചുകൊണ്ടുള്ള വക്കം-കടയ്ക്കാവൂർ-അഞ്ചുതെങ്ങ് സമഗ്രശുദ്ധജലപദ്ധതിയും, ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കിയ കീഴാറ്റിങ്ങൽ റൂറൽ വാട്ടർ സപ്ളെ പദ്ധതിയുമാണ്. നമ്മുടെ പഞ്ചായത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ ഈ പദ്ധതികൾ പര്യാപ്തമല്ല. ഗുണമേന്മ ഇല്ലാത്ത പൈപ്പുകൾതന്നെയാണ് മുഖ്യ കാരണം. കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്താത്തതും മറ്റൊരു കാരണമായി ചൂണ്ടികാണിക്കാവുന്നതാണ്. രൂക്ഷമായ ജലദൗർലഭ്യം ഏറ്റവും കൂടുതൽ ഉള്ള മേലാറ്റിങ്ങൽ മേഖലയിൽ പലയിടങ്ങളിലും പൊതു ടാപ്പുകൾ ഇനിയും സ്ഥാപിച്ചിട്ടില്ല. വേനൽകാലങ്ങളിൽ വേണ്ടത്ര ശുദ്ധജലം ലഭിക്കാത്തതിനാൽ ഒന്നുമുതൽ രണ്ടുകിലോമീറ്റർ ദൂരംവരെ സഞ്ചരിക്കേണ്ടിവരുന്നു. കോളനികളിലും, ലക്ഷംവീടുകളിലും കുടിവെള്ളപ്രശ്നം രൂക്ഷമാണ്. നമ്മുടെ പഞ്ചായത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനു 27 പൊതുകിണറുകളും ഒരു കുഴൽകിണറും ഇന്നു നിലവിലുണ്ട്. എന്നാൽ വേനൽകാലങ്ങളിൽ (ഏപ്രിൽ, മെയ്) ഈ പൊതു കിണറുകൾ വറ്റി വരണ്ടുപോകുന്ന സ്ഥിതിയാണ് ഉള്ളത്. വേനൽകാലത്തു ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്ന കീഴാറ്റിങ്ങൽ വില്ലേജിലാണു കുടിവെള്ളം വിതരണംചെയ്യുന്നത്.

**പരിഹാരസാദ്ധ്യതകൾ**

1. ആവശ്യമായ ഇടങ്ങളിൽ വാട്ടർ ടാപ്പുകൾ സ്ഥാപിച്ചു കുടിവെള്ളക്ഷാമം പരിഹരിക്കുക.
2. പൊതു കിണറുകൾ ശുചീകരിക്കുകയും ആഴംകൂട്ടുകയും ചെയ്യുക.
3. ഗുണമേന്മ ഇല്ലാത്ത പൈപ്പുകൾ മാറ്റിസ്ഥാപിക്കുകയും അറ്റകുറ്റപണികൾ യഥാസമയം നടത്തുകയും ചെയ്യുക.
4. കോളനികളിലും ജനസാന്ദ്രത അധികമായ മറ്റിടങ്ങ





ളിലും പൊതുകിണറുകൾ കുഴിക്കുക.

5. ഒന്ന്, രണ്ട്, മൂന്ന് വാർഡുകളെ ബന്ധപ്പെടുത്തി രണ്ടാംവാർഡിലെ പൂന്തോട്ടം വലിയകിണറിൽനിന്നും സമാന്തര ശുദ്ധജലപദ്ധതി ആരംഭിക്കുക.
6. അനധികൃത മണലൂറ്റു തടയുക.

## പരിസരശുചിത്വം.

കഴിഞ്ഞ കാലങ്ങളിൽ ഒന്നുംതന്നെ പഞ്ചായത്തിന്റെ വികസനപദ്ധതികളിൽ പരിസരശുചിത്വത്തിനു മതിയായ പരിഗണന നൽകിയിരുന്നില്ല. ആരോഗ്യസംബന്ധമായ കാര്യങ്ങളിൽ മുന്തിയ പ്രാധാന്യം നൽകേണ്ടത് ഈ മേഖലക്കാണ്. ചികിത്സാരംഗത്തു ലക്ഷങ്ങൾ ചെലവിടുമ്പോൾ ഉണ്ടാകുന്ന നേട്ടങ്ങളെക്കാൾ പതിന്മടങ്ങ് നേട്ടങ്ങൾ ഈ രംഗത്ത് കൈവരിക്കാൻ ബോധവൽക്കരണത്തിലൂടെ നമുക്കുകഴിയും.

കുടിവെള്ള മലിനീകരണമാണ് ഇന്നു നമ്മുടെ പഞ്ചായത്തിലെ പല രോഗങ്ങൾക്കും കാരണം.ശുദ്ധജലമലിനീകരണത്തിനു കാരണമാകുന്നതു പ്രധാനമായും തുറസ്സായ സ്ഥലത്തുള്ള മലവിസർജ്ജനമാണ്. മനുഷ്യമലത്തിലുള്ള രോഗാണുക്കൾ വിവിധ മാർഗ്ഗങ്ങളിലൂടെ കുടിവെള്ളത്തിന്റെ ഉറവിടമായ കിണർ, നദി മുതലായവയിലെത്തിച്ചേരുന്നു. കുടിവെള്ളമെടുക്കുന്ന കിണറുകളുടേയുംമറ്റും സമീപത്തുനിന്നും കുളിക്കുക, കന്നുകാലികളെ കഴുകുക, വസ്ത്രം അലക്കുക, ശൗചക്രിയകൾ നടത്തുക തുടങ്ങിയവമൂലവും രോഗാണുക്കൾ ജലത്തിൽ കലരുന്നു. അശുദ്ധമായ തൊട്ടിയും കയറും ഉപയോഗിച്ചു വെള്ളം കോരിയാലും ജലം മലിനമാകും. കുടിവെള്ളത്തിൽ കൈമുക്കുന്നതുമൂലം ജലം മലിനമാകും. ഓടകൾ, വളക്കുഴികൾ, കക്കൂസ് മുതലായവയിൽനിന്നും മാലിന്യം തൊട്ടടുത്തുള്ള ജലസ്രോതസ്സുകളിൽ എത്തിച്ചേരാൻ ഇടയുണ്ട്. ഇങ്ങനെ നോക്കിയാൽ ജലത്തിന്റെ ഉറവിടംമുതൽ ഉപയോഗംവരെ പലവിധത്തിൽ ജലം മലിനമാകുന്നു.

1990-ൽ സോഷ്യോ- എക്കണോമിക് യൂണിറ്റിന്റെ നിർദ്ദേശാനുസരണം കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിലെ വിവിധ മേഘലകളിൽനിന്നും റാൻഡം സാമ്പിൾപ്രകാരം തെരഞ്ഞെടുത്ത 10 കിണറുകളിലെ വെള്ളം പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ, മേൽസൂചിപ്പിച്ച ഒരു ഒറ്റതുറന്ന കിണറിലേയും കുടിവെള്ളത്തിനു നിർദ്ദിഷ്ട ഗുണമേന്മ ഇല്ലെന്നുള്ളതാണു ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നത്. കിണറുകളിൽനിന്നും വെള്ളത്തിന്റെ സാമ്പിളുകൾ പരിശോധനക്കു വിധേയമാക്കിയതു ഡിസംബർമുതൽ ഏപ്രിൽവരെയുള്ള മാസങ്ങളിലായിരുന്നു. മഴക്കാലംപോലുള്ള കാലഘട്ടങ്ങളിലുണ്ടാകാവുന്നതിനെ അപേക്ഷിച്ചു മെച്ചപ്പെട്ട ഒരു കാലാവസ്ഥാസമയമായിരുന്നു. അത്. കിണർജലത്തിന്റെ ഗുണമേന്മ ഉയർന്നിരിക്കുന്നതു ഈ കാലയളവിലാണ്. എന്നിട്ടുകൂടി പരിശോധനക്കു വിധേയമാക്കപ്പെട്ട കിണറുകൾ മലമാലിന്യങ്ങളാൽ മലിനീകരിക്കപ്പെട്ടിരിക്കുന്നു എന്നാണ് തെളിയിക്കപ്പെട്ടത്.

ആരോഗ്യപ്രശ്നങ്ങളിന്മേലുള്ള അറിവില്ലായ്മയും കുറഞ്ഞ സാമ്പത്തികശേഷിയുമാണ് കക്കൂസുകൾ നിർമ്മിക്കാതിരിക്കാനുള്ള കാരണമായി റിപ്പോർട്ട് ചെയ്യുന്നത്. ഇതുമൂലമുണ്ടാകുന്ന പരിസരമലിനീകരണവും ചപ്പുചവറുകൾ കുന്നുകൂടുന്നതിലും കൊതുകുശല്യം വർദ്ധിപ്പിക്കുവാൻ കാരണമാകുന്നു. ഖരമാലിന്യങ്ങൾ നശിപ്പിക്കുന്ന പ്രവണത പത്തുശതമാനം ആളുകളിൽമാത്രം ഒതുങ്ങിനിൽക്കുന്നു. വ്യക്തിപരമായ ശുചിത്വംപുലർത്തുന്ന നാം പരിസരശുചിത്വത്തിന്റെ കാര്യം അത്ര കാര്യമായി എടുക്കാറില്ല. ഡംപിപനിയും, മെനഞ്ചറ്റിസ് തുടങ്ങിയ മാരകരോഗങ്ങൾ പരത്തുന്നത് കൊതുകുകളാണ്. പ്രാണിജന്യരോഗങ്ങളെ അകറ്റിനിർത്തുവാൻ വേണ്ടുന്ന മുൻകരുതലുകൾ നാം സ്വീകരിച്ചേ മതിയാവൂ.

## പരിഹാരനിർദ്ദേശങ്ങൾ:

1. പരിസരശുചീകരണത്തേക്കുറിച്ചും, ആരോഗ്യപരിപാലനത്തെക്കുറിച്ചും ബോധവൽക്കരണക്യാമ്പുകൾ സംഘടിപ്പിക്കുക.
2. കക്കൂസ് ഇല്ലാത്തവർക്കു കക്കൂസുനിർമ്മിച്ച് കൊടുക്കുക.
3. കിണറുകൾ ക്ളോറിനേറ്റുചെയ്യുവാൻ M.S.S. പ്രവർത്തകരേയും സാക്ഷരതാ പ്രവർത്തകരേയും ഉൾപ്പെടുത്തി വാർഡുതലസമിതികൾ രൂപീകരിക്കുക. (മാസത്തിൽ ഒരിക്കൽ ക്ളോറിനേറ്റുചെയ്യുക)
4. കക്കൂസ്, തൊഴുത്ത്, ചാണകക്കുഴി തുടങ്ങിയവയിൽനിന്നു 15 മീറ്റർ അകലത്തിലാകണം കിണറിന്റെ സ്ഥാനം.
5. ചരിഞ്ഞ പ്രതലമാണെങ്കിൽ കിണർ ഉയർന്നപ്രദേശത്തു സ്ഥാപിക്കുക.
6. കിണറുകളിൽ ഇല തുടങ്ങിയവ വീഴാതിരിക്കാൻ ശ്രദ്ധിക്കുക.
7. കിണറിനുചുറ്റും മലിനജലം കെട്ടികിടക്കാതിരിക്കാൻ ശ്രദ്ധിക്കുക.
8. കിണറുകൾ സൂര്യപ്രകാശംകിട്ടത്തക്കവിധത്തിലായിരിക്കണം.

9. പൊതു സ്ഥലങ്ങളിൽനിന്നും ഖരമാലിന്യങ്ങൾ നീക്കം ചെയ്യുകയും രണ്ടോ അതിൽ കൂടുതലോ പഞ്ചായത്തുകൾ ചേർന്ന് ഒരു ട്രീറ്റ്മെന്റ് പ്ലാന്റു സ്ഥാപിക്കുക.
10. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പ്രോത്സാഹിപ്പിക്കുക, പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.

## ആരോഗ്യം

ദരിദ്രജനവിഭാഗങ്ങൾക്കു ആകെ പ്രയോജനപ്പെടുത്തക്കവിധത്തിൽ ഈ രംഗം വികസിപ്പിക്കേണ്ടതായിട്ടുണ്ട്. ആരോഗ്യകേന്ദ്രങ്ങളോടു അനുബന്ധിച്ച് ഇന്നു നിലവിലുള്ള സൗഹൃദകമ്മറ്റികളും വികസനകമ്മറ്റികളും ഈ രംഗത്തു ഫലപ്രദമായി ഇടപെടേണ്ടതുണ്ട്. നമ്മുടെ പ്രദേശത്തെ ഉയർന്ന സാക്ഷരതനിരക്കാണു ഒരു പരിധിവരെ ആരോഗ്യപരിപാലനരംഗത്തു നേട്ടങ്ങൾ കൈവരിക്കാൻ നമ്മെ സഹായിച്ചിട്ടുള്ളത്.

കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ ഒരു P.H.C സെന്ററും അതിനോടു അനുബന്ധിച്ചു അഞ്ചു സബ്സെന്ററുകളും പ്രവർത്തിച്ചുവരുന്നു. നാലാം വാർഡിൽ ഗവൺമെന്റ് ആയൂർവേദ ആശുപത്രിയും, മൂന്നാംവാർഡിലെ റൂറൽ ഹോമിയോ ഡിസ്പെൻസറിയുമാണു പഞ്ചായത്തിലെ ഔദ്യോഗിക പൊതുജന ആരോഗ്യ കേന്ദ്രങ്ങൾ. ഇവ കൂടാതെ ആറു സ്വകാര്യ ക്ലിനിക്കുകളും ഒരു ആയൂർവ്വേദ റിസർച്ച് ലബോറട്ടറിയും ഒരു വിഷചികിത്സാകേന്ദ്രവും ഇവിടെ പ്രവർത്തിച്ചുവരുന്നു. കൂടാതെ നാട്ടുചികിത്സയും പഞ്ചായത്തിലുടനീളം നടക്കുന്നുണ്ട്. പഞ്ചായത്തിലെ ജനതയുടെ ആരോഗ്യപരമായ പ്രശ്നങ്ങൾ നിറവേറ്റാൻ ഇവ പര്യാപ്തമല്ല P.H.C സെന്ററിനു മാത്രമാണു സ്വന്തമായി കെട്ടിടമുള്ളത്. ഗവൺമെന്റ് ആയൂർവ്വേദ ഡിസ്പെൻസറി കഴിഞ്ഞ 38 വർഷമായി വാടകകെട്ടിടത്തിലാണു പ്രവർത്തിക്കുന്നത്. 10 വർഷമായി ഈ കെട്ടിടം സുരക്ഷിതമല്ലെന്നു ഡിപ്പാർട്ടുമെന്റു സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാകുന്നു. സ്ഥാപനപരമായ ഒട്ടേറെ പ്രശ്നങ്ങൾ ഈ കേന്ദ്രത്തിനുണ്ട്.

ഗവൺമെന്റ് റൂറൽ ഹോമിയോ, ഡിസ്പെൻസറി കടയ്ക്കാവൂർ പബ്ലിക് മാർക്കറ്റിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലാണു പ്രവർത്തിച്ചുവരുന്നത്. ഈ മൂന്നു ഔദ്യോഗിക പൊതുജന ആരോഗ്യ കേന്ദ്രങ്ങളിൽ പൊതു ടാപ്പുകളില്ല. P.H.C. സെന്ററിനും ആയൂർവേദ ആശുപത്രിക്കും മാത്രമാണ് സ്വന്തമായി കിണറുകൾ ഉള്ളത്. റൂറൽ ഹോമിയോ ഡിസ്പെൻസറി പൊതു ടാപ്പുകളേയും അയൽപക്ക കിണറുകളേയുമാണ് ആശ്രയിക്കേണ്ടിവരുന്നത്.

ഇനി പ്രായാടിസ്ഥാനത്തിലുള്ള ദമ്പതിമാരുടെ കണക്കുകൾ പരിശോധിക്കാം.

| 15-19 | 20-24 | 25-29 | 30-34 | 35-39 | 40-44 | ആകെ |
|---|---|---|---|---|---|---|
| 61 | 612 | 875 | 748 | 549 | 271 | 3116 |

1995-96 വർഷത്തിൽ ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ അമ്മമാരുടെ എണ്ണം.

| 1 കുട്ടി | 2 കുട്ടികൾ | രണ്ടിൽ കൂടുതൽ |
|---|---|---|
| 688 | 1312 | 924 |

ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ.

| 1 കുട്ടി | 2 കുട്ടികൾ | രണ്ടിൽ കൂടുതൽ |
|---|---|---|
| 10 | 1312 | 924 |

ഒരുവയസ്സിനു താഴെ പ്രായമുള്ള കുട്ടികളിൽ രോഗപ്രതിരോധകുത്തിവയ്പ്പ് സ്വീകരിച്ചവർ.

| പൂർണ്ണമായി | ഭാഗികമായി | ആകെ |
|---|---|---|
| 172 | 204 | 376 |

കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ടുചെയ്യപ്പെട്ട ജനന-മരണവിവരങ്ങളാണു ചുവടെ ചേർക്കുന്നത്. നിലവിലുള്ള ജനന-മരണ രജിസ്ട്രേഷനുകളിൽ വന്നിട്ടുള്ള നിയമതടസ്സങ്ങൾ വിവരങ്ങൾ അപൂർണ്ണമാക്കുന്നു.

കഴിഞ്ഞ മൂന്നുവർഷത്തെ കണക്കുകളാണ് ചുവടെ ചേർക്കുന്നത്.

| ഏപ്രിൽ മാർച്ച് | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993-'94 | 229 | 84 | 1 |
| 1994-'95 | 225 | 104 | ശൈശവമരണം 1 |
| 1995-'96 | 93 | 86 | 1 ചാപിള്ള + 1 ശൈശവമരണം |

ആഹാരക്രമങ്ങളിലുണ്ടായ മാറ്റംമൂലമുണ്ടാകുന്ന ഹൃദ്രോഗം പഞ്ചായത്തിൽ വർദ്ധിച്ചുവരുകയാണ്. കൂടാതെ

രക്തസമ്മർദ്ദം, പ്രമേഹം, ക്യാൻസർ മുതലായവയും വർദ്ധിച്ചുവരുന്നതായി കാണാം. പൊതുജനാരോഗ്യ കേന്ദ്രങ്ങൾ ഇപ്പോൾ കുടുംബക്ഷേമപ്രവർത്തനങ്ങൾക്കാണു മുൻതൂക്കം നൽകുന്നത്. രോഗപ്രതിരോധ കുത്തിവയ്പിലൂടെ തടയാവുന്ന രോഗങ്ങൾ കുറഞ്ഞതാണു മരണനിരക്കു കുറഞ്ഞതിനു സുപ്രധാനമായ കാരണം. വായു–ജലം എന്നിവയിലൂടെ പകരുന്ന രോഗങ്ങൾ അനാരോഗ്യത്തിനു കാരണമാകുന്നു. കടയ്ക്കാവൂരിലെ ജനങ്ങളുടെ വയോഘടന അതിദ്രുതം മാറിക്കൊണ്ടിരിക്കുകയാണ്. ബാലജനസംഖ്യ കുറഞ്ഞുകൊണ്ടിരിക്കുമ്പോൾ വൃദ്ധരുടേതു വർദ്ധിക്കുന്നു. 60 വയസ്സിനു മേലുള്ള ജനസംഖ്യാവർദ്ധനവിൽ സ്ത്രീകളുടെ തോതും വർദ്ധിക്കുന്നു. ജനസംഖ്യനിയന്ത്രണത്തിന്റേയും മരണനിരക്കു കുറഞ്ഞതിന്റേയും അനന്തരഫലമാണു വയോഘടനയുടെ മാറ്റം. അദ്ധ്വാനിക്കാവുന്ന പ്രായമുള്ളവർക്കിടയിലെ കുടിയേറ്റം വൃദ്ധരുടെ തോത് വർദ്ധിക്കുവാൻ ഇടയാകുന്നു. ജനങ്ങളുടെ ഇടയിൽ പ്രായമേറിയവരുടെ തോത് വർദ്ധിക്കുന്നത് പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കും. വൃദ്ധർക്കു സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ട ആവശ്യകത ഗ്രാമസഭകളിൽനിന്നുതന്നെ ഉയർന്നുവന്നിട്ടുണ്ട്.

കടയ്ക്കാവൂരിലെ ഔദ്യോഗിക പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സക്ക് എത്തിയവരുടെ കണക്കുകൾ പരിശോധിക്കാം. ചികിത്സ ആവർത്തനസ്വഭാവമുള്ളതിനാൽ നടന്ന ചികിത്സകളുടെ കണക്കായി പരിഗണിക്കുക.

ഗവൺമെന്റ് ഹോമിയോ റൂറൽ ഡിസ്പെൻസറി

O.P. വിഭാഗം

| 1992–'93 | 1993–'94 | 1994–'95 | 1995–'96 | ആകെ |
|---|---|---|---|---|
| 32274 | 36080 | 38542 | 42867 | 149763 |

1980 ൽ ആരംഭിച്ച ഈ ഡിസ്പെൻസറിയിൽ ഒരു മെഡിക്കൽ ആഫീസർ ഉൾപ്പെടെ 3 ജീവനക്കാരാണ് ഉള്ളത്.

1958–ൽ O.P. വിഭാഗത്തോടുകൂടി പ്രവർത്തനം ആരംഭിച്ച ഈ ആയുർവേദ ആശുപത്രിയിൽ 1982 ലാണ് 15 കിടക്കകളോടുകൂടിയ I.P വിഭാഗം പ്രവർത്തനം ആരംഭിച്ചത്. രോഗികൾക്കും, ജീവനക്കാർക്കും വേണ്ടുന്ന അടിസ്ഥാനസൗകര്യങ്ങൾപോലും ഇവിടെ ലഭ്യമല്ല. നാലുവർഷത്തെ കണക്കുകൾ അനുസരിച്ച് 92,453 ചികിത്സകൾ ഇവിടെ നടന്നു. വാതസംബന്ധമായ ചികിത്സയ്ക്കാണു ഇവിടെ രോഗികൾ ഏറ്റവും കൂടുതൽ എത്തുന്നതെന്നു കണക്കുകൾ സൂചിപ്പിക്കുന്നു. ഇവരിൽ ഭൂരിഭാഗത്തിനും കിടത്തി ചി

**ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി**

| വർഷം | I.P. | O.P. | ത്വക്ക് | വാതരോഗം | പകർച്ചവ്യാധി | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 1992–'93 | 70 | 18881 | 2085 | 13889 | 115 | 2862 | 18951 |
| 1993–'94 | 80 | 24820 | 3012 | 18743 | 140 | 3005 | 24900 |
| 1994–'95 | 82 | 26776 | 3106 | 20173 | 105 | 3510 | 26858 |
| 1995–'96 | 90 | 21654 | 2583 | 10189 | 82 | 2890 | 21744 |

**ഗവൺമെന്റ് P.H. സെന്റർ, കീഴാറ്റിങ്ങൽ**

| വർഷം | I.P. | ത്വക്ക് | വാതം | പകർച്ചവ്യാധി | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 1992–'93 | 12549 | 30 | – | 4384 | 8135 | 12549 |
| 1993–'94 | 13638 | 36 | – | 5842 | 7760 | 13638 |
| 1994–'95 | 10521 | 40 | – | 5642 | 4847 | 10521 |
| 1995–'96 | 15618 | 47 | – | 7370 | 8201 | 15618 |

കിത്സ ആവശ്യമായി വരുന്നവരാണ്.

1980-ലാണ് കീഴാറ്റിങ്ങൽ പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. O.P വിഭാഗം മാത്രമെ ഇവിടെ പ്രവർത്തിക്കുന്നുള്ളു.

കഴിഞ്ഞ 4 വർഷത്തെ O.P. വിഭാഗം പട്ടിക സൂചിപ്പിക്കുന്നത് ഇവിടെ നടന്ന മൊത്തം ചികിത്സ 50,326 എന്നാണ്. അടുത്തകാലത്തായി 40 സെന്റ് പുരയിടം വാങ്ങി 10 കിടക്കകളോടുകൂടിയ ഒരു പുതിയ കെട്ടിടത്തിന്റെ പണി നടന്നുവരുന്നു.

## പ്രശ്നപരിഹാരങ്ങൾ:

1. ആരോഗ്യകൺവെൻഷൻ സംഘടിപ്പിച്ച് ആരോഗ്യപരിപാലനത്തിനു ആവശ്യമായ ബോധവൽക്കരണം നടത്തുക.
2. ആരോഗ്യകേന്ദ്രങ്ങളോടു അനുബന്ധിച്ച് ഇന്നു നിലവിലുള്ള കമ്മറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.
3. രക്തഗ്രൂപ്പുനിർണ്ണയ ക്യാമ്പ്/രക്തദാനക്യാമ്പ് എന്നിവ സംഘടിപ്പിക്കുക.
4. സ്കൂളുകളിൽ ആരോഗ്യപരിപാലനപ്രക്രിയ ത്വരിതപ്പെടുത്തുക.
5. അമ്മമാരുടേയും കുട്ടികളുടേയും പോഷക ആഹാര കുറവ് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
6. സ്ലാട്ടർഹൗസ് നിർമ്മിക്കുകയും വിൽക്കുന്ന മാംസം പരിശോധനക്കു വിധേയമാക്കുകയും ചെയ്യുക.
7. റൂറൽ ഹോമിയോ ഡിസ്പെൻസറിക്ക് 10 കിടക്കകളോടുകൂടിയ ഒരു പുതിയ കെട്ടിടം പണിയുകയും മുഴുവൻസമയ ഡോക്ടറിനെ നിയമിക്കുകയും ചെയ്യുക.
8. 38 വർഷമായി വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിക്ക് 50 കിടക്കകളോടുകൂടിയ ഒരു പുതിയ കെട്ടിടം പണിയുക.
9. ഗവൺമെന്റ് പി.എച്ച്.സി.യുടെ 10 കിടക്കകളോടുകൂടിയ പുതിയ കെട്ടിടത്തിന്റെ പണി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുകയും ഇതിനോടനുബന്ധിച്ച് പ്രസവത്തിനു ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
10. വൃദ്ധമന്ദിരം സ്ഥാപിക്കുക.



## വ്യവസായം

വിദ്യാഭ്യാസംകൊണ്ട് പ്രബുദ്ധരെങ്കിലും വ്യവസായം കൊണ്ട് പുരോഗതിനേടാൻകഴിയാത്ത ഈ പഞ്ചായത്ത് വ്യവസായമേഖലയിൽ ഏറെ പിന്നിൽനിൽക്കുന്നു ആധുനിക ചെറുകിട വ്യവസായങ്ങൾ ഒന്നുംതന്നെയില്ല. കുടിൽ വ്യവസായവും പരമ്പരാഗതവ്യവസായവുമാണ് എടുത്തു പറയാവുന്നവ. ഇവരണ്ടുംതന്നെയാണ് കൂടുതൽ തൊഴിൽ നൽകുന്നതും, കൂടുതൽ സ്ത്രീകൾ ജോലിചെയ്യുന്നതുമായ മേഖല. തൊഴിൽസാദ്ധ്യതകൾ താരതമ്യേന കുറവാണെങ്കിലും കുടിൽവ്യവസായമെന്നനിലയിൽ ചുടുകട്ടനിർമ്മാണം, തടിമിൽവ്യവസായം, ഫർണിച്ചർനിർമ്മാണം, ഉറ, താവുക്ക്, മെറ്റൽനിർമ്മാണം, വെൽഡിംഗ്, റിപ്പയറിംഗ് വർക്കുഷോപ്പുകൾ തുടങ്ങി വിവിധയിനം മേഖലകളും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കാണാം. നിലവിലുള്ള വ്യവസായങ്ങളെ ഇപ്രകാരം തരംതിരിക്കാം.

### വ്യവസായസ്ഥാപനങ്ങളും പണിയെടുക്കുന്നവരും

### ആധാരം-പ്രാധേശിക വിവരശേഖരണം

മൊത്തം തൊഴിലിലേർപ്പെട്ടിരിക്കുന്ന 7711 പേരുള്ള ഈ പഞ്ചായത്തിൽ വ്യവസായമേഖലയിലെ തൊഴിലാളികൾ വെറും 959-ഓളംപേർ മാത്രമാണ്. വ്യവസായതൊഴിൽനിരക്ക് 12.44% വ്യവസായമേഖലയിലെ പരാധീനതയുടെ ഏകദേശചിത്രമാണ് നാമിവിടെ കണ്ടത്.

വ്യവസായമേഖലകഴിഞ്ഞാൽ ജനങ്ങൾ പ്രധാനമായും തൊഴിൽതേടുന്നത് ചെറുകിടവ്യാപാരസ്ഥാപനങ്ങളായ പലചരക്ക്, പ്രൊവിഷണൽ സ്റ്റോർ, ബേക്കറി, മുറുക്കാൻ കട, ഹോട്ടൽ & റ്റീഷാപ്പ് തുടങ്ങിയ വിവിധമേഖലകളിലാണ്. മേൽപ്പറഞ്ഞ വ്യാപാര വ്യവസായ മേഖല കഴിഞ്ഞാൽ തൊഴിലാളികളിൽ ഭൂരിപക്ഷവും തൊഴിലെടുക്കുന്നത് നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ടരംഗങ്ങളിലാണ്. പഞ്ചായത്തിലെ പ്രധാന തൊഴിൽരംഗവും ഇതുതന്നെ.

പരമ്പരാഗത കുടിൽവ്യവസായങ്ങൾ പ്രാദേശികമായി മാത്രം കേന്ദ്രീകരിച്ചിരിക്കുന്ന ഒരു പ്രത്യേകത ഈ പഞ്ചായത്തിൽ കാണാം. കണ്ണാട്ടുതുരുത്തിയിൽ തുടങ്ങുന്ന ഒന്നാംവാർഡുമുതൽ ഈഞ്ചംകണ്ടം കടവിൽ അവസാനിക്കുന്ന 10-ാംവാർഡുവരെയുള്ള പ്രദേശങ്ങൾ പരിശോധിച്ചാൽ ഇത് വ്യക്തമാകും. ഒന്നുമുതൽ നാലുവരെ വാർഡുകളിലും പത്താംവാർഡിലും കയർവ്യവസായമാണെങ്കിൽ ഒൻപതും, പത്തും വാർഡുകളിൽ കൈത്തറിയാണ് പ്രധാന വ്യവസായം. എന്നാൽ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് തൊഴിൽചെയ്യുന്നവർ അഞ്ചുമുതൽ ഏഴുവരെ വാർഡുകളിൽ മറ്റു വാർഡുകളെ അപേക്ഷിച്ച് കൂടുതലാണ്.

**കയർ:**

കയർവ്യവസായമാണ് കൂടുതൽ തൊഴിലവസരങ്ങൾ

**വ്യവസായസ്ഥാപനങ്ങളും പണിയെടുക്കുന്നവരും**

| സ്ഥാപനം-ഇനം | എണ്ണം | തൊഴിലാളികൾ | വ്യവസായത്തിൽ തൊഴിൽനിരക്ക് |
|---|---|---|---|
| പരമ്പരാഗതം<br>കയർ (സഹകരണസംഘം ഉൾപ്പെടെ) | 15 | 520 | 54.22% |
| കൈത്തറി (സഹകരണസംഘം ഉൾപ്പെടെ)<br>കുടിൽ | 16 | 115 | 14.04% |
| ചുടുകട്ടനിർമ്മാണം | 1 | 10 | 1.22 |
| തടിമിൽ ഫർണിച്ചർ | 15 | 60 | 7.33 |
| ഓയിൽ ഫ്ലവർമിൽസ്<br>ഉറനിർമ്മാണം, താവൂക്ക് | 23 | 32 | 3.91 |
| മെറ്റൽനിർമ്മാണം | 16 | 78 | 9.52 |
| പ്രിന്റിംഗ് പ്രസ് | 4 | 20 | 2.44 |
| ചെരുപ്പുനിർമ്മാണം | 2 | 6 | 0.73 |
| സ്വർണ്ണപ്പണി | 12 | 40 | 4.88 |
| സിനിമാശാല | 3 | 18 | 2.20 |
| വെൽഡിംഗ്, എൻജിനീയറിംഗ്<br>റിപ്പയർ, പെയിന്റിംഗ് etc. | 10 | 60 | 7.33 |
| മൊത്തം | 116 | 959 | 100% |

ആധാരം: പ്രാദേശിക വിവരശേഖരണം.

സൃഷ്ടിക്കുന്ന മേഖല. കൂടുതൽ തൊഴിലാളികളും വനിതകൾതന്നെ. ഈ രംഗത്ത് മൂന്ന് സഹകരണസംഘങ്ങൾ ഉൾപ്പെടെ 15 സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. എന്നാൽ സഹകരണസംഘങ്ങളിൽ ഒന്നാംവാർഡിൽ സ്ഥിതിചെയ്യുന്ന C.V.C.S. 161ാം നമ്പർ സൊസൈറ്റിയും T 619ാംനമ്പർ പോളച്ചിറ സഹകരണസംഘവുംമാത്രമേ ഇന്നു പ്രവർത്തിക്കുന്നുള്ളു. മൂന്നാംവാർഡിൽ ഉണ്ടായിരുന്ന കടയ്ക്കാവൂർ സഹകരണസംഘം ക്ലിപ്തംനമ്പർ 3055 ഇന്നു പ്രവർത്തിക്കുന്നില്ല. പ്രവർത്തനമൂലധനവും ആവശ്യത്തിനു ജീവനക്കാരും ഇല്ലാത്തതാണ് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത്. നാലാംവാർഡിൽ ഒരു കയറ്റുപായ്നെയ്ത്തു ഫാക്ടറിയും വനിതകൾമാത്രം പ്രവർത്തിപ്പിക്കുന്ന ഒരു യന്ത്രവൽകൃത യൂണിറ്റും ഉണ്ട്. എന്നാൽ കയറ്റുപായ്നെയ്ത്തു ഫാക്ടറിയിൽ ഉല്പാദനം അടുത്തകാലംമുതൽ നിറുത്തിവച്ചിരിക്കുന്നു. ഉല്പാദനചെലവുകളിൽവന്ന വർദ്ധനവും വിപണനമാന്ദ്യവുമാണ് പ്രധാന കാരണങ്ങൾ. യന്ത്രവൽകൃത കയർയൂണിറ്റിൽ 12 വനിതകൾ പണിയെടുത്തിരുന്നത് ഇപ്പോൾ പകുതിയായി കുറഞ്ഞു. യന്ത്രത്തറികൾ ഉപയോഗിച്ച് കയറുല്പാദിപ്പിക്കാനുള്ള പരിചയക്കുറവുമൂലം ഉല്പാദനം കുറഞ്ഞു.

കുറഞ്ഞ വരുമാനംകാരണം തൊഴിലാളികൾ മറ്റു തൊഴിലുകൾതേടിപ്പോകുന്നു. തെക്കുംഭാഗം C.V.C.S. 161ാം നമ്പർ കയർ സഹകരണസംഘം വാങ്ങിയ 25 യന്ത്രവൽകൃത തറികൾ സാങ്കേതികപരിജ്ഞാനംലഭിച്ച തൊഴിലാളികളുടെ അഭാവത്താലും തറികൾ പ്രവർത്തിപ്പിക്കുവാനാവശ്യമായ വൈദ്യുതിലഭിക്കാത്തതിനാലും പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്.

കയർമേഖലയിലെ കുറഞ്ഞ കൂലിനിരക്കുകാരണം ഈ തൊഴിൽചെയ്യാനും, ഉല്പാദനച്ചെലവിലെ വർദ്ധനകാരണം തൊഴിൽ നടത്തിക്കാനും അധികമാരും താല്പര്യംകാണിക്കാത്തത് ഈ മേഖലയിലെ തകർച്ചക്കു കാരണമായി കാണുന്നു. കയർമേഖലയിലെ ഒരു പുരുഷതൊഴിലാളിക്ക് ദിവസം 37 രൂപാമുതൽ 50 രാപാവരേയും സ്ത്രീക്ക് 31 രൂപാമുതൽ 32.50 രൂപാവരേയും കൂലി ലഭിക്കുമ്പോൾ നിർമ്മാണരംഗ

ത്തും അതുപോലെയുള്ള മറ്റു തൊഴിൽരംഗത്തും കുറഞ്ഞ കൂലിയായി 80 രൂപാമുതൽ 100 രൂപാവരെ ലഭിക്കുന്നു. ഈ കാരണങ്ങളാൽ ഈ മേഖലയിലെ വ്യവസായസ്ഥാപനങ്ങളുടെ എണ്ണം കാലക്രമേണ കുറഞ്ഞുവരുന്നതായി കാണുന്നു. ഉല്പന്നത്തിന് ന്യായമായ വിലലഭിക്കുവാൻ ഉതകുന്ന സ്ഥിരംവിപണനമേഖലയുടെ അഭാവവും ഈ വ്യവസായം നേരിടുന്ന വെല്ലുവിളിയാണ്. അസംസ്കൃത സാധനങ്ങളായ തൊണ്ടിന്റേയും, ചകിരിയുടേയും ലഭ്യതക്കുറവ് മറ്റൊരു പ്രശ്നമാണ്. ഇവിടെ ലഭിക്കുന്ന തൊണ്ട് മുഴുവൻ ഈ രംഗത്തെ ആവശ്യത്തിനുതുകുന്നില്ല. പകരം വിഴിഞ്ഞം, പൂവാർ, നെയ്യാറ്റിൻകര തുടങ്ങി മറ്റുപ്രദേശങ്ങളിൽനിന്നും ഇറക്കുമതിചെയ്യുകയാണ് പതിവ്. ഇത് ഉല്പാദനച്ചെലവ് വർദ്ധിപ്പിക്കുന്നു.

തൊണ്ടുമാലുകളിൽനിന്നും ഉത്ഭവിക്കുന്ന ദുർഗന്ധവും,കായൽജലത്തിൽ ഉണ്ടാകുന്ന കൊതുകുകളുടെ ക്രമാതീതമായ വളർച്ചയും പരിസരമലിനീകരണപ്രശ്നം സൃഷ്ടിക്കുന്നു.

## കൈത്തറി:

കൈത്തറി ഇവിടെ മറ്റൊരു പരമ്പരാഗത വ്യവസായമാണ്. പോയകാലങ്ങളിൽ പുഷ്ടിപ്രാപിച്ചിരുന്ന ഈ വ്യവസായം ഇന്ന് നാമമാത്രമാണ്. ഒരു സഹകരണസംഘം ഉൾപ്പെടെ പഞ്ചായത്തിൽ ഇപ്പോൾ 16 കൈത്തറി സ്ഥാപനങ്ങളും അവയിൽ 115 തൊഴിലാളികളുമാണുള്ളത്. സ്ത്രീ തൊഴിലാളികളാണധികവും. അസംസ്കൃതസാധനങ്ങളായ കസവ്, നൂല്, തുടങ്ങിയവയുടെ അമിതമായ വില, മുന്തിയതരം നൂലിന്റെ ലഭ്യതക്കുറവ്, ഉല്പന്നങ്ങൾക്കു ലഭിക്കുന്ന അനാകർഷകമായ വില, കുറഞ്ഞ കൂലിനിരക്ക്, യന്ത്രത്തറികളിലെ ഉല്പന്നങ്ങളുമായി വിപണനരംഗത്ത് മത്സരിച്ചു നിൽക്കാനുള്ള പരിമിതികൾ, തൊഴിൽരംഗത്തെ അസ്ഥിരത മുതലായവയാണ് ഈ വ്യവസായത്തിന്റെ തകർച്ചക്ക് ചൂണ്ടിക്കാണിക്കുന്ന പ്രധാന കാരണങ്ങൾ

പഞ്ചായത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഏകസഹകരണസംഘം കീഴാറ്റിങ്ങലുള്ള "കൈത്തറിനെയ്ത്തു വ്യവസായ (ഉല്പാദക) സഹകരണസംഘം നമ്പർ C.S. 3391" ആണ്. കീഴാറ്റിങ്ങൽ C.S. 3391ാം നമ്പർ സഹകരണസംഘത്തിൽ ഉള്ള 165 അംഗങ്ങളിൽ 163 പേരും ഈ മേഖലയിൽ പണിയെടുത്തിരുന്നവരാണ്. എന്നാൽ ഇന്ന് 85-പേർ മാത്രമേ ഈ തൊഴിലിൽ ഇവിടെയുള്ളൂ.

ഡിപ്പാർട്ട്മെന്റ് അംഗീകാരമുണ്ടെങ്കിലും ഭാഗീകമായാണെങ്കിലും പ്രവർത്തിക്കുന്നത് 43 തറികളിൽ 15 എണ്ണം മാത്രമാണ്. പ്രവർത്തനമൂലധനത്തിന്റെ കുറവും നൂല് ലഭിക്കാനുള്ള ബുദ്ധിമുട്ടും ഈ സ്ഥാപനത്തെ ദോഷമായി ബാധിക്കുന്നു. ഇപ്പോൾ നൂല് ലഭിക്കുന്നത് ചിറയിൻകീഴിലുള്ള രണ്ടു വ്യാപാരികളിൽനിന്നും ചാത്തന്നൂരിലെ കയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ്മില്ലിൽനിന്നും ആണ് കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ്മില്ലിൽനിന്നും അംഗീകൃതതൊഴിലാളിക്ക് 18% പലിശ ഈടാക്കിക്കൊണ്ട് ഒരുമാസത്തെ അവധിക്കാണ് നൂൽനൽകുന്നത്. എന്നാൽ തൊഴിലാളിക്ക് ഇത് താങ്ങാൻ കഴിയാത്തതിനാൽ സ്വകാര്യവ്യാപാരികൾക്ക് അവർ അടിമപ്പെടേണ്ടിവരുന്നു. ഇതുകാരണവും, തൊഴിലാളികളുടെ കുറഞ്ഞ കൂലിനിരക്കുമൂലവും ഈ രംഗത്തേക്ക് അധികമാരും മുന്നോട്ടുവരുന്നില്ല.

യന്ത്രത്തറികളിലെ ഉല്പന്നങ്ങളോട് മാർക്കറ്റിൽ മത്സരിച്ചുനിൽക്കുന്നതിനും വ്യവസായത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിനും സഹായിക്കുന്നത് ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള 20% റിബേറ്റ് ഗ്രാന്റും, കൈത്തറിയിൽ ഉല്പാദിപ്പിക്കപ്പെടുന്ന തോർത്ത്, സെറ്റുമുണ്ടുകൾ, കസവുസാരികൾ തുടങ്ങി 18 ഓളം ഇനങ്ങൾ യന്ത്രത്തറികളിൽ ഉല്പാദിപ്പിക്കപ്പെടാൻ പാടില്ലായെന്ന വിലക്കുമാണ്. എന്നാൽ റിബേറ്റ് ഗ്രാന്റ് യഥാസമയങ്ങളിൽ ലഭിക്കാത്തതും, യന്ത്രത്തറികൾക്ക് ഏർപ്പെടുത്തിയ വിലക്ക് കർശനമായി നടപ്പാക്കാത്തതും കാരണം ഈ ആശ്വാസങ്ങൾ കടലാസ്സിൽ മാത്രം ഒതുങ്ങുന്നു.

## മറ്റു വ്യവസായങ്ങൾ

എടുത്തുപറയാവുന്ന മറ്റു പരമ്പരാഗത കുടിൽ ചെറുകിടവ്യവസായങ്ങൾ ഒന്നും ഇല്ല. ഏതാനും ഓയിൽ/ഫ്ലവർ മില്ലുകൾ, തടി അധിഷ്ഠിതവ്യവസായം, താവൂക്കും, കിണർ ഉറകളുടെ നിർമ്മാണം, മെറ്റലടി തുടങ്ങിയ കുടിൽവ്യവസായങ്ങൾ നാമമാത്രമായി നടക്കുന്നു. ഇപ്രകാരം 86 വ്യവസായസ്ഥാപനങ്ങളും, അതിലെല്ലാംകൂടി 324-ഓളം തൊഴിലാളികളും ഉണ്ട്.

നിർമ്മാണമേഖലയാണ് മറ്റൊന്ന്. അഞ്ചുമുതൽ 7വരെ വാർഡുകളിൽ താരതമ്യേന ധാരാളമുള്ള മേസൻപണിക്കാർ, ആശാരിപ്പണിക്കാർ, ഗൃഹാലങ്കാരതൊഴിലാളികൾ, കൊത്തുപണിക്കാർ തുടങ്ങിയവർ പഞ്ചായത്തിനു പുറത്തും തൊഴിൽതേടിപോകുന്നവരാണ്. ഇവരിൽ പലർക്കും പ്രകടമായ കലാവാസനയും തൊഴിൽപ്രാഗത്ഭ്യവും ഉണ്ടെങ്കിലും നൂതന സാങ്കേതികവിദ്യകളിൽ ഇവർ അജ്ഞരാണ്.

'നിർമ്മിതി' കേന്ദ്രം വികസിപ്പിച്ചെടുത്ത ചെലവുകുറഞ്ഞ ഭവനനിർമ്മാണ സാങ്കേതികവിദ്യ ഇവിടത്തെ കൈത്തൊഴിൽക്കാരെ പരിശീലിപ്പിച്ചാൽ തദ്ദേശിയവും അല്ലാത്തതുമായ നിർമ്മാണജോലികൾ ഏറ്റെടുക്കുവാനും ഉപഭോക്താവിന്റെ സാമ്പത്തികഭാരം ലഘൂകരിച്ച് തൊഴലവസരങ്ങൾ കൂട്ടാനും കഴിയും.

ജനസംഖ്യാനുപാതത്തിൽ മുഖ്യതൊഴിൽരഹിതരായ വനിതകൾ 79% ആണ്. ഇത് പുരുഷന്മാരേക്കാൾ 20%ത്തിലധികംവരും. ഭാഗീകമായി തൊഴിൽചെയ്യുന്ന സ്ത്രീകൾ പുരുഷനേക്കാൾ 29.75% കൂടുതലാണെന്ന് കാനേഷുമാരി കണക്ക് കാണിക്കുന്നു. പ്രത്യക്ഷമായ വരുമാനം ഉണ്ടാക്കുന്ന തൊഴിൽചെയ്യുന്ന വനിതകളുടെ എണ്ണം കുറവാ

ണ്. എന്നാൽ വീട്ടിലിരുന്നു തയ്യൽപ്പണി, ചെറുകൃഷികൾ, ഗൃഹസംബന്ധമായ മറ്റു കാണാപണികൾ ചെയ്യുന്നവരാണ് കൂടുതലും. സന്നദ്ധരായ വനിതകൾക്ക് സ്ഥിരമായി ചെയ്യാവുന്ന തൊഴിലവസരങ്ങൾ വ്യവസായംമുഖേനസൃഷ്ടിക്കണം. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുമുഖാന്തിരം ചന്ദനത്തിരിനിർമ്മാണം, അലക്കുസോപ്പുനിർമ്മാണം, പഴം, പച്ചക്കറി സംസ്കരണം,റെഡിമെയ്ഡ് വസ്ത്രനിർമ്മാണം തുടങ്ങിയ വിവിധ വ്യവസായമേഖലകൾ വിശ്വാസപൂർവ്വം തെരഞ്ഞെടുക്കാം.

## പരിഹാരനിർദ്ദേശങ്ങൾ (a) കയർമേഖല

1. കയർതൊഴിലാളികൾക്ക് സാങ്കേതികപരിജ്ഞാനം ഉണ്ടാക്കുകയും അതുമൂലം ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും വേണം. ഉല്പാദനവർദ്ധനവിനനുസരിച്ച് കൂലിയിൽ വർദ്ധനവു വരുത്തണം.
2. അസംസ്കൃത സാധനങ്ങളുടെ കുറവ് പരിഹരിക്കണം. ആവശ്യമുള്ള തൊണ്ട് പുറത്തുനിന്ന് വാങ്ങാനും വിതരണംചെയ്യാനും സഹകരണമേഖലയെ ചുമതലപ്പെടുത്തണം. തൊണ്ടിന് ഇന്നു ലഭിക്കുന്ന സബ്സിഡിനിരക്ക് കൂട്ടണം.
3. വിപണനമേഖല വിപുലവും സ്ഥിരവുമായിരിക്കണം. ഇതിനായി ഗവൺമെന്റുടമയിൽ ആലപ്പുഴജില്ലയിലെ കലവൂരിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കയർ സംസ്കരണകയറ്റുമതികേന്ദ്രത്തിന്റെ ബ്രാഞ്ചുകൾ താലൂക്കടിസ്ഥാനത്തിൽ തുറന്ന് ഉല്പാദകരിൽനിന്നും നേരിട്ടു വാങ്ങാൻ സംവിധാനമുണ്ടാക്കണം.
4. വിപണനമേഖലയിൽ വിജയംവരിക്കാൻ പറ്റുന്ന ഗുണത്തിലും മേന്മയിലും മെച്ചപ്പെട്ട പുതിയതരം ഉല്പന്നങ്ങൾ നിർമ്മിക്കണം.

### കൈത്തറി:

1. നിലവിലുള്ള കൈത്തറിയൂണിറ്റുകൾക്ക് മുടങ്ങാതെ തൊഴിൽ ലഭിക്കാൻ മേന്മയുള്ള നൂൽത്തരങ്ങൾ സഹകരണസംഘങ്ങൾവഴിയോ മറ്റ് അംഗീകൃത ഏജൻസികൾവഴിയോ വില്പനക്ക് സൗകര്യമുണ്ടാക്കണം. നൂലിന് ന്യായമായ വില നിജപ്പെടുത്തണം.
2. നിലവിലുള്ള റിബേറ്റ് ഗ്രാന്റ് മുടക്കംകൂടാതെ നൽകുക. ആറുമാസത്തിലൊരിക്കലെങ്കിലും ഇത് നൽകുക.
3. യന്ത്രത്തറികൾ ഉല്പാദിപ്പിക്കുന്ന നിയന്ത്രണതുണിത്തരങ്ങൾ കൈത്തറിമേഖലയിൽമാത്രമേ പാടുള്ളു എന്ന വിലക്ക് കുത്തകക്കാർക്ക് വഴങ്ങാതെ കർശനമായി നടപ്പാക്കാൻ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം>
4. കൈത്തറിരംഗത്ത് തൊഴിലാളിക്ക് സാങ്കേതികപരിശീലനം നൽകുക. അതുമൂലം ഉല്പാദനം വർദ്ധിപ്പിച്ച് വേതനനിരക്ക് കൂട്ടണം. ഇത് കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കും.

## പൊതു നിർദ്ദേശങ്ങൾ

1. വനിതാവികസന കോർപ്പറേഷൻ നൽകുന്ന ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുക.
2. നിർമ്മിതികേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കുക.
3. ഓരോ മേഖലയിലും താല്പര്യമുള്ളവർക്ക് സാങ്കേതിക പരിജ്ഞാനം നൽകാൻ സംവിധാനമുണ്ടാക്കുക.
4. ചെറുകിട വ്യവസായസംരംഭകർക്ക് ഭൂമി, വൈദ്യുതി എന്നിവ കുറഞ്ഞനിരക്കിൽ ലഭ്യമാക്കുക.
5. ചെറുകിടവ്യവസായസംരംഭകർക്കു നൽകുന്ന സാമ്പത്തികസഹായങ്ങൾക്കുമേൽ കുറഞ്ഞ പലിശനിരക്കു മാത്രം ഈടാക്കുക.

എന്തെങ്കിലും വ്യവസായം തുടങ്ങണം എന്ന് ആഗ്രഹിക്കുന്നവരുണ്ട്. എന്തു വ്യവസായം? എങ്ങനെ തുടങ്ങണം? തുടങ്ങിയാൽ വിജയിക്കുമോ? ഇങ്ങനെയുള്ള ആശങ്കയാണ് ഇത്തരം സംരംഭകരെ പിന്നോട്ടുനയിക്കുന്നത്. ഏതു വ്യവസായമായാലും വേണ്ടത് വിദഗ്ദ്ധമായ പ്ലാനിംഗ്. ഒരു വിദശമായ പ്രോജക്ട് റിപ്പോർട്ട് മുഖേന ഇത്തരം സംശയങ്ങൾക്ക് പരിഹാരമുണ്ടാവും. ഇതിനായി S.I.S.I, KITCO എന്നീ സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കണം. കഴിവുറ്റ മേൽനോട്ടവും സാങ്കേതികപരിജ്ഞാനവുമാണ് ഒരു വ്യവസായത്തിന്റെ വിജയരഹസ്യം. വ്യവസായസംരംഭകർക്ക് മേൽനോട്ടപരവും സാങ്കേതികവുമായ കഴിവുകൾ ഉള്ളവരാക്കിയെടുക്കാൻ വ്യവസായകുപ്പ്, വ്യവസായ വികസനബാങ്ക്, C,M,D, KITCO തുടങ്ങിയ സ്ഥാപനങ്ങളിൽ ലഭ്യമാകുന്ന ഹ്രസ്വപരിശീലനം നേടാൻ കഴിഞ്ഞാൽ വ്യവസായം ആരുടേയും കുത്തകയല്ലെന്നും വിജയം ആർക്കും അപ്രാപ്യമല്ലെന്നും തെളിയിക്കാൻ കഴിയും. സാമ്പത്തികസമാഹാരമാണ് മറ്റൊരു ഘടകം. പഞ്ചായത്തിൽ നടത്തിയ സാമ്പത്തി ക സാമൂഹിക സർവ്വേ വ്യക്തമാക്കുന്നത് ഇവിടെ വിദേശമേഖലയിൽനിന്ന് നല്ല സാമ്പത്തികശേഷി കൈവരിച്ച നിരവധി പേർ ഉണ്ടെന്നാണ്. ഇവരിൽ താല്പര്യമുള്ളവരുടെയും മറ്റു സാമ്പത്തികശേഷിയുള്ളവരുടേയും പങ്കാളിത്തം ഉണ്ടാക്കിയെടുക്കാവുന്നതാണ്. മുടക്കുന്ന മുതൽ നഷ്ടപ്പെടില്ലെന്ന് ഉറപ്പുവരുത്താനുള്ള പദ്ധതിയും വിശ്വാസ്യതയുമാണ് ആവശ്യം. ഒന്നും കഴിയാത്തവരല്ല നമ്മൾ ''I cannot'' അല്ലെങ്കിൽ ''I am a born loser'' എന്ന അർത്ഥമില്ലാത്ത ആത്മബലക്കുറവാണ്, കഴിവുകേട്. വളക്കൂറുള്ള മണ്ണാണിത്. വിളവിന് കൊതിച്ചാൽ മാത്രം പോരാ. വിത്തു പാകി വളർത്തി എടുക്കുകയാണ് വേണ്ടത്. അതിനാവശ്യം വ്യവസായത്തിന്റെ അടിസ്ഥാനപ്രമാണവും; 'ആത്മവിശ്വാസം, സ്ഥിരോത്സാഹം, ലക്ഷ്യബോധം.









# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം:

പഞ്ചായത്തിൽ, റോഡും റെയിലും ഇന്ന് ഗതാഗതത്തിന് ലഭ്യമാണ്. റോഡുഗതാഗതമാണ് ജനങ്ങൾക്ക് കൂടുതൽ പ്രയോജനം. ഉദ്ദേശം 30 വർഷങ്ങൾക്ക് മുമ്പുവരെ ജലഗതാഗതം നമുക്ക് ലഭ്യമായിരുന്നു. അഞ്ചുതെങ്ങിനേയും, കടയ്ക്കാവൂരിനേയും വേർതിരിക്കുന്ന അഞ്ച്തെങ്ങ് കായൽവഴിയായിരുന്നു ജലഗതാഗതം നിലനിന്നിരുന്നത്. മുഖ്യമായും വാണിജ്യാവശ്യങ്ങൾക്കായിരുന്നു ഇത് പ്രയോജനപ്പെടുത്തിയിരുന്നത്. ചാക്കവഴി തിരുവനന്തപുരത്തേക്കും, കൊല്ലംവഴി ആലപ്പുഴയിലേക്കുമുള്ള ജലഗതാഗതം ഇതുവഴിയായിരുന്നു. എന്നാൽ ഇന്ന് ജലഗതാഗതം ഈ പഞ്ചായത്തിന് അന്യമാണ്.

പഞ്ചായത്തിന്റെ തെക്കുഭാഗത്തുള്ളവർ റോഡ് റെയിൽമാർഗ്ഗത്തെ സ്വീകരിക്കുമ്പോൾ, വടക്കും, വടക്ക്കിഴക്കുഭാഗത്തുള്ളവർ പ്രധാനമായും റോഡുകളെ മാത്രം ആശ്രയിക്കുന്നവരാണ്. പഞ്ചായത്തിലെ മൊത്തം റോഡുകളുടെ ദൈർഘ്യം 323 കിലോമീറ്ററാണ്. ഇതിൽ 35.5 Km ടാർചെയ്തതും 11.5K.m മെറ്റലും, 51. 05Km ഗ്രാവലിട്ടതുമാണ്. മണൽ മാത്രം നിറഞ്ഞ 3 കിലോമീറ്ററോളം റോഡുകൾ ഉണ്ട്. മൊത്തം റോഡിൽ സഞ്ചാരയോഗ്യമല്ലാത്തവ നിരവധിയാണ്. പലതും വീതികുറഞ്ഞ ഇടവഴികൾമാത്രമായതിനാൽ, വാഹനസഞ്ചാരം സാദ്ധ്യമല്ലാതെയുമുണ്ട്. സർക്കാർ,അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന ധാരാളം ജീവനക്കാരും, വിദ്യാർത്ഥികളുമുള്ള ഈ പഞ്ചായത്തിൽ യാത്രാസൗകര്യം വളരെ പരിമിതമാണെന്ന് ഗ്രാമസഭറിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നു.

പഞ്ചായത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് തെക്കുഭാഗത്തുള്ളവർക്ക് റോഡ്ഗതാഗതസൗകര്യം വളരെ കുറവും, ബുദ്ധിമുട്ടുള്ളതുമായി കാണുന്നു. വർക്കലഭാഗത്തേക്ക് പോകുവാൻ മാത്രമാണ് ആവശ്യത്തിന് സർവ്വീസ് ഉള്ളത്. ആറ്റിങ്ങൽ, ആലംകോട്, കവലയൂർ ചിറയിൻകീഴ് ഭാഗത്തേക്ക് പോകുവാൻ ബസ് സർവ്വീസ് വളരെ പരിമിതമായേ ഉള്ളൂ. അതുപോലെ വടക്കുഭാഗത്തുള്ളവർക്ക് തെക്കുഭാഗത്തേക്ക് (കടയ്ക്കാവൂരിലേക്ക്) യാത്ര ചെയ്യുവാനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. വർക്കല-വക്കം എന്നിവിടങ്ങളിലേക്കു ബസ്സൗകര്യം ലഭ്യമാണെങ്കിലും-ഉൾപ്രദേശങ്ങളായ പേരാണം, മേലാറ്റിങ്ങൽ, തിനവിള എന്നീ ഭാഗങ്ങളിലേക്ക് യാത്രാസൗകര്യം തീരെ കുറവാണ്. രാത്രികാലങ്ങളിൽ എട്ടുമണികഴിഞ്ഞാൽ ആറ്റിങ്ങൽനിന്നും കടയ്ക്കാവൂരിലേക്കും, തിരിച്ചും ബസ്സർവ്വീസ് ഇല്ലാത്ത അവസ്ഥയാണ്. ദീർഘദൂരസർവ്വീസുകളിൽ, കൊല്ലം, തിരുവനന്തപുരം, നെടുമങ്ങാട് എന്നിവിടങ്ങളിലേക്ക് K.S.R.T.C സർവ്വീസ് കൂട്ടണമെന്ന് വർഷങ്ങളായുള്ള ആവശ്യം ഇതേവരെ അംഗീകരിച്ചുകിട്ടിയിട്ടില്ല. പകരം ഓടിക്കൊണ്ടിരിക്കുന്ന പല സർവ്വീസുകളും നിർത്തൽചെയ്യുകയുണ്ടായി. ഉള്ള സർവ്വീസുകളുടെ ഷെഡ്യൂൾസ് വെട്ടിക്കുറച്ചിട്ടുണ്ട്. ആവശ്യാനുസരണമുള്ള ബസ്സുകളുടെ അഭാവത്തിൽ ചിറയിൻകീഴ് ഭാഗത്തേക്ക് ധാരാളം പാരലൽ സർവ്വീസുകൾ മത്സ

രിച്ചു സർവ്വീസ് നടത്തുന്നത് പലപ്പോഴും റോഡപകടങ്ങൾക്ക് വഴിതെളിക്കുന്നു.

പഞ്ചായത്തിൽ വ്യക്തികളുടെ ഉടമയസ്ഥതയിലുള്ള ബസ്സ്, ടാക്സി, ആട്ടോ, ലോറി, തുടങ്ങിയ വാഹനങ്ങളുടെ പട്ടിക സാമൂഹ്യ സാമ്പത്തിക സർവ്വേപ്രകാരം ചുവടെചേർക്കുന്നു.

പട്ടിക

| ടാക്സി | പ്രൈവറ്റ് ടാക്സി | മോട്ടോർ സൈക്കിൾ | ഓട്ടോ | ബസ് | ലോറി | മറ്റുള്ളവ |
|---|---|---|---|---|---|---|
| 38 | 33 | 165 | 30 | 1 | 13 | 8 |

## റെയിൽഗതാഗതം:

കൊല്ലം-തിരുവനന്തപുരം റൂട്ടിൽ ഒരുകാലത്ത് കടയ്ക്കാവൂർ റെയിൽവേ സ്റ്റേഷനുണ്ടായിരുന്ന പ്രാധാന്യം ഇന്നില്ലാതായിരിക്കുന്നു. തീവണ്ടി എഞ്ചിനിൽ വെള്ളംനിറയ്ക്കുവാൻ സൗകര്യമുണ്ടായിരുന്ന ഏക സ്റ്റേഷനായിരുന്നു കടയ്ക്കാവൂർ. കൽക്കരി എഞ്ചിൻ മാറിയതോടെ, സ്റ്റോപ്പുണ്ടായിരുന്ന പല ട്രെയിനുകളും നിർത്താതായി. വക്കം-കടയ്ക്കാവൂർ-അഞ്ചുതെങ്ങ്, മണമ്പൂർ പഞ്ചായത്തുകളിലെ ദീർഘദൂര യാത്രക്കാരുടെ ഏക അവലംബം കടയ്ക്കാവൂർ റെയിൽവേ സ്റ്റേഷനാണ്. മദ്രാസ്മെയിലിന് മൂന്നും, ബോംബേജയന്തിക്ക് നാലും, ബാംഗ്ലൂരിന് രണ്ടും കേരളാ എക്സ്പ്രസ്സിന് രണ്ടും, മംഗലാപുരം എക്സ്പ്രസ്സ് 4, കണ്ണൂർ 4, ഗുരുവായൂർ എക്സ്പ്രസ്സിന് 6-ഉം ബർത്തുകളുണ്ട്. 30,000-ൽപ്പരം യാത്രക്കാർ ഒരുമാസം ഇവിടെനിന്നും യാത്രചെയ്യുന്നു. 600 പേർ സീസൺടിക്കറ്റ് ഉപയോഗിക്കുന്നു. നമ്മുടെ പഞ്ചായത്തിലൂടെ 2Km റെയിലാണ് കടന്നുപോകുന്നത്. വാഹനഗതാഗതമില്ലാത്ത 2 റെയിൽവേ ഗേറ്റുകൾ പഞ്ചായത്തിലുണ്ട്. ദീർഘദൂര യാത്രക്കാരും, ഉദ്യോഗസ്ഥരും, വിദ്യാർത്ഥികളും, കച്ചവടക്കാരുംധാരാളമായി സഞ്ചരിക്കുന്നുണ്ടെങ്കിലും, ജനങ്ങളുടെ ആവശ്യാനുസരണമുള്ള ഒരൊറ്റ ട്രെയിനും ഇവിടെ നിർത്തുന്നില്ലെന്ന് ഗ്രാമസഭാരിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അടിസ്ഥാനസൗകര്യങ്ങളും ഈ സ്റ്റേഷന് വളരെ കുറവാണ്.

പുതിയ റോഡുകളുടേയും, അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടതുമായ റോഡുകളുടേയും വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ ചുവടെചേർക്കുന്നു.

**വാർഡ് പുതിയ റോഡ്**

1. തോണിക്കടവ്-വടതാഴി-മിരാൻകടവ് റോഡ്
2. തോണിക്കടവ്-ആയാന്റെവിള റോഡ്
3. ആയാന്റെവിള-കൊച്ചുപാലക്കടവ് റോഡ്

### അറ്റകുറ്റപ്പണികൾ

1. തെക്കുംഭാഗം-കണ്ണാട്ടുത്തുരുത്തിക്കടവ് ടാറിംഗ്
2. കെച്ചുപാലത്തടി-തേവരുനട റോഡ് ഓടകെട്ടി ടാർചെയ്യുക.
3. തോണിക്കടവ് ജംഗ്ഷൻ-കടവ് റോഡ് ടാർചെയ്യണം.
4. A.K.G. റോഡ് റീ ടാർ ചെയ്യണം.

**വാർഡ് 2 പുതിയ റോഡ്**

1. മാച്ചത്ത് ഇടവഴി-കമ്പിക്കകം-വയൽതിട്ട- ആയിക്കുടി റോഡിൽ ബന്ധിപ്പിച്ച് റോഡാക്കി ഉയർത്തണം.
2. പുത്തൻവയൽ ജംഗ്ഷനിൽനിന്നും അയ്യംപുളക്കൽ വഴി ഊട്ടുപറമ്പിൽവന്നുചേരുന്ന റോഡ്
3. കാവിൽ റോഡ്-കൊച്ചുപാലത്തടിവരെ നീട്ടുക.
4. ആയാന്റെവിള- മാലോട്-തോണിക്കടവ് നടവഴി റോഡാക്കുക.

### അറ്റകുറ്റപ്പണികൾ

1. റെയിൽവേ സ്റ്റേഷൻ-ചെക്കാലവിളാകം റോഡ് റീടാറിംഗ്
2. മാച്ചത്തുമുക്ക്-സെൻട്രൽ തിയേറ്റർ റോഡ് ടാറിംഗ്
3. തേവരുനട-കൊച്ചുപാലത്തടിക്കൽ റോഡ് ഓടകെട്ടി ടാർചെയ്യുക.
4. അയ്യംപുതുക്കൽ ഇടവഴി സഞ്ചാരയോഗ്യമാക്കുക.
5. തൊടിയിൽ ഇടവഴി സഞ്ചാരയോഗ്യമാക്കുക.
6. ചെക്കാലവിളാകം, തോണിക്കടവ് റോഡ് റീടാറിംഗ്

**വാർഡ് 3 പുതിയ റോഡുകൾ**

1. റേഷൻ ഹോൾസെയിൽമുതൽ ഊട്ടുപറമ്പ്വരെയുള്ള ഇടവഴി വികസിപ്പിക്കുക.
2. മാടൻനട-മുതലത്തിട്ട-റെയിൽവേ സ്റ്റേഷൻ റോഡ് വികസിപ്പിക്കുക.
3. റെയിൽവേസ്റ്റേഷൻ-വക്കം റോഡ്.

### അറ്റകുറ്റപ്പണികൾ

1. തോണിക്കടവ്-വടതാഴി-മീരാൻകടവ് റോഡ്
2. ചെക്കാലവിളാകം-തോണിക്കടവ് റോഡ് ഓടകെട്ടി റീ ടാറിംഗ്
3. റെയിൽവേ സ്റ്റേഷൻ-ചെക്കാലവിളാകം റോഡ് റീ ടാറിംഗ്

**വാർഡ് 4 പുതിയ റോഡുകൾ**

1. കരായിൽ റോഡ്-പോളച്ചിറവഴി-ഗുരുവിഹാർ റോഡു

മായി ബന്ധിപ്പിക്കുക
2. കുംഭത്ത് ഇടവഴി-റെയിൽവേസ്റ്റേഷൻവരെ റോഡായി വികസിപ്പിക്കുക.
3. കാക്കോട്ടുറോഡ് വക്കം റോഡുമായി ബന്ധിപ്പിക്കുക.

**അറ്റകുറ്റപ്പണികൾ**

1. പോലീസ്സ്റ്റേഷൻ സ്കൂൾ ഗ്രൗണ്ട് ഇടവഴി വികസിപ്പിച്ച് അറ്റകുറ്റപ്പണികൾ ചെയ്യുക.
2. എഴുത്താന്റെവിള-കല്ലുവിള ഇടവഴി
3. കരിങ്ങോട് റോഡ് ഓടകെട്ടി ടാർചെയ്യുക.
4. ആയുർവേദ ആശുപത്രി (IP) റോഡ്
5. സർവ്വീസ്-സൊസൈറ്റി മുള്ളുവിള ഇടവഴി
6. പരുത്തിവിള-ഇടവഴി

**വാർഡ് 5 റോഡുകൾ(പുതിയവ)**

1. കൊക്കിവിള ഇടവഴി വീതികൂട്ടുക.
2. പള്ളിമുക്ക്-ഏലാപ്പുറം-കാരൻകുന്ന് റോഡ് പൂർത്തിയാക്കുക.
3. 5-10 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കേന്ദ്രം മുക്ക്-കാതേടയംകോണം-മോഡൽ ജംഗ്ഷനിൽ വന്നു ചേരുന്ന റോഡ്
4. പാണന്റെമുക്ക്-അമ്മൻകോവിൽ-മടൻനട റോഡ്

**അറ്റകുറ്റപ്പണികൾ**

1. കഷായ ആശുപത്രി റോഡ് (ഓടകെട്ടുക), ടാർചെയ്യുക.
2. ചിറമൂല-ഏലാപ്പുറം റോഡ്

**വാർഡ് 6 പുതിയ റോഡ്**

1. വാവറക്കോണം-മണനാക്ക്
2. ഏലപ്പുറം-ഈഴമൂല
3. കല്ലൂർക്കോണം-ഈഴമൂല
4. ഇടയക്കോട് ലക്ഷംവീട് റോഡ് ഏലാവരെ നീട്ടുക.

**അറ്റകുറ്റപ്പണികൾ**

1. പെരുംകുളം-താഴവിള റോഡിൽ ഓടകെട്ടണം
2. പെരുംകുളം മിഠാലിയിൽറോഡ് ഓടകെട്ടണം.
3. ഈഴമൂല-റേഡിയോകിസ് റോഡ്.

**വാർഡ് 7 പുതിയ റോഡ്**

1. കുടവൂർക്കോണം-പന്തകുളം റോഡ്
2. മേലായിക്കൽ-കുടവൂർക്കോണം റോഡ്
3. ഗുരുനാഗപ്പൻ കാവ്-കാവുവിള കോളനി

**അറ്റകുറ്റപ്പണികൾ**

1. കാറ്റാടിമൂട്-പന്തുകുളം റോഡ്
2. പേരാണം-കുറ്റിക്കാട്-കടവ് റോഡ്
3. കല്ലൂർക്കോണം-പേരാണം റോഡ്
4. തൊട്ടിക്കല്ല്-ചെറുകരക്കോണം.

**വാർഡ് 8 പുതിയവ**

1. വടക്കേവിള-ഏലായിൽ റോഡ്
2. പൊയ്കവിള-ഏലാപ്പുറം ഏലവരെ

**അറ്റകുറ്റപ്പണികൾ**

1. തീപ്പെട്ടി ആഫീസ്- അത്തിയറക്കോണം-മാമൂട് റോഡ്
2. വിളയിൽമൂല-മാമൂട് റോഡ്
3. കീഴാറ്റിങ്ങൽ Govt. LPS അത്തിയറക്കോണം റോഡ്

**വാർഡ് 9 പുതിയ റോഡ്**

1. I.O.B. Jn മുതൽ BVUPS വഴി MLA റോഡിൽ ചെല്ലുന്ന റോഡ്
2. ചക്കിവിളയിൽനിന്നും തെക്കോട്ട് മംഗണ്ടംവരെയുള്ള റോഡ്.
3. ആശുപത്രിജംഗ്ഷനിൽനിന്നും വട്ടാരംവഴി റോഡ്
4. വിളയിൽമൂല-പള്ളിമുക്ക്-കാരാംകുന്ന് റോഡ്

**അറ്റകുറ്റപ്പണികൾ**

1. ആശാരികുളം-പൊട്ടുവിളാകംവഴിഗണപതിയാംകോവിൽ ഇടവഴി
2. ശാസ്താംനട-വയക്കവിള-ലക്ഷംവീട് റോഡ്.
3. ആശുപത്രി Jn.-ൽനിന്നും വടക്കോട്ട്-കിഴക്കേവിള-പാണന്റെമുക്ക്
4. ശനിയാഴ്ചപള്ളി Jn.-ൽനിന്നും അയ്യനക്കോണം റോഡ്.
5. P.W.D റോഡ്-ലക്ഷംവീട് (കോട്ടവിള) റോഡ്

**വാർഡ് 10 പുതിയ റോഡ്**

1. നെടിയവിള-താമരപ്പള്ളി റോഡ്
2. നെടിയവിള-കൊടിയക്കകം റോഡ് (പഞ്ചായത്ത് അതിർത്തിവരെ)

**അറ്റകുറ്റപ്പണികൾ**

1. അങ്കിളിമുക്ക്-ഏലാപ്പുറം (കൊള്ളഴികം)
2. തിനവിള-കോട്ടപ്പുറം
3. കേന്ദ്രംമുക്ക്-A.K.നഗർ റോഡ്.

## ഊർജ്ജം

ചെക്കാലവിളാകം ആസ്ഥാനമായി സ്ഥിതിചെയ്യുന്ന 110KV ഇലക്ട്രിക്കൽ മേജർ സെക്ഷൻ മുഖേനയാണ്, പഞ്ചായത്തിനാവശ്യമായ വൈദ്യുതി, പ്രധാനമായും വിതരണംചെയ്യുന്നത്. പഞ്ചായത്തുമായി ബന്ധപ്പെട്ട ട്രാൻസ്ഫോർമറുകളുടെ സംഭരണശേഷിയും ഉപഭോക്താക്കളുടെ എണ്ണവും താരതമ്യംചെയ്തു പരിശോധിച്ചാൽ എല്ലാ ട്രാൻസ്ഫോമറുകളും അധികഭാരംവഹിക്കുന്നതായി മനസ്സിലാവും. ഉപഭോക്താക്കളുടെ എണ്ണംത്തിലും, വൈദ്യുതി ഉപഭോഗത്തിന്റെ എണ്ണത്തിലും ഗണ്യമായ വർദ്ധനവുവന്നുകൊണ്ടിരിക്കുന്നു. വ്യവസായമേഖലയിലാണ് ആകെ ലഭ്യതയുടെ സിംഹഭാഗവും ഉപയോഗിക്കുന്നത്. രണ്ടാംസ്ഥാനത്ത് ഗാർഹികാവശ്യവും, മൂന്നാംസ്ഥാനത്ത് കാർഷികാവശ്യത്തിനുമാണ്.

പഞ്ചായത്തിൽ ആകെ 5402 വീടുകളുണ്ട്1000-ത്തോളം വീടുകൾ ഇനി വൈദ്യുതീകരിക്കാനുണ്ട്. ഗാർഹികതലത്തിൽ കിട്ടുന്ന വോൾട്ടേജ് 140V മുതൽ 180 V വരെയാണ്. അംഗീകൃത പവർക്കട്ട് നിലനിൽക്കുമ്പോൾത്തന്നെ അപ്രഖ്യാപിത പവർക്കട്ട് ഗുരുതരമായ പ്രശ്നമായി നിലനിൽക്കുന്നു. പ്രാഥമിക പഠനത്തിൽനിന്നും വ്യക്തമാകുന്നത് പഞ്ചായത്തിൽ 4 ശതമാനത്തിലേറെ മീറ്ററുകൾ പ്രവർത്തനക്ഷമമല്ല. എന്നതാണ്. പ്രധാനമായും വൈദ്യുതിക്ക് നഷ്ടമുണ്ടാകുന്നത് പ്രേക്ഷണവിതരണസംവിധാനങ്ങളുടെ തകരാറുമൂലമാണ്. യഥാസമയത്ത്, യഥാവിധി സർവ്വീസിംഗ് നടത്താത്തതും വിതരണശേഷി കുറയുന്നതിന് കാരണമായിത്തീരുന്നു.

ഗാർഹികാവശ്യത്തിന് വിറക്, ഗ്യാസ്, മണ്ണെണ്ണ എന്നിവ ഉപയോഗിക്കുന്നു. 623 വീടുകളിൽ L.P.G യും 250 വീടുകളിൽ മണ്ണെണ്ണയും 4513 വീടുകളിൽ വിറകും ഇന്ധനമായി ഉപയോഗിച്ചുപോരുന്നു. കൂടാതെ 13 പുകയില്ലാത്ത അടുപ്പുകളും, രണ്ടു ബയോഗ്യാസ് പ്ലാന്റുകളും ഉപയോഗത്തിലിരിക്കുന്നു. അംഗീകൃത ഗ്യാസ് ഏജൻസികളൊന്നും പഞ്ചായത്തിലില്ല. ചിറയിൻകീഴ്, ആറ്റിങ്ങൽപ്രദേശങ്ങളെയാണ് ഗ്യാസിന് ആശ്രയിക്കുന്നത്.

പഞ്ചായത്തിൽ 23 ഫ്ലവർമിൽ/ ഓയിൽമില്ലുകളും മൂന്ന് തടിമില്ലുകളും, രണ്ട് പ്രിന്റിംഗ് പ്രസ്സുകളും, മൂന്ന് സിനിമാശാലകളും 10 വെൽഡിംഗ് എൻജിനീയറിംഗ് വർക്ക്ഷാപ്പുകളും, വൈദ്യുതി ഉപയോഗിച്ചു പ്രവർത്തിക്കുന്നു. ഏകദേശം ചെറുതും, വലുതുമായ 300-ഓളം വ്യാപാരസ്ഥാപനങ്ങളും വൈദ്യുതിയെ, ഊർജ്ജത്തിനായി ആശ്രയിക്കുന്നു. കാർഷികമേഖലയിലും, ചുടുകട്ടനിർമ്മാണത്തിലും വൈദ്യുത ഊർജ്ജം ഉപയോഗിക്കുന്നുണ്ട്. ഗാർഹിക-വ്യാവസായിക മേഖലകളിൽ വൈദ്യുതി യഥാസമയം കിട്ടാനുള്ള കാലതാമസം നിലനിൽക്കുന്നു.

### നിർദ്ദേശങ്ങൾ

1. വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിനായി 110KV Sub സ്റ്റേഷൻ സ്ഥാപിക്കുവാൻ സ്വീകരിച്ച നടപടി ത്വരിതപ്പെടുത്തുക.
2. വക്കം- അഞ്ചുതെങ്ങ്-കടയ്ക്കാവൂർ എന്നീ മേഖല കേന്ദ്രീകരിച്ച് ഒരു അംഗീകൃത ഗ്യാസ്സ് ഏജൻസ്സി കടയ്ക്കാവൂരിൽ അനുവദിക്കുക.
3. വൈദ്യുതിക്ഷാമം നേരിടുന്നതിനായി എല്ലാ വീടുകളിലും വ്യാപാരസ്ഥാപനങ്ങളിലും, ട്യൂബ്ലൈറ്റുകളും, ഇലക്ട്രോണിക് ചോക്കുകളും ഉപയോഗിക്കുക.
4. വൈദ്യുതിവിതരണരംഗത്തെ മെയിന്റനൻസ് യഥാസമയം നടത്തുക.
5. പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കുക.
6. സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന വിഭാഗങ്ങൾക്ക് പുകയില്ലാത്ത അടുപ്പുകൾ സൗജന്യമായി നൽകുക.
7. പൊതുസ്ഥലങ്ങളിൽ വിറകുമരങ്ങൾ നട്ടുവളർത്തുക.
8. കന്നുകാലിവളർത്തൽ കൂടുതലുള്ള പ്രദേശങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക.

### വാർഡ്തിരിച്ച് പൊതുവായിചെയ്യേണ്ട വികസന പ്രവർത്തനങ്ങൾ ചുവടെചേർക്കുന്നു.

**വാർഡ് I**

1. തെക്കുംഭാഗം ജംഗ്ഷനിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
2. തെക്കുംഭാഗം തോണിക്കടവ് ലൈനിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക.

**വാർഡ് II**

1. മാലോട്- അയ്യംപുളക്കൽ ഇടവഴി, ആയിക്കുടി റോഡ്, കാവിൽറോഡ് പള്ളത്തിൽ ജംഗ്ഷൻ എന്നിവിടങ്ങളിൽ സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുക.

**വാർഡ് III**

1. വടതാഴിഭാഗത്തും പുതുതായി പണിയാരംഭിച്ച തോണിക്കടവ് മീരാൻകടവ് റോഡിൽ സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുക.

**വാർഡ് IV**

കരായിൽ റോഡ്, എഴുത്താന്റെവിള-കല്ലുവിള ഇടവഴി, പോലീസ് സ്റ്റേഷൻ ഇടവഴി, കുംഭത്തിൽ ഇടവഴി, തുണ്ടത്തിൽ റോഡ്, മണമ്പ്വിള ഇടവഴി, പോളച്ചിറ റോഡ് ഇവയിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക.

**വാർഡ് 5**

1. കാട്ടുവിള-ഏലാപ്പുറ റോഡിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

**വാർഡ് 6**

1. താഴവിള റോഡ്-മിഠാലയിൻ-പെരുംകുളം റോഡ്, പെരുംകുളത്തുനിന്നും മാമാവീട്ടിൽ അവസാനിക്കുന്ന ഇടവഴികളിൽ വൈദ്യുതി എത്തിക്കുക.

**വാർഡ് 7**

1. കാറ്റാടിമുക്ക്-പന്ത്‌വിളഭാഗത്ത് 15 ഓളം കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കണം.

**വാർഡ് 8**

വാർഡിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക Govt. L.P.S ഉം പരിസരവും ഈഴമൂല, മാമൂട്, കണങ്കരപ്രദേശം എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കണം.

**വാർഡ് 9**

വട്ടാരം, മാടത്തറ, അയ്യനംകോണം, മാരുമ് എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കണം. നിലവിലുള്ള ട്രാൻസ്ഫോർമർ മാറ്റിസ്ഥാപിക്കണം. അയ്യംകോണംപ്രദേശം, ചുളിനിൽക്കുന്നവിള ഇടവഴി, വിളയിൽമൂല, മേലേവിള, ഗണപതിക്ഷേത്ര ഇടവഴി P.W.D റോഡ്-കോട്ടവിള ഇടവഴി എന്നിവിടങ്ങളിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക.

**വാർഡ് 10**

A.K. നഗറിൽ-കൊടിയ്ക്കകം, ചരുവിള K.P X CPI വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന, തിനവിള, കോട്ടപ്പുറം, നെടിവിള, താമരപ്പള്ളി മുളക്കാട്, കേന്ദ്രംമുക്ക് എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കണം. പ്രധാന വഴികളിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കണം.

## മാർക്കറ്റ്

ഉപഭോക്തൃഗ്രാമമായ കടയ്ക്കാവൂരിൽ, ജനങ്ങൾ വിഭവങ്ങൾ വാങ്ങുന്നതിന് പ്രധാനമായും ആശ്രയിക്കുന്നത് ചെക്കാലവിളാകം, വിളയിൽമൂല, പാലംകോണം, തൊപ്പിച്ചന്ത മാർക്കറ്റുകളെയാണ്. അംഗീകൃത മാർക്കറ്റുകൾക്ക് പുറമേ തിനവിള കേന്ദ്രീകരിച്ച് ഒരു സ്വകാര്യമാർക്കറ്റ് നിലവിലുണ്ട്.

പൊതു മാർക്കറ്റുകളിൽവലുത്, ചെക്കാലവിളാകം പബ്ലിക് മാർക്കറ്റാണ്. വലുതും ചെറുതുമായ സ്റ്റാളുകളും, മത്സ്യം മാസം എന്നിവ വിൽക്കുന്നതിന് പ്രത്യേകം സൗകര്യം ഇവിടെയുണ്ട്. തൊപ്പിച്ചന്ത-വിളയിൽമൂല മാർക്കറ്റുകളിൽ സ്റ്റാളുകളോ മറ്റ് അടിസ്ഥാനസൗകര്യങ്ങളോ ഇല്ല. കേരളത്തിലെ ജനങ്ങൾക്ക് ആവേശമായിമാറിയ മാവേലിസ്റ്റോറുകളിൽ ഒന്ന് നിലയ്ക്കാമുക്കിൽ പ്രവർത്തിക്കുന്നുണ്ട്.

പൊതു മാർക്കറ്റുകൾ, പഞ്ചായത്തിൽനിന്നും, ലേലംപിടിക്കുന്ന കോൺട്രാക്ടർമാരുടെ പെരുമാറ്റം കച്ചവടക്കാരേയും, പൊതുജനങ്ങളേയും ബുദ്ധിമുട്ടിക്കുന്നതായി ഗ്രാമസഭകളിൽനിന്നും പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ചെക്കാലവിളാകം മാർക്കറ്റിൽ മഴക്കാലങ്ങളിൽ ചെളിവെള്ളം, കെട്ടുന്നതുകാരണം ഗുണഭോക്താക്കൾക്ക് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇവിടുത്തെ ഇറച്ചികടകളിൽനിന്നും ലഭിക്കുന്ന ആട്, പശു എന്നിവയുടെ മാംസം ഗുണനിലവാരമില്ലാത്താണ്. തിരക്കുള്ള സന്ദർഭങ്ങളിൽ ആടുമാടുകളെ കൊല്ലുന്ന അവസ്ഥ നിലവിലുണ്ട്. പച്ചക്കറികളുടെ അവശിഷ്ടങ്ങൾ, ഇറച്ചിക്കടകളിൽനിന്നും വലിച്ചെറിയുന്ന മാംസക്കഷണങ്ങളും, മറ്റു ചപ്പുചവറുകളും കുന്നുകൂടി ദുർഗ്ഗന്ധപൂരിതമാക്കുകയും, പരിസരമലിനീകരണമുൾപ്പെടെയുള്ള മറ്റു ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. കൂടാതെ മാർക്കറ്റിനുള്ളിൽ അലഞ്ഞ്തിരിയുന്ന പട്ടികളും മറ്റൊരു പ്രശ്നമാണ്.

**പരിഹാരനിർദ്ദേശങ്ങൾ**

1. മാർക്കറ്റുകളുടെ വിസ്തൃതിവർദ്ധിപ്പിക്കുക
2. പൊതുമാർക്കറ്റുകളുടെ തറ കോൺക്രീറ്റുചെയ്യുക.
3. ഓടകെട്ടി മലിനജലം ഓഴുക്കിവിടുക.
4. പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
5. മൃഗഡോക്ടറുടെ പരിശോധനക്ക് വിധേയമായ മാംസംമാത്രമേ വിൽക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുക.
6. മാർക്കറ്റിനുള്ളിലെ മാലിന്യകൂമ്പാരങ്ങൾ നീക്കംചെയ്യുക
7. സ്ലാട്ടർഹൗസ് സ്ഥാപിക്കുക.
8. പാലാംകോണം, തൊപ്പിച്ചന്ത മാർക്കറ്റ് വികസിപ്പിച്ച് ഷോപ്പിംഗ് കോംപ്ളെക്സ് നിർമ്മിക്കുക.



# ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം

ഒൻപതാം പദ്ധതിയിൽ ഏറെ പരിശ്രമവും ശ്രദ്ധയും അർഹിക്കുന്ന ഒരു പ്രശ്നമാണ് എല്ലാവർക്കും പാർപ്പിടം എന്നത്. അനുയോജ്യമായ വാസഗ്രഹം മനുഷ്യന്റെ അടിസ്ഥാന ആവശ്യമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഭവനരഹിതരുടെ സംഖ്യ വർദ്ധിച്ചുവരികയാണ്. ഭവനരഹിതരുടെ പ്രശ്നങ്ങൾ സാമൂഹ്യ അരക്ഷിതാവസ്ഥയും ദാരിദ്ര്യവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. യഥാർത്ഥത്തിൽ പാർപ്പിടമില്ലായ്മ ദാരിദ്ര്യത്തിന്റെ മറ്റൊരു മുഖമാണ്. സുരക്ഷിതത്വവും വാസയോഗ്യവുമായ ഭവനങ്ങളുടെ അഭാവം ഏറെ ബാധിക്കുന്നത് നിർദ്ധനരെയാണ്. ജനപങ്കാളിത്തത്തിലൂടെ സമയബന്ധിതമായി "എല്ലാവർക്കും പാർപ്പിടം" എന്ന ലക്ഷ്യംനേടാൻ നമുക്കു കഴിയണം.

പഞ്ചായത്തിന്റെ പാർപ്പിടസ്ഥിതി പരിശോധിച്ചാൽ കടയ്ക്കാവൂർ വില്ലേജിൽ പൊതുവേ തൃപ്തികരമാണെങ്കിൽ കീഴാറ്റിങ്ങൾ വില്ലേജിൽ വളരെ പരിതാപകരമാണ്. പഞ്ചായത്തിലെ ഒന്നുമുതൽ 4 വരേയും 5-ാം വാർഡിന്റെ പകുതിഭാഗവും ഉൾപ്പെടുന്ന കടയ്ക്കാവൂർ വില്ലേജിൽ ആധുനികസൗകര്യങ്ങളോടുകൂടിയ പാർപ്പിടങ്ങൾ ധാരാളം ഉണ്ടെങ്കിലും ഒന്നാം വാർഡിലെ ചമ്പാവ്, മൂന്നാം വാർഡിലെ വടതാഴി, അഞ്ചാം വാർഡിലെ പള്ളിവിള എന്നീ പ്രദേശങ്ങളിൽ യാതൊരു അടിസ്ഥാനസൗകര്യങ്ങളുമില്ലാത്ത കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഈ വില്ലേജിലെ കോവിലഴികം, കാക്കോട്, നിലയ്ക്കാമുക്ക് എന്നീ ലക്ഷംവീടുകളിൽ 28 വീടുകളിലായി 56 കുടുംബങ്ങൾ താമസിക്കുന്നതായാണു കണക്കുകൾ വ്യക്തമാക്കുന്നത്. എന്നാൽ ഫലത്തിൽ ഇതിന്റെ മൂന്ന് ഇരട്ടിയോളംവരും. അഞ്ചാംവാർഡിന്റെ പകുതിമുതൽ 10-ാംവാർഡുവരെയുള്ള കീഴാറ്റിങ്ങൽ വില്ലേജിൽ ദരിദ്രജനവിഭാഗങ്ങൾ പാർപ്പിടപ്രശ്നത്തിൽ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നു. ഈ വില്ലേജിൽ ഉൾപ്പെടുന്ന മണനാക്ക്, പേരാണം, വൈക്കവിള, തിനവിള എന്നീ നാലുലക്ഷം വീടുകളിലായി 98 കുടുംബങ്ങൾ താമസക്കാരായി ഉണ്ട് എന്നാണു കണക്കുകളെങ്കിലും യഥാർത്ഥസംഖ്യ ഇതിന്റെ ഇരട്ടിയിലധികംവരും. ലക്ഷംവീടുകളുടെ സ്ഥിതി പൊതുവേ പരിതാപകരമാണ്. സമയാസമയത്ത് അറ്റകുറ്റപണികൾ നടത്താത്തതുമൂലം പല വീടുകളും നിലംപൊത്താറായ സ്ഥിതിയാണ്.

പഞ്ചായത്തിലെ ഒൻപതു പട്ടികജാതികോളനികളിലായി താമസിക്കുന്ന 694 കുടുംബങ്ങളിൽ ഭൂരിഭാഗം വീടുകളും അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്തവയാണ്. കൂടാതെ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും തലചായ്ക്കാൻ ഇടമില്ലാത്ത കുടുംബങ്ങൾ വേറേയും ഉണ്ട്. സ്വന്തമായി നാലുസെന്റ് ഭൂമിപോലും ഇല്ലാത്തവരാണ് അധികവും.

**ലക്ഷംവീടും കുടുംബങ്ങളും**

| വാർഡ് | ലക്ഷംവീടുകളുടെ പേര് | വീടുകൾ | കുടുംബങ്ങൾ |
|---|---|---|---|
| I | കോവിലഴികം | 7 | 14 |
| IV | കാക്കോട് | 14 | 28 |
| V | നിലയ്ക്കാമുക്ക് | 7 | 14 |
| VI | മണനാക്ക് | 14 | 28 |
| VII | പേരാണം | 14 | 14 |
| IX | വൈക്കവിളി | 14 | 28 |
| X | തിനവിള | 14 | 28 |
| | ആകെ | 84 | 154 |

പാർപ്പിടപ്രശ്നത്തിൽ ഭീതിതമായ ബുദ്ധിമുട്ടുകൾ നിലനിൽക്കുമ്പോഴും പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ആഡംബരപൂർണ്ണമായ വീടുവയ്ക്കുന്നവർ നിരവധിയാണ്. ഗൾഫ്പണത്തിന്റെ സ്വാധീനമാണ് ഇതിന് അടിസ്ഥാനം. പഞ്ചായത്തിൽ ആകെ 9303 കെട്ടിടങ്ങൾ ഉള്ളതിൽ 1991–ലെ സെൻസസ് റിപ്പോർട്ട് പ്രകാരം 4573 വീടുകളാണുള്ളത്. എന്നാൽ ഏറ്റവും പുതിയ പഞ്ചായത്തുരജിസ്റ്ററിലെ കണക്ക് അനുസരിച്ച് 5402 വീടുകൾ ഉണ്ട്. കഴിഞ്ഞ 5വർഷക്കാലത്തിനിടയ്ക്ക് 850 ഓളം വീടുകൾക്കു പഞ്ചായത്തുലൈസൻസ് നൽകുകയുണ്ടായി.

## പഞ്ചായത്തിലെ വീടുകൾ

| വാർഡ് | ആകെ കെട്ടിടങ്ങൾ | വീടുകൾ | ഓല | ഓട് | ടെറസ്സ് |
|---|---|---|---|---|---|
| I | 760 | 516 | 304 | 76 | 136 |
| II | 975 | 442 | 196 | 71 | 175 |
| III | 961 | 436 | 202 | 74 | 160 |
| IV | 994 | 493 | 234 | 87 | 172 |
| V | 1073 | 499 | 237 | 96 | 166 |
| VI | 942 | 615 | 286 | 102 | 227 |
| VII | 951 | 654 | 398 | 103 | 153 |
| VIII | 891 | 635 | 391 | 109 | 135 |
| IX. | 882 | 516 | 286 | 104 | 126 |
| X | 874 | 596 | 388 | 99 | 180 |
| ആകെ | 9303 | 5402 | 2922 | 921 | 1630 |

ഓലമേഞ്ഞതും ഓടുപാകിയതുമായ വീടുകൾ അധികവും പച്ചമൺകട്ടയും വെട്ടുകല്ലും ഉപയോഗിച്ചുനിർമ്മിച്ചവയുമാണ്. തറ ചാണകം മെഴുകിയതും സിമന്റുപൂശിയവയും ഉണ്ട്. ടെറസ്സുവീടുകൾ ഇഷ്ടികകൊണ്ടുനിർമ്മിച്ചവയാണ് അധികവും. തറ സിമന്റുപൂശുകയോ, മൊസേക്ക് ചെയ്യുകയോ ചെയ്തിട്ടുണ്ട്. മാർബിൾ, ഗ്രാനൈറ്റ് പാകിയ തറകളും ഉണ്ട്.

ഓലമേഞ്ഞ 2922 വീടുകളിൽ കുടിലുകളും ലക്ഷംവീടുകളും ഉൾപ്പെടുന്നു. ഇവയിൽ ഭൂരിഭാഗവും സുരക്ഷിതമല്ലാത്ത സ്ഥിതിയിലാണ്. ഇവയുടെ നവീകരണവും പുനർനിർമ്മാണവും അടിയന്തിര പ്രാധാന്യം അർഹിക്കുന്നു. സർക്കാരിന്റെ വിവിധ ധനസഹായപദ്ധതികളിലൂടെ ലഭിക്കുന്ന വീടുകളുടെ എണ്ണം വളരെ പരിമിതമാണ്. ഇന്ന് നിലവിലുള്ള രീതിയും പരിമിതിയും സാമാന്യനിലവാരമുള്ള താമസസൗകര്യം ഒരുക്കുന്നതിനു തീരെ അപര്യാപ്തമാണ്.

I.R.D.P സർവേ പ്രകാരം പഞ്ചായത്തിൽ വീട് ആവശ്യമുള്ള ആയിരത്തിലധികം കുടുംബങ്ങൾ ഉണ്ട്. വിവിധ പദ്ധതികളിലൂടെ 165 വീടുകൾ അനുവദിച്ചിട്ടുണ്ട്. സർവേ ലിസ്റ്റിൽ ഉൾപ്പെടാത്ത ആവശ്യക്കാർ ധാരാളം വേറെയും ഉണ്ട്. ലക്ഷംവീടുകളിലും സർക്കാർ സഹായംനൽകി ചെയ്തവീടുകളിലും താമസിക്കുന്ന കുടുംബങ്ങൾ ചെറിയ അറ്റകുറ്റപണികൾ ഉണ്ടായാൽപോലും സർക്കാർസഹായം പ്രതീക്ഷിച്ചുനിൽക്കുന്ന ഒരു സ്ഥിതിയുണ്ട്. സർക്കാർസഹായം ലഭിക്കുവാൻ ഉണ്ടാകുന്ന കാലതാമസം ഈ കെട്ടിടങ്ങൾ കൂടുതൽ നാശത്തിലേക്ക് നീങ്ങുവാൻ കാരണമാകുന്നു. നമ്മുടെ വാസഗൃഹങ്ങൾ വൃത്തിയാക്കുവാനും അറ്റകുറ്റപണികൾ ചെയ്യുവാനുമുള്ള മനോഭാവം നമുക്കുതന്നെ ഉണ്ടാകേണ്ടിയിരിക്കുന്നു.

ഭൂപണയബാങ്ക്, ഹൗസിംഗ് ബോർഡ്, എൽ.ഐ.സി, ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് എന്നീ ഏജൻസികൾവഴി ഇടത്തരം വരുമാനക്കാർക്ക് വീടുവയ്ക്കുന്നതിന് സാമ്പത്തികസഹായങ്ങൾ ലഭ്യമാണെങ്കിലും നിലവിലുള്ള നിയമവ്യവസ്ഥകളിലെ സങ്കീർണ്ണത ഇത്തരം ഗുണഭോക്താക്കൾക്കു ബുദ്ധിമുട്ടുണ്ടാക്കുന്നു.

### പരിഹാരനിർദ്ദേശങ്ങൾ

1. സ്വന്തമായി ഭൂമിയോ, വീടോ ഇല്ലാത്ത കുടുംബങ്ങൾക്ക് അവ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
2. സ്വന്തമായി ഭൂമിയുള്ള നിർദ്ധനർക്ക് പഞ്ചായത്ത് നൽകിവരുന്ന ഭവനനിർമ്മാണ സാമ്പത്തിക സഹായത്തി

ന്റെ പരിധി ഉയർത്തുക.

3. പഞ്ചായത്തിന്റെ അഞ്ച്, ആറ്, ഏഴ്, എട്ട് വാർഡുകളിൽ കാണുന്ന ഒഴിവുള്ള പ്രദേശങ്ങൾ വിലയ്ക്കെടുത്ത് ഭൂരഹിതർക്കുനൽകുക.
4. സാമ്പത്തികസഹായം നൽകുമ്പോൾ തവണകൾക്കിടയിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുക.
5. നാലുസെന്റുവരെ ഭൂമിയുള്ളവർക്ക് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുക.
6. ഭവനരഹിതർക്കു നൽകുന്ന ഭൂമി കൈമാറ്റംചെയ്യുന്നത് കർശനമായി തടയുക.
7. പഞ്ചായത്തിനു സ്വന്തമായോ, സമീപപഞ്ചായത്തുകളെ ഉൾപ്പെടുത്തിയോ ഒരു ഭവനനിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക.
8. ഗുണഭോക്താവിനെ തിരഞ്ഞെടുക്കുവാൻ വാർഡുതലത്തിൽ ജനകീയകമ്മറ്റികൾ രൂപീകരിക്കുക.
9. മൈത്രിഭവൻപോലുള്ള ഭവനനിർമ്മാണപദ്ധതികൾക്കു നിയമസങ്കീർണ്ണത ലഘൂകരിക്കുക.

## സാമൂഹ്യക്ഷേമം:

ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും വിവിധ ജനവിഭാഗങ്ങൾക്കുള്ള പെൻഷൻ, ധനസഹായപദ്ധതികളുമാണ് പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ. അർഹരായവരിൽ വളരെ ചെറിയ ഒരു വിഭാഗത്തിനുമാത്രമേ ക്ഷേമപദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നുള്ളൂ എന്നകാര്യം വ്യക്തമാണ്. ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം 2164 കുടുംബങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളത്. ഇതിൽ 766 കുടുംബങ്ങൾ പട്ടികജാതിവിഭാഗത്തിൽപെട്ടതാണ്. ഇതുവരെ 262 കുടുംബങ്ങൾക്ക് സാമ്പത്തികസഹായം ലഭ്യമായിട്ടുള്ളതിൽ 163 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിലുള്ളതാണ്, ക്ഷേമപദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ ഇത്തരം സഹായധനം ലഭിക്കുന്നതിന് പല കുടുംബങ്ങൾക്ക് തടസ്സമായി നിൽക്കുന്നു.

വൃദ്ധജനങ്ങളോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടിൽ ഇന്ന് മാറ്റംസംഭവിച്ചിട്ടുണ്ട്. വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനായി ഒരു വൃദ്ധമന്ദിരത്തിന്റെ അവശ്യകത ഉയർന്നുവന്നിട്ടുണ്ട്. 18 അങ്കണവാടികളും ഒരു ബാലവാടിയും നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമല്ല.

## വിവിധ പെൻഷനുകൾ വാങ്ങുന്നവർ

| | |
|---|---|
| വിധവാപെൻഷൻ | 76 പേർ |
| വാർദ്ധക്യകാലപെൻഷൻ | 54 '' |
| വികലാംഗപെൻഷൻ | 32 '' |
| കാൻസർപെൻഷൻ | 14 '' |
| ലപ്രസി | 10 '' |
| ക്ഷയരോഗം | 10 '' |

അർഹരായ അപേക്ഷകർ ധാരാളമുണ്ടെങ്കിലും എല്ലാ പേർക്കും സഹായം ലഭ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമല്ല. നിർദ്ധനരായ നിരവധി പെൺകുട്ടികൾ അവിവാഹിതരായിട്ടുണ്ട്. സാമ്പത്തികപിന്നോക്കാവസ്ഥയാണ് ഇതിന് പ്രധാനകാരണം. സ്ത്രീധനമെന്ന വിപത്തിനെതിരെ ബോധവൽക്കരണംനടത്തേണ്ടതിന്റേയും, നിയമം കർശനമാക്കേണ്ടതിന്റേയും ആവശ്യകതയിലേക്ക് ഇത് വിരൽചൂണ്ടുന്നു.

സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത കുടുംബങ്ങൾ IRDP സർവ്വേ പ്രകാരം 75-ഓളമുണ്ട്. എല്ലാ വീടുകളിലും കക്കൂസ് വരേണ്ടത് അത്യാവശ്യമാണ്. സർവേയിൽ ഉൾപ്പെടാത്ത വീടുകൾ വേറേയും ഉണ്ട്.

## പരിഹാരനിർദ്ദേശങ്ങൾ

1. അർഹരായ എല്ലാപേർക്കും സഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.
2. കക്കൂസുകൾ ഇല്ലാത്ത കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുക.
3. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വാർഡുതലത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കുക.
4. നിർദ്ധനരായ പെൺകുട്ടികൾക്ക് വിവാഹധനസഹായ നിധി രൂപീകരിക്കുക.
5. മാതൃകാവിവാഹങ്ങൾ സംഘടിപ്പിക്കുകയും വിവാഹ ചെലവ് നിയമംമൂലം നിയന്ത്രിക്കുകയും ചെയ്യുക.
6. അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. അമ്മമാർക്കുള്ള ആരോഗ്യക്ലാസ്സുകളും പോഷകാഹാരക്കുറവ് പരിഹരിക്കാനുള്ള നടപടികളും സ്വീകരിക്കുക.
7. പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കുക.
8. ദരിദ്ര ജനവിഭാഗങ്ങൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുക.



# സംസ്കാരം

വിവിധ ജാതിമതസംസ്കാരങ്ങൾ പരസ്പരം അലിഞ്ഞു ചേർന്നിട്ടുള്ള ഒരു സമ്മിശ്രസംസ്കാരത്തിന്റെ ആഢ്യത്വം നിലനിർത്തിപ്പോരുന്ന കടയ്ക്കാവൂരിനു അതിപുരാതനമായ ഒരു സാംസ്കാരിക പാരമ്പര്യം അവകാശപ്പെടാനുണ്ട്.

ഭൂരിപക്ഷം വരുന്ന ഹിന്ദുമത വിശ്വാസികളോടൊപ്പം ഇസ്ലാംമതക്കാരും ക്രൈസ്തവ വിശ്വാസികളും പരസ്പരവിശ്വാസത്തോടെ ജീവിക്കുന്ന കടയ്ക്കാവൂർ ഗ്രാമം മതസൗഹാർദ്ദത്തിനു മാതൃകാപരമായ ഉദാഹരണമാണ്. ജാതീയമായ ഉച്ചനീചത്വങ്ങൾ പ്രകടിപ്പിക്കാറില്ലെങ്കിലും സാമൂഹ്യജീവിതത്തിന്റെ അന്തർധാരയിൽ ജാതിചിന്തയുടെ വിഷവിത്തുകൾ ഇപ്പോഴും ഉണ്ട്. ഇവ പൂർണ്ണമായും ഉന്മൂലനം ചെയ്യണമെങ്കിൽ കൂട്ടായ്മയിലൂടെ ഉരുത്തിരിയുന്ന സാമൂഹ്യജീവിതത്തിന്റെ പ്രസക്തി ജനഹൃദയങ്ങളിലേക്കു എത്തിക്കേണ്ടതുണ്ട്. ജനകീയാസൂത്രണത്തിലെ സാംസ്കാരിക പ്രവർത്തനങ്ങൾ പ്രസക്തമാകേണ്ടത് ഇത്തരം ബോധവത്കരണപ്രക്രിയിലൂടെ ആവണം.

വ്യത്യസ്ത ജാതിമതസ്ഥരുടെ 34– ഓളം ആരാധനാലയങ്ങൾ ഈ ഗ്രാമത്തിലുണ്ട്. ഇവയിൽ ഭൂരിപക്ഷവും ക്ഷേത്രങ്ങളാണ്. ആരാധനാലയങ്ങളിൽ ആചാരനാനുഷ്ഠാനങ്ങളോടും കലാപരപാടികളോടുംകൂടിയ വാർഷികോത്സവങ്ങൾ സംഘടിപ്പിക്കപ്പെടാറുണ്ട്. ജനകീയ പങ്കാളിത്തത്തോടെ സംഘടിപ്പിക്കപ്പെടുന്ന ഇത്തരം ആഘോഷങ്ങൾ സാമുദായികവും മതപരവുമായ സൗഹാർദ്ദം ഊട്ടിയുറപ്പിക്കുവാൻ ഉയകുന്നവയാണ്. വ്യത്യസ്ത ആരാധനാലയങ്ങളിൽ വ്യത്യസ്തങ്ങളായ ആചാരാനുഷ്ഠാനങ്ങളാണ് നിലനിൽക്കുന്നത്. പൊങ്കാല, കാവടി, കുതിര, എടുപ്പ്, ഗുരുഡംതൂക്കം, തെയ്യം, കുത്തിയോട്ടം, തോറ്റംപാട്ട് തുടങ്ങിയവ പ്രത്യേകം പരാമർശിക്കേണ്ടവയാണ്. ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് നടത്തപ്പെടുന്ന കലാപരിപാടി ക്ഷേത്രകലകൾ എന്ന് അറിയപ്പെടുന്ന കലാരൂപങ്ങളുടെ പ്രാതിനിദ്ധ്യം വളരെയേറെ കുറഞ്ഞുകൊണ്ടിരിക്കുന്നു. കീഴാറ്റിങ്ങലിൽ കാങ്കിയാന്മാർ എന്നു അറിയപ്പെടുന്ന ഒരു പ്രത്യേക വിഭാഗത്തിന്റെ ആരാധനാലയത്തിൽ ആട്, കോഴി, തുടങ്ങിയവയെ കുരുതികൊടുക്കുന്ന പ്രാകൃത ആചാരം ഇന്നും നിലനിൽക്കുന്നു.

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി കാളിദാസ ഗ്രന്ഥശാല, മഹാത്മാഗാന്ധി റിക്രിയേഷൻ ക്ലബ്ബ്, ജവഹർ സ്മാരക ഗ്രന്ഥശാല, ശ്രീനാരാണവിലാസം വായനശാല തുടങ്ങിയ സാംസ്കാരിക കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവയിൽ കാളിദാസഗ്രന്ഥശാലയാണ് കാലപ്പഴക്കംകൊണ്ടും പുസ്തകശേഖരണത്തിന്റെ വൈപുല്യംകൊണ്ടും മുമ്പിൽ നിൽക്കുന്നത്. ഏകദേശം 7000– ഓളം പുസ്തകങ്ങളും 36– ഓളം ആനുകാലിക പ്രസിദ്ധീകരണങ്ങളും നിലവി

ലുള്ള ഈ ഗ്രന്ഥശാലയിൽ പ്രതിദിനം ശരാശരി 300-ഓളം പേർ വിജ്ഞാനംതേടി എത്തുന്നു. പത്രമാദ്ധ്യമങ്ങളും ആനുകാലികപ്രസിദ്ധീകരണങ്ങളും വായനാശീലം വർദ്ധിപ്പിക്കുന്നതിനു സഹായകമാണെങ്കിലും ജനങ്ങളിൽ വായനാശീലം അനുദിനം കുറഞ്ഞുവരുന്നതായാണ് കാണപ്പെടുന്നത്. എന്നാൽ ആധുനിക ഇലക്ട്രോണിക്, ദൃശ്യ, ശ്രവ്യ, മാധ്യമങ്ങളിലുള്ള താല്പര്യം അനുദിനം വർദ്ധിച്ചുവരുന്നു. ജനങ്ങളിൽ സാംസ്കാരികമായ ഉൾക്കാഴ്ചയും നവീനജീവിതാവബോധവും വർത്താൻ വളരെയേറെ സഹായിക്കുന്ന ഇത്തരം മാധ്യമങ്ങളുടെ കേന്ദ്രീകൃതമായ ദുർവിനിയോഗംമൂലം ആഗോളതലത്തിൽതന്നെ ഉടലെടുത്തിട്ടുള്ള മൂല്യച്യുതിയും ഉപഭോഗസംസ്കാരത്തിന്റെ വൈകൃതവും ഈ ഗ്രാമജീവിതത്തിലും അനുദിനം അലിഞ്ഞുചേർന്നുകൊണ്ടിരിക്കുന്നു. ബൗദ്ധികമായ ഒരുതരം വിഭ്രാന്തിയിലേക്കു ജനങ്ങളെ നയിക്കുന്ന ഗുരുതരമായ ഒരു വിപത്തായി ഇതു പടരുന്നു. പാശ്ചാത്യസംസ്കാരത്തിന്റെ തിന്മകളെ മാത്രം ജനങ്ങളിലേക്ക് അടിച്ചേൽപ്പിക്കാനുള്ള ആയുധമായി ഇത്തരം മാധ്യമങ്ങൾ മാറിയിട്ടുണ്ട്. കലാസാംസ്കാരികരംഗങ്ങളിൽ ഒരുതരം മുരടിപ്പുതന്നെ ഇവ. ആനുകാലിക പ്രസിദ്ധീകരണങ്ങൾ കടയ്ക്കാവൂരിനു സ്വന്തമായി ഉണ്ട്. കഥകളിക്കുവേണ്ടി കേരളത്തിൽ ഇന്നു നിലവിലുള്ള ഏക പ്രസിദ്ധീകരണായ "നൃത്യകലാരംഗം" ഈ പഞ്ചായത്തിൽ നിന്നാണ് പ്രസിദ്ധീകരിക്കപ്പെടുന്നത്. "രാഗസുധ" എന്ന മറ്റൊരു സാംസ്കാരിക മാസിക നിലവിലുണ്ടായിരുന്നെങ്കിലും സാമ്പത്തികബാദ്ധ്യത അതിനെ മൃതാവസ്ഥയിലാക്കിയിരിക്കുന്നു. സാഹിത്യ സംഗീത നാടകമേഖകളിൽ ഒട്ടേറെ പ്രശസ്തരെ സംഭാവനചെയ്യാൻ നമ്മുടെ ഗ്രാമത്തിനു കഴിഞ്ഞിട്ടുണ്ട്. സ്വകാര്യമേഖലയിൽ രണ്ടു നൃത്തസംഗീതവിദ്യാലയങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു.

കായികരംഗത്ത് പരിമിതി മാത്രമുള്ള ഒരു ഗ്രാമമായി പഞ്ചായത്ത് മാറിക്കൊണ്ടിരിക്കുന്നു. പൊതുകളിസ്ഥലങ്ങളോ കായികശേഷി വർദ്ധിപ്പിക്കാൻ ഉതകുന്ന സ്ഥാപനങ്ങളോ ഇവിടെ നിലവിലില്ല. സ്കൂൾതലത്തിൽ ചില ശ്രമങ്ങളൊക്കെ ഉണ്ടെങ്കിലും അവയും ഫലത്തിൽ നിർജ്ജീവമാണ്.

തേവരുനട കേന്ദ്രമാക്കി ജില്ലാതല നാടൻപന്തുകളി മത്സരം സംഘടിപ്പിക്കപ്പെടുമായിരുന്നു. എന്നാൽ അതും ഇന്ന് അസ്തമിച്ചുകഴിഞ്ഞിരിക്കുന്നു. കഴിവുള്ള കായിക പ്രതിഭകൾ ഈ ഗ്രാമത്തിലുണ്ടെങ്കിലും അവർക്കു വളരാൻ അനുകൂലമായ സാഹചര്യം ഇവിടെ നിലവിലില്ല. പ്രതികൂല സാഹചര്യങ്ങളിലൂടെ മുന്നേറി ദേശീയ ശ്രദ്ധ ആകർഷിച്ച കായികതാരം "ശ്രീക്കുട്ടൻ കണിതുവിള" ഈ ഗ്രാമത്തിന്റെ സംഭാവനയാണ്. ആഗോളതലത്തിൽപോലും ശ്രദ്ധ ആകർഷിക്കുവാൻ കഴിയുന്നവരെ സൃഷ്ടിക്കാൻ ഈ ഗ്രാമത്തിനു കഴിവുണ്ടെങ്കിലും അവയെ ഫലപ്രദമാക്കാൻ പറ്റിയ സംവിധാനങ്ങൾ ഇവിടെ നിലവിലില്ല. ഗ്രാമസഭാതലത്തിലും പഞ്ചായത്ത് തലത്തിലും മറ്റും നടന്ന കൂട്ടായ ചർച്ചകളിൽനിന്നും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ക്രോഡീകരിക്കപ്പെടുകയുണ്ടായി.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ എല്ലാ കലാ-കായിക സാംസ്കാരിക പ്രതിഭകളെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു സാംസ്കാരികസംഘം സ്ഥാപിക്കുക.
2. എല്ലാ വാർഡിലും വായനശാലകൾ സ്ഥാപിക്കുകയും അവയെ കേന്ദ്രീകരിച്ച് വാർഡുതല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
3. പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്കൂൾ കലാ-കായികമേളയും ജനകീയമേളകളും സംഘടിപ്പിക്കുക.
4. ഈ ഗ്രാമത്തിലെ ക്ഷേത്രങ്ങളിലും മറ്റും നടത്തപ്പെടുന്ന ഉത്സവപരിപാടികളിൽ പ്രാദേശികകലാകാരന്മാർക്കു അർഹമായ പ്രാതിനിധ്യം നൽകുക ഒപ്പം സാഹിത്യസംസ്കാരിക സമ്മേളനങ്ങളും കാർഷിക ഉല്പന്ന മേളകളും സംഘടിപ്പിക്കുക.
5. കരകൗശലനിർമ്മാണത്തിലും മറ്റും ഏർപ്പെട്ടിരിക്കുന്ന കലാകാരന്മാരെ ഏകോപിപ്പിച്ചുകൊണ്ട് ഒരു സഹകരണസംഘത്തിനു രൂപംനൽകുക.
6. സ്ത്രീകളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിന് വായനശാലകൾ വഴി സർക്കുലേഷൻ സംവിധാനം ഏർപ്പെടുത്തുക.
7. നാടൻപന്തുകളിപോലെയുള്ള പൈതൃകമായ കായികമസ്തരങ്ങൾ പ്രോത്സാഹിപ്പിക്കുകയും കളിസ്ഥലങ്ങളുടെ പരിമിതി പരിഹരിക്കുകയും ചെയ്യുക.
8. പഞ്ചായിത്തിൽ നിലവിലുള്ളതും ഇപ്പോൾ പ്രവർത്തക്ഷമമല്ലാത്തതുമായ റേഡിയോ ക്ലബ്ബുകൾ പ്രവർത്തനക്ഷമമാക്കുകയും T.V. ക്ല്യൂസ്ക്കുകളായി പുരോഗമിപ്പിക്കുകയും ചെയ്യുക.
9. കേരള കലാമണ്ഡലത്തിന്റെ നിയന്ത്രണത്തിൽ കേരളത്തിലെ സ്കൂളുകളിൽ നടപ്പിലാക്കാൻ പോകുന്ന "കഥകളി ആസ്വാദന പഠന കോഴ്സ്" കടയ്ക്കാവൂർ സ്കൂളിലും ആരംഭിക്കുക.
10. കാളിദാസകേന്ദ്രഗ്രന്ഥശാലയിൽ റഫറൻസ് ബുക്കുകളുടെ എണ്ണം വർദ്ധിപ്പിക്കണം.



# വനിത

**പ**ഞ്ചായത്തിന്റെ ജനസംഖ്യയിൽ 53.7 ശതമാനം വരുന്ന സ്ത്രീകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി, കാര്യങ്ങളിലുള്ള പങ്കാളിത്തമില്ലായ്മ പ്രദേശത്തിന്റെ സമഗ്രമായ പുരോഗതിക്ക് വിഘാതം സൃഷ്ടിക്കുന്നു. മൊത്തം ജനസംഖ്യയിൽ 1000 പുരുഷന്മാർക്ക് 1074 സ്ത്രീകൾ വരും. പട്ടികജാതിക്കാരിലും സ്ത്രീകളാണ് കൂടുതൽ. സ്ത്രീകളിൽ ബഹുഭൂരിപക്ഷവും സാമാന്യ വിദ്യാഭ്യാസം നേടിയവരാണെങ്കിലും 20 ശതമാനത്തോളംപേർ ഇന്നും നിരക്ഷരരാണ്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ സാക്ഷരതാനിരക്ക് കൂടുതലാണെന്ന് കാണാം. സ്കൂളിൽ എത്തുന്ന കുട്ടികളിൽ ആൺ-പെൺ വ്യത്യാസം എടുത്തുപറയത്തക്കതായില്ല. എന്നാൽ കോളേജ് തലത്തിൽ പെൺകുട്ടികളാണ് കൂടുതൽ.

അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത വനിതകൾ നമ്മുടെ പഞ്ചായത്തിലും ധാരാളമുണ്ട്. മൊത്തം കുടുംബങ്ങളിൽ ഏകദേശം 20 ശതമാനം സ്ത്രീകളുടെ നിയന്ത്രണത്തിലാണ്. തൊഴിൽമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം അഖിലേന്ത്യാതലത്തിൽ 22.73 ശതമാനവും സംസ്ഥാനത്ത് 15.85 ശതമാനവും ആകുന്നു. നമ്മുടെ പഞ്ചായത്തിലാകട്ടെ ഇത് 21 ശതമാനവും ആണ്. അതേയവസരത്തിൽ നമ്മുടെ പ്രദേശത്തെ പുരുഷപങ്കാളിത്തം 41 ശതമാനവുമാകുന്നു. വിവിധ മേഖലകളിലെ സ്ത്രീപുരുഷ അന്തരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

## തൊഴിൽപങ്കാളിത്തം

പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ ഇടയിൽ രോഗാതുരത കൂടുതലാണ്. ഗ്രാമപഞ്ചായത്തിലെ P.H. സെന്റർ, ആയുർവ്വേദ-ഹോമിയോ ആശുപത്രികൾ എന്നിവിടങ്ങളിൽ ചികിത്സയ്ക്കെത്തുന്നത് ഏറിയപങ്കും സ്ത്രീകളാണ്. പ്രസവകാര്യങ്ങൾക്ക് സ്ത്രീകൾ ഇന്ന് ആശുപത്രിയെ അഭയംപ്രാപിക്കുന്ന അവസ്ഥയാണുള്ളത്. നിർദ്ധനരായ സ്ത്രീകൾക്ക് സർക്കാരാശുപത്രികൾമാത്രമാണാശ്രയം. നമ്മുടെ പഞ്ചായത്തിൽ ഇത്തരം സൗകര്യങ്ങളുള്ള ആശുപത്രികളൊന്നുംതന്നെ ഇല്ല.

തൊഴിലെടുക്കുന്ന സ്ത്രീകളിൽ ഏറിയപങ്കും ദരിദ്രജന വിഭാഗങ്ങളിൽനിന്നുമുള്ളവരാണ്. സർക്കാർ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം കുറവാണ്. എന്നാൽ കയർ, നെയ്ത്ത്, കൃഷി, ചുമടെടുപ്പ്, കെട്ടിട നിർമ്മാണം, പരമ്പരാഗത തൊഴിൽ (കുട്ടനെയ്ത്ത്, പായ്, ചല്ലി അടി) മേഖലകളിൽ പണിയെടുക്കുന്ന വനിതകളുടെ എണ്ണം പുരുഷന്മാരേക്കാൾ കൂടുതലാണ്. പലയിടങ്ങളിലും കൂലിനിരക്കിൽ സ്ത്രീ പുരുഷ അന്തരം നിലനിൽക്കുന്നു.

| തൊഴിൽ മേഖല | പുരുഷൻ | സ്ത്രീ |
|---|---|---|
| കർഷകർ | 379 | 157 |
| കർഷക തൊഴിലാളി | 902 | 437 |
| മൃഗസംരക്ഷണം മത്സ്യബന്ധനം | 228 | 24 |
| ഖനനം | 51 | 4 |

അവലംബം: സെൻസസ് 1991

| | | |
|---|---|---|
| കുടിൽവ്യവസായം | 75 | 217 |
| മറ്റു വ്യവസായങ്ങൾ | 502 | 747 |
| കെട്ടിടനിർമ്മാണം | 351 | 19 |
| വ്യാപാരം | 673 | 308 |
| ഗതാഗതം വാർത്താവിനിമയം | 433 | 133 |
| മറ്റുള്ളവ | 774 | 551 |
| ആകെ | 4368 | 2597 |

കാർഷികമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറഞ്ഞുവരുന്നതായാണ് കാണുന്നത്. തൊഴിൽരംഗത്ത് നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്താനാവശ്യമായ യാതൊരു പരിശീലനപരിപാടിക്കും രൂപംനൽകിയിട്ടില്ല. വനിതകൾ അദ്ധ്വാനശീലരാണെങ്കിലും അവർക്കായി തൊഴിൽ സംരംഭങ്ങളൊന്നുംതന്നെ പഞ്ചായത്തിലില്ല. എന്നാൽ DWCRA യുടെ ആഭിമുഖ്യത്തിൽ 12 വനിതകൾ അംഗങ്ങളായ, പരീക്ഷണാർത്ഥം ആരംഭിച്ച അനശ്വര മെക്കനൈസ്സ് കയർയൂണിറ്റ് ഇന്ന് രോഗഗ്രസ്ഥമാണ്. ഇവിടെ ഉല്പാദിപ്പിക്കുന്ന കയറിന്റെ ഗുണനിലവാരം കുറവായതിനാൽ വിറ്റഴിക്കുവാൻ കഴിയുന്നില്ല. കൂലികുറവും ഇവിടെ ആൾക്കാരെ ആകർഷിക്കുന്നില്ല. ഇന്ന് വെറും 6 പേർമാത്രമാണിവിടെ പണിയെടുക്കുന്നത്.

പഞ്ചായത്തിൽ 18 അങ്കണവാടികൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമല്ല. ഇവിടെയെത്തുന്ന അമ്മമാർക്കും, ഗർഭിണികൾക്കും, കുഞ്ഞുങ്ങൾക്കും നൽകുന്ന പോഷകാഹാരകുറവും ഗുണനിലവാരവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പെൺകുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഇല്ല. തൊഴിൽശാലകളിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങളില്ല. സ്ത്രീ തൊഴിലാളികളുടെ ഒന്നുമുതൽ മൂന്നുവരെ പ്രായമുള്ള കുഞ്ഞുങ്ങളെ പരിപാലിക്കുന്നതിനായി ക്രഷേ തുടങ്ങിയ ശിശുപരിപാലനകേന്ദ്രങ്ങൾ ഒന്നുംതന്നെ ഇല്ല. പ്രസവാനുകൂല്യങ്ങളും പ്രസവാവധിയും തൊഴിൽമേഖലയിൽ ഇന്നും ലഭ്യമല്ല.

സ്ത്രീപീഡനവും സ്ത്രീധനപീഡനവും ഒരു ശാപമായി തുടരുന്നുണ്ടെങ്കിലും മുൻകാലങ്ങളെ അപേക്ഷിച്ച് സ്ഥിതി മെച്ചമാണെന്നു പറയാം. സ്ത്രീകളുടെ സാമ്പത്തിക പരാധീനതയാണ് വിദ്യാസമ്പന്നരുടെ ഇടയിൽപോലും ഈ ദുഃസ്ഥിതിക്കു കാരണം. സ്ത്രീധനസമ്പ്രദായം മുഖ്യമായും ബാധിക്കുന്നത് നിർദ്ധനരായ പെൺകുട്ടികളെയാണെന്നതിൽ തർക്കമില്ല. പുരുഷന്മാരുടെ മദ്യാസക്തി കുടുംബപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

പൊതുരംഗങ്ങളിൽ കടന്നുവരുന്ന കാര്യത്തിൽ ഇന്നും സ്ത്രീകൾ വിമുഖരാണ്. കാരണം, വനിതകൾക്ക് പലതരത്തിലുള്ള അവഹേളനങ്ങളും പീഡനങ്ങളും സമൂഹത്തിൽ നിന്നും പുരുഷന്മാരിൽനിന്നും നേരിടേണ്ടിവരുന്നു. കുടുംബപരിപാലന ബാദ്ധ്യതയും, തൽഫലമായുണ്ടാകുന്ന സമയകുറവും സാമൂഹ്യ പ്രവർത്തനരംഗത്തുനിന്നും സ്ത്രീകളെ പിന്തിരിപ്പിക്കുവാൻ കാരണമാകുന്നു.

സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നമ്മുടെ പഞ്ചായത്തിൽ 'സ്വസ്ത് സംഘ്' എന്നൊരു സംഘടന പ്രവർത്തിക്കുന്നുണ്ടെങ്കിലും, കാര്യമായ യാതൊരു നേട്ടവും കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. വനിതകളുടെ സാമൂഹ്യ പദവി നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള പരസ്യങ്ങളും അശ്ലീല സിനിമകളും പോസ്റ്ററുകളും സ്ത്രീകൾക്ക് ഒരു ശാപംതന്നെയാണ്.

പ്രായപൂർത്തി വിവാഹ സമ്പ്രദായമാണ് നമ്മുടെ പഞ്ചായത്തിൽ പൊതുവേ നിലവിലുള്ളത്. സ്ത്രീകളുടെയിടയിൽ വായനാശീലം കുറഞ്ഞുവരുന്നതായാണ് കാണുന്നത്. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ അതിപ്രസരമാണിതിന് കാരണം. സാമ്പത്തികമായി മുന്നോക്കംനിൽക്കുന്ന കുടുംബങ്ങളിൽപെടുന്ന ഒരുവിഭാഗം സ്ത്രീകളുടെയിടയിൽ വളർന്നുവരുന്ന ഉപഭോഗ സംസ്കാരത്തെ സ്വായത്തമാക്കാനുള്ള അമിതമായ ഭ്രമം പൊതുരംഗങ്ങളിൽ കടന്നുവരുന്നതിൽനിന്നും ഇവരെ വിമുഖരാക്കുന്നു. മാതൃഭാഷാസ്നേഹം നശിപ്പിക്കുന്നതരത്തിൽ കുഞ്ഞുങ്ങളെ വളർത്തിയെടുക്കുന്ന പ്രവണത ഇന്ന് സമ്പന്നരായ സ്ത്രീകളുടെ ഇടയിൽ സാർവ്വത്രികമായുണ്ട്.

## പരിഹാരനിർദ്ദേശങ്ങൾ:

സമൂഹത്തിൽ സ്ത്രീകളെ ബാധിക്കുന്ന പ്രശ്നങ്ങളേയും, പരിഹാരമാർഗ്ഗങ്ങളേയും സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പുകളും, സെമിനാറുകളും സംഘടിപ്പിക്കേണ്ടതുണ്ട്. ബോധവൽക്കരണ നിയമസഹായ ക്യാമ്പുകൾ സംഘടിപ്പിക്കുക അത്യന്താപേക്ഷിതമാണ്. പൊതുരംഗത്ത് സ്ത്രീകളുടെ നേതൃത്വഗുണം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിക്കുകയും എല്ലാ രംഗത്തും മതിയായ പ്രാതിനിദ്ധ്യം ഉറപ്പുവരുത്തുകയും വേണം.

തൊഴിൽരഹിതരും സാമ്പത്തികമായി പിന്നോക്കംനിൽക്കുന്നവരുമായ സ്ത്രീകളുടെ ഉന്നമനത്തിനായി കാർഷിക-വ്യാവസായിക-സേവന മേഖലകളിൽ സ്വയംതൊഴിൽപദ്ധതികളും തൊഴിലധിഷ്ഠിത പരിശീലനപദ്ധതികളും നടപ്പാക്കാണ്ടതാണ്. ആവശ്യമായ ഇടങ്ങളിൽ മഹിളാസമാജങ്ങളും, വനിതാ വ്യവസായ സഹകരണ സംഘങ്ങളും സ്ഥാപിക്കണം.

നമ്മുടെ പ്രദേശത്തെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, പ്രസവകാര്യങ്ങൾകൈകാര്യംചെയ്യാനുതകുമാറ് P.H. സെന്ററിന്റെ വികസനം ഉറപ്പാക്കുക.

സ്കൂളുകളിൽ പെൺകുട്ടികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തണം. തൊഴിലിടങ്ങളിൽ സ്ത്രീതൊഴിലാളികൾക്ക് പ്രാഥമിക സൗകര്യങ്ങൾക്കാവശ്യമായ ഏർപ്പാടുകൾ നിർബന്ധമാക്കണം. വേതനത്തിലുള്ള സ്ത്രീ-പുരുഷ അന്തരം പരിശോധനാവിധേയമാക്കണം. മദ്യംമൂലമുള്ള കുടുംബപ്രശ്നങ്ങൾ ഒഴിവാക്കാൻ സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തണം.

സ്ത്രീകൾക്ക് പ്രസവാവധിയും പ്രസവാനുകൂല്യങ്ങളും നൽകാൻ വ്യവസ്ഥയുണ്ടാകണം. തൊഴിൽസമയത്ത് കുഞ്ഞുങ്ങളെ പരിപാലിക്കുന്നതിനായി ക്രഷേകൾ സ്ഥാപിക്കണം.

അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, അമ്മമാർക്കും കുഞ്ഞുങ്ങൾക്കും മെച്ചപ്പെട്ടതും പോഷകസമ്പുഷ്ടവുമായ ആഹാരം വിതരണംചെയ്യാൻ ഏർപ്പാടുണ്ടാകുകയും വേണം.

സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി പുസ്തകങ്ങൾ വീട്ടിലെത്തിക്കുന്ന സമ്പ്രദായം പ്രാവർത്തികമാക്കേണ്ടതാണ്. ഉപഭോഗ സംസ്കാരത്തോടുള്ള ഭ്രമം മാറ്റിയെടുക്കാനാവശ്യമായ പ്രചാരവേലകൾ സംഘടിപ്പിക്കണം.



# സഹകരണം

എഴുപതോളം വർഷങ്ങൾക്ക് മുൻമ്പ് കർഷകനെ ഋണബാധ്യതകളിൽ നിന്നും മോചിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി വായ്പാസംഘങ്ങളായി പ്രവർത്തനം ആരംഭിച്ച സഹകരണ പ്രസ്ഥാനം കാലാന്തരത്തിൽ ജനാധിപത്യ സംവിധാനത്തിലെ ഏറ്റവും പ്രബലമായ ഒരു പ്രതിഭാസമായി മാറുകയും ജനജീവിതത്തിന്റെ എല്ലാ രംഗത്തും വ്യാപിക്കുന്ന ഒന്നായി തീരുകയും ചെയ്തു. കൈത്തറി, കയർ, പാൽ, ആരോഗ്യം വിദ്യാഭ്യാസം, ഉപഭോക്തൃരംഗം, വിപണനം, സംസ്കരണം, വനിതാക്ഷേമം, അഭ്യസ്തവിദ്യരുടെ സ്വയംതൊഴിൽ കണ്ടെത്തൽ, ടൂറിസം, വ്യവസായം എന്നി മേഖലകളിലെല്ലാം സഹകരണ മേഖല അതിന്റെ ശക്തമായ സ്വാധീനം ചെലുത്തി കഴിഞ്ഞു. വായ്പാ രംഗത്തെ അതിശക്തമായ പ്രവർത്തനത്തിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ ഇപ്പോൾ ഇൻഡ്യയിൽ തന്നെ മുൻപന്തിയിലാണ്. അംഗസംഖ്യ, ഓഹരി മൂലധനം, വായ്പ, നിക്ഷേപം, കുടിശ്ശിക പിരിവ് ഇങ്ങനെ എല്ലാ കാര്യത്തിലും സംസ്ഥാനത്തെവായ്പാ സംഘങ്ങൾ ഗണ്യമായ നേട്ടം കൈവരിച്ചു കഴിഞ്ഞു. കൂടുതൽ ശക്തമായി ഈ രംഗത്തു പ്രവർത്തിക്കാനുള്ള അവസരം ജനകീയാസൂത്രണത്തിലൂടെ വീണ്ടും കൈവന്നിരിക്കുകയാണ്.

1970 കാലഘട്ടം മുതൽ സംസ്ഥാനത്തെ സഹകരണ

മേഖലയിൽ ഒരു പുത്തൻ ഉണർവ്വ് ഉണ്ടാകുകയും സഹകരണ സംഘങ്ങൾ ജനകീയ പ്രസ്ഥാനങ്ങളായി മാറുകയും ചെയ്തു. എങ്കിലും ജനങ്ങളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റാൻ ഈ പഞ്ചായത്ത് പ്രദേശത്തെ സംഘങ്ങൾക്ക് കഴിഞ്ഞിട്ടില്ല. അതിനുള്ള ഒരു പ്രധാന കാരണം ഈ പഞ്ചാത്തിലെ ജനങ്ങൾ അവരുടെ വായ്പാ ആവശ്യങ്ങൾക്ക് കൂടുതലും ആശ്രയിക്കുന്നത് ഈ പഞ്ചായത്തോടു് തൊട്ട് കിടക്കുന്ന വക്കം, ചിറയൻകീഴ് പഞ്ചായത്തുകളിലെ സർവ്വസ് ബാങ്കുകളെയും അവരുടെ പണം നിക്ഷേപിക്കുന്നതിന് ആശ്രയിക്കുന്നത് ഈ പ്രദേശത്തെ വാണിജ്യ ബാങ്കുകളെയും ആണെന്നുള്ളതാണ്. അക്കാരണത്താൽ ഈ പഞ്ചായത്തിലെ ഗുണഭോക്താക്കൾ സഹകരണ പ്രസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സംഘടിപ്പിക്കേണ്ട പ്രേരണ ഉണ്ടായിട്ടില്ല, എന്ന് മാത്രമല്ല, അവരെ സംഘടിപ്പിച്ച് സഹകരണ മേഖലയെ പുഷ്ടിപ്പെടുത്തുന്നതിന് ഈ പഞ്ചാത്തിലെ ജനകീയ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

കടയ്ക്കാവൂർ പഞ്ചായത്ത് പ്രദേശം പ്രവർത്തന മേഖലയായുള്ളതും, നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ സംഘങ്ങളുടെ പട്ടിക ഇതോടൊപ്പം ചേർക്കുന്നു.

1101-ാം മാണ്ട് 3-ാം മാസം 13-ാം തിയതി സ്ഥാപിച്ച ഈ സഹകരണ സ്ഥാപനത്തിൽ ഇപ്പോൾ 7060 അംഗങ്ങളുണ്ട്. ഓഹരി മൂലധനമായി 7,12,005 രൂപാ സംഭരിച്ചിട്ടുണ്ട്. രജി.നം.1063 നാലാം വാർഡിൽ പ്രവർത്തിക്കുന്നു.

കടയ്ക്കാവൂർ കയർ വ്യവസായ സഹകരണ സംഘം.

നമ്പർ - 3035, വാർഡ് III. 1950-ാം മാണ്ട് 6-ാം മാസം 16-ാം തിയതി സ്ഥാപിച്ച ടി സംഘത്തിൽ ഇപ്പോൾ 1131 അംഗങ്ങളുണ്ട്. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ നിന്നു അഫിലിയേഷൻ ലഭിച്ചിട്ടില്ല.

കടയ്ക്കാവൂർ പഞ്ചായത്ത് നാലാം വാർഡിൽ പോളച്ചിറ ഭാഗത്ത് രജി.നമ്പർ.619- ആയി കയർ വ്യവസായ സഹകരണ സംഘം പ്രവർത്തിക്കുന്നു. ടി സംഘം 1979-ാം മാണ്ട് 3-ാം മാസം 23-ാം തിയതി സ്ഥാപിതമായി. സംഘത്തിൽ ഇപ്പോൾ 450 പേർ അംഗങ്ങളായുണ്ട്. ഓഹരി മൂലധനമായി അംഗങ്ങളിൽ നിന്നും 17076 രൂപായും ഉണ്ട്. തിരുവനന്തപുരം ജില്ല സഹകരണ ബാങ്കിൽ നിന്നും അഫിലിയേഷൻ ലഭിച്ചിട്ടില്ല.

കടക്കാവൂർ സൗത്ത് കയർ വ്യവസായ സഹകരണ സംഘം 1957-ാം മാണ്ട് 3-ാം മാസം 28-ാം തിയതി സ്ഥാപിച്ചു. ഇപ്പോൾ 1016 അംഗങ്ങളുണ്ട്. ഭംഗിയായി പാരവർത്തിക്കുന്ന ടി സ്ഥാപനം നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ ഒരു മുതൽ ക്കൂട്ടാണ്.

മേൽപ്പറഞ്ഞ സഹകരണസ്ഥാപനങ്ങളിൽ പ്രധാനപ്പെട്ടത് സർവ്വീസ് സഹകരണ ബാങ്കാണ്. പഞ്ചായത്ത് പ്രദേശം മുഴുവനും പ്രവർത്തനപരിധിയുള്ള ഈ സ്ഥാപനം നാട്ടുകാരുടേയും ഉദ്യോഗസ്ഥന്മാരുടേയും സഹകരണത്തോടെ ഒരു സർവ്വീസ്ബാങ്കായി വളരുകയുണ്ടായി. റേഷൻ കട, പ്രതിമാസലേലചിട്ടികൾ, ബാങ്കിംഗ്, ബിസിനസ്സ്, കാർഷിക-കാർഷികേതരവായ്പകൾ, സ്വർണ്ണപ്പണയം എന്നിവ കൈകാര്യംചെയ്യുന്നു.

## പ്രശ്നങ്ങൾ

അംഗങ്ങൾ വായ്പാതുക വിനിയോഗിക്കുന്നത് കൂടുതലും പ്രത്യുല്പാദനപരമല്ലാത്ത ആവശ്യങ്ങൾക്കാണ് വായ്പ തിരിച്ചടക്കൽ യഥാസമയം നടക്കുന്നില്ല. റിക്കവറിയും, നിയമനടപടികളും കൂടുന്നു. മൂന്നുവർഷത്തിലൊരിക്കലുള്ള തെരഞ്ഞെടുപ്പുചെലവ്, ഭാരിച്ച ആഡിറ്റ്ചെലവ് എന്നിവ ബാങ്കിനെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുന്നു. സർക്കാർ പ്രഖ്യാപിച്ച പലിശയിളവുപദ്ധതികൾപ്രകാരം എഴുതിത്തള്ളപ്പെട്ട പലിശയിനത്തിൽ ബാങ്കിന് വന്നിട്ടുള്ള നഷ്ടം നികത്തുന്നതിനുള്ള തുക സർക്കാരിൽനിന്നും പൂർണ്ണമായി ലഭിച്ചിട്ടില്ല. കൂടാതെ ബാങ്കിംഗ്മേഖലയിൽ സ്വകാര്യ സ്ഥാപനങ്ങളുടെ നിയന്ത്രണമില്ലാത്ത രംഗപ്രവേശവും അവർക്ക് യഥേഷ്ടം പലിശനിർണ്ണയിക്കാനുള്ള സ്വാതന്ത്ര്യവും സഹകരണരംഗത്തെ ബാങ്കിംഗ് ബിസിനസ്സിനെ സാരമായി ബാധിച്ചിട്ടുണ്ട്.

കയർ സഹകരണസംഘങ്ങൾ ഗവൺമെന്റിൽനിന്നും സാമ്പത്തികസഹായം ലഭിക്കാതെ പ്രവർത്തിപ്പിക്കുവാൻ ഏറെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ടി സംഘങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ജീവിക്കുവാൻവേണ്ടുന്ന വരുമാനത്തിനനുസരണമായി പ്രവർത്തിദിവസങ്ങൾ നൽകുവാൻ സംഘങ്ങൾക്ക് കഴിയുന്നില്ല. കയർമേഖലയിലാകെയുള്ള ഗുരുതരമായ പ്രശ്നങ്ങൾ നിമിത്തം സംഘങ്ങൾക്ക് വിജയകരമായി പ്രവർത്തിക്കുവാനും കഴിയുന്നില്ല.

## സാദ്ധ്യതകൾ

1. നിക്ഷേപസമാഹരണംവഴി പ്രവർത്തനമൂലധനം വർദ്ധിപ്പിച്ച് കൂടുതൽ പ്രത്യുല്പാദനകാര്യങ്ങൾക്ക് വായ്പനൽകുവാൻ സർവ്വീസ് സഹകരണബാങ്കിനെ പ്രാപ്തമാക്കുക.
2. കാർഷികമേഖലയിൽ ഗ്രൂപ്പടിസ്ഥാനത്തിൽ കൃഷിയിറക്കുന്നതിന് പ്രത്യേക 'ഗ്രൂപ്പ്‌വായ്പാ സമ്പ്രദായം' ഏർപ്പെടുത്താൻ സർവ്വീസ് ബാങ്കിനെ പര്യാപ്തമാക്കുക.
3. പഞ്ചായത്തിൽ ഒരു ക്ഷീരസംസ്കരണയൂണിറ്റ് സ്ഥാപിക്കുക.
4. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ തൊഴിൽസാദ്ധ്യതയുള്ള കേന്ദ്രങ്ങളിൽ കൈത്തറി ഉല്പാദനസഹകരണസംഘം രൂപീകരിക്കുക.



# പട്ടികജാതി/ പട്ടിക വർഗ്ഗക്ഷേമം

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളൊന്നും തന്നെ നമ്മുടെ പ്രദേശത്ത് താമസക്കാരായില്ല. പഞ്ചായത്തിന്റെ ജനസംഖ്യയിൽ 17.2 ശതമാനം വരുന്ന പട്ടികജാതിക്കാർ ഇന്നും സാമൂഹ്യ-സാമ്പത്തികരംഗങ്ങളിൽ പിന്നോക്കംനിൽക്കുന്നു. ജാതീയമായ ഉച്ചനീചത്വങ്ങളുടേയും, അന്ധവിശ്വാസങ്ങളുടേയും ലാഞ്ചനകൾ ഉണ്ടെങ്കിലും അതിനെല്ലാമുപരിസാമ്പത്തികപിന്നോക്കാവസ്ഥയാണ് ഈ ദുഃസ്ഥിതിക്ക് മുഖ്യ കാരണമെന്ന് നാം വിലയിരുത്തുന്നു. ഇവരിൽത്തന്നെ 52 ശതമാനം വരുന്ന സ്ത്രീകളുടെ വരുമാനമാർഗ്ഗങ്ങളുടെ പരിമിതികളാണ് ഇന്നും ഈ അവസ്ഥ തുടരാൻ മുഖ്യകാരണമായി ചൂണ്ടിക്കാണിക്കാനുള്ളത്. നമ്മുടെ പഞ്ചായത്തിൽ 'പൂർണ്ണ ദാരിദ്ര്യം' എന്നൊന്നില്ലെങ്കിലും അർദ്ധപട്ടിണിക്കാരായ ഇവരിൽ 92 ശതമാനവും ദാരിദ്ര്യരേഖയ്ക്കു താഴെ വരുന്നവരാണ്.

തൊഴിലില്ലായ്മ, പ്രത്യേകിച്ചും സ്ത്രീകളുടെ തൊഴിലില്ലായ്മ ഒരു മുഖ്യ പ്രശ്നംതന്നെയാണ്. ചുരുക്കംചിലർ ഒഴികെ മറ്റ് കുടുംബങ്ങൾ കൂലിപ്പണിയെ ആശ്രയിച്ചാണ് ഉപജീവനം കഴിക്കുന്നത്. പണി ഉള്ളവരിൽത്തന്നെ അധികം പേർക്കും പരിമിതമായ തൊഴിൽദിനങ്ങളേ കിട്ടുന്നുള്ളൂ എന്നതാണ് പരമാർത്ഥം. കയർമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളാണ് അധികവും; പ്രത്യേകിച്ച് സ്ത്രീകൾ. കൃഷിപ്പണിചെയ്യുന്നവർ രണ്ടാംസ്ഥാനത്തുനിൽക്കുന്നു. കെട്ടിടനിർമ്മാണം, മണലൂറ്റ്, ചല്ലിനിർമ്മാണം, മറ്റ് കൂലിപ്പണികൾ എന്നിവയ്ക്കായി പോകുന്നവരുമുണ്ട്. സ്വന്തമായി കൃഷിഭൂമി ഇല്ലാത്തത് കാർഷികമേഖലയിൽ നേരിട്ടുള്ള ഇടപെടലിന് പട്ടികജാതിക്കാരെ അപ്രാപ്തരാക്കുന്നു. കാർഷികമേഖലയിലെ പൊതുവായ തകർച്ചയും ഇവിടെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. സ്വകാര്യമേഖലയിൽ പണിയെടുക്കുന്ന കയർതൊഴിലാളികളാണധികവും.

ആകെയുള്ള 9 പട്ടികജാതികോളനികളിലായി 694 കുടുംബങ്ങൾ പാർക്കുന്നു. വടതാഴി, നാല്പറ, ഇടയിക്കോട് IHDP കോളനി, കുടവൂർക്കോണം IHDP കോളനി, കാവുവിള, വേലൻകോണം, പുത്തൻവിള, A.K. നഗർ, നെടിയവിള എന്നിവയാണ് ഈ കോളനികൾ. കൂടാതെ ഏഴു "ലക്ഷംവീടു"കളിലായി താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളും, പ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിലായി വെവ്വേറെ താമസിക്കുന്നവരുമുണ്ട്. സ്വന്തമായി 4 സെന്റ് ഭൂമിയിൽ കൂടുതലില്ലാത്ത കുടുംബങ്ങളാണധികവും. സ്വന്തമായി ഭൂമിയോ, വീടോ ഇല്ലാത്ത കുടുംബങ്ങൾ നിരവധിയുണ്ട്.

പരിസരശുചിത്വമില്ലായ്മ, രോഗാതുരതവർദ്ധിക്കൽ, വിദ്യാഭ്യാസ-സാംസ്കാരിക ഉയർച്ച കൈവരിക്കാൻ കഴിയാത്ത

ചുറ്റുപാട് എന്നീ കാര്യങ്ങൾ കോളനിവൽക്കരണത്തിന്റെ ദൂഷ്യഫലങ്ങളിലേക്ക് വിരൽചൂണ്ടുന്നു. ഇവിടങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നകാര്യത്തിൽ ഇനിയും ബഹുദൂരം മുന്നേറേണ്ടതുണ്ട് എന്നതാണു വാസ്തവം. നമ്മുടെ പഞ്ചായത്തിൽ ഇതര ജനവിഭാഗങ്ങളുമായി സാമുദായികമൈത്രിയും, സഹകരണവും നിലനിൽക്കുന്നു.

നിരവധി ക്ഷേമപ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാരിന്റെ 11 ശതമാനം പദ്ധതിവിഹിതവും, കേന്ദ്രത്തിന്റെ തനതായ പദ്ധതിവിഹിതവും ചെലവഴിച്ചിട്ടുകൂടി അത്രകണ്ട് പ്രയോജനം പാവപ്പെട്ടവന് കിട്ടിയില്ലായെന്നുള്ളതാണ് സത്യം. അതിനു പ്രധാനമായും 5 കാരണങ്ങളാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

1. യഥാർത്ഥ ഗുണഭോക്താവിനെ കണ്ടെത്തുന്നതിൽ വരുന്ന അപാകത.
2. ഇടത്തട്ടുകാരുടെ ചൂഷണം.
3. ഉപഭോക്താവിന്റെതന്നെ ദുർവിനിയോഗം.
4. തൊഴിൽദാനപദ്ധതികളുടെ ലക്ഷ്യം അട്ടിമറിക്കപ്പെടുന്നു.- പ്രധാനമായും JRY പദ്ധതി.
5. IRDP ഗുണഭോക്താക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്താനായി നൽകുന്ന തുകയുടെ അപര്യാപ്തതയും, ദുർവിനിയോഗവും.

കർഷകതൊഴിലാളിപെൻഷൻ, കയർതൊഴിലാളിപെൻഷൻ, വിധവാപെൻഷൻ, വാർദ്ധക്യകാലപെൻഷൻ എന്നീ ക്ഷേമപദ്ധതികൾക്ക് അർഹരായിട്ടുള്ള പട്ടികജാതിക്കാർ ഇനിയും അവശേഷിക്കുന്നു.

സാക്ഷരതയുടെ കാര്യത്തിൽ സമ്പൂർണ്ണത കൈവരിച്ചു എന്നവകാശപ്പെടുന്നുണ്ടെങ്കിലും പട്ടികജാതിക്കാരായ മുതിർന്നവരിൽ നല്ലൊരു ഭാഗം ഇന്നും നിരക്ഷരരാണ്. ഉദാഹരണമായി, കുടവൂർക്കോണംകോളനിയിൽ ഏകദേശം 100 പേരും, കാവുവിളയിൽ ഭൂരിപക്ഷംപേരും, വേലംകോളനിയിൽ നിരവധിപേരും, ഏലപ്പുറം, A.K. നഗർ, നെടിയവിള കോളനികളിലെ 25 കുടുംബങ്ങളിൽപ്പെട്ടവരും നിരക്ഷരരാണ്. കുട്ടികളിൽ മുഴുവൻപേരേയും സ്കൂളിൽ ചേർക്കുന്നുണ്ട്. എന്നാൽ ഇവരിൽ 8 ശതമാനംപേർ ഇടയ്ക്കുവച്ച് പഠനം നിർത്തിപ്പോകുന്നു. 16 ശതമാനം പേർ തോറ്റ് പഠിക്കുവന്നവരായുണ്ട്. ഇക്കൂട്ടരിൽ ആൺ-പെൺ അനുപാതം തുല്യമാണ്. ലംസംഗ്രാന്റ് വാങ്ങുന്ന 805 കുട്ടികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. തുച്ഛമായ ഈ തുകയിൽനിന്നും P.T.A കൾ നിർബ്ബന്ധപിരിവു നടത്തുന്നതായി ആക്ഷേപമുണ്ട്.

വിദ്യാഭ്യാസരംഗത്തെ അപചയങ്ങൾക്ക് പ്രധാനമായും താഴെപ്പറയുന്ന കാരണങ്ങളാണ് കാണുന്നത്.

i) സാമ്പത്തിക പരാധീനത
ii) പൊരുത്തപ്പെടാത്ത ഗാർഹികാന്തരീക്ഷം.
iii) വസ്ത്രധാരണത്തിലുള്ള അന്തരം
iv) മറ്റ് കുട്ടികളോടൊപ്പം പഠനകാര്യങ്ങൾ ഗ്രഹിക്കുവാനുള്ള സാദ്ധ്യതയില്ലായ്മ.
v) സ്കൂൾ അധികൃതരുടെ അശ്രദ്ധ
vi) പിന്നോക്കാവിഭാഗങ്ങളോടുള്ള അധികൃതരുടെ അവഗണന.
vii) സ്കൂളിൽ വന്നെത്താനുള്ള ബുദ്ധിമുട്ട്.

പട്ടികജാതി കേന്ദ്രങ്ങളിൽ ശുദ്ധജലം (കുടിവെള്ളം) ലഭ്യമാക്കുന്നകാര്യത്തിലും, എത്തിക്കുന്നകാര്യത്തിലും നമ്മുടെ പഞ്ചായത്തിന് സ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. കുടവൂർക്കോണം കോളനിയിലെ പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളും, പഞ്ചായത്തുവക രണ്ടു കിണറുകളിലെ വെള്ളക്കുറവും അവിടെ കുടിവെള്ളപ്രശ്നം സൃഷ്ടിക്കുന്നു. കാവുവിള കോളനിയിലാണെങ്കിൽ പൊതുകിണറോ പൈപ്പുലൈനോ ഇല്ലാത്ത അവസ്ഥ ദൂരസ്ഥലങ്ങളിൽനിന്നും വെള്ളം ശേഖരിച്ച് കൊണ്ടുവരാൻ നിർബ്ബന്ധിതരാകുന്നു. പുത്തൻവിള, A.K. നഗർ, നെടിയവിള കോളനികളിലെ സ്ഥിതിയും വ്യത്യസ്ഥമല്ല. 9-ാം വാർഡിലെ ലക്ഷംവീടുകോളനിയിൽ നാളിതുവരെ പൈപ്പുലൈൻ എത്തിയിട്ടില്ല.

എല്ലാ കോളനികളിലും ഇതിനകംതന്നെ വൈദ്യുതി എത്തിയിട്ടുണ്ട്. കാവുവിള, ഇടയിൽകോട് കോളനികളും, 7 ലക്ഷംവീടുകളും ഇതിനകംതന്നെ പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടുണ്ട്. മറ്റ് കോളനികൾ ഭാഗീകമായിമാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളു. ഇവിടങ്ങളിലെല്ലാമായി 175- ഓളം ഭവനങ്ങൾ ഇനിയും വൈദ്യുതീകരിക്കേണ്ടതായുണ്ട്. കൂടാതെ ഇനിയും വൈദ്യുതീകരിക്കേണ്ടതായ ഒറ്റപ്പെട്ട പട്ടികജാതി ഭവനങ്ങൾ നിരവധിയുണ്ട്.

കക്കൂസുകളുടെ അപര്യാപ്തത പട്ടികജാതികോളനികളിൽ പരിസരശുചിത്വത്തിന് ഭീഷണിയും, ആരോഗ്യപ്രശ്നങ്ങൾക്ക് ഹേതുവുമാകുന്നു. കക്കൂസുകളുടെ നിർമ്മാണം എല്ലാ കേന്ദ്രങ്ങളിലും വേണ്ടിയിരിക്കുന്നു. കാവുവിളകോളനിയിൽ 3 കക്കൂസുകളേ ഉള്ളൂ എന്നതാണവസ്ഥ. മറ്റുള്ളവർ പൊതുസ്ഥലം ഉപയോഗിക്കാൻ നിർബ്ബന്ധിതരായിത്തീരുന്നു.

അനാരോഗ്യകരമായ ചുറ്റുപാടുകൾ ഈ മേഖലയിലെ രോഗാതുരത വർദ്ധിപ്പിക്കാൻ ഇടയാക്കുന്നു. ഇവിടങ്ങളിൽ സാധാരണകണ്ടുവരുന്നത് വയറിളക്കരോഗമാണ്. മലിനജലം ഉപയോഗിക്കുന്നതും, ശുചിത്വമില്ലായ്മയും വയറിളക്കം, അതിസാരം, മഞ്ഞപ്പിത്തം, സന്നിപാതജ്വരം എന്നീ രോഗങ്ങൾ

ക്ക് കാരണമാകുന്നു. ആരോഗ്യപരിപാലനം സംബന്ധിച്ച് ബോധമില്ലായ്മ ഒരു വലിയ പ്രശ്നംതന്നെയാണ്.

പാർപ്പിടപ്രശ്നം നമ്മുടെ പഞ്ചായത്തിൽ വളരെ ഗൗരവമർഹിക്കുന്നു. സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത പട്ടികജാതിക്കാർ അനേകമുണ്ട്. ഇടയിൽക്കോട് IHDP കോളനിയിൽ 24 കുടുംബങ്ങൾക്ക് ചെറ്റപ്പുരമാത്രമാണ് ആശ്രയം. കുടവൂർക്കോണം കോളനിയിലും. കാവുവിളയിലും നാമമാത്രമായെങ്കിലും ചെറ്റപ്പുരകളുണ്ട്. പത്താംവാർഡിൽപ്പെട്ട പുത്തൻവിള, A.K. നഗർ, നെടിയവിളകോളനികളിലായി മാത്രം വീടില്ലാത്ത കുടുംബങ്ങൾ 150 വരും.

എല്ലാ വിഭാഗത്തിലും പെട്ട ആൾക്കാർ സമ്മിശ്രമായാണ് ലക്ഷംവീടുകളിൽ പാർക്കുന്നതെങ്കിലും പട്ടികജാതിയിൽപ്പെട്ടവരാണധികവും. 20 വർഷത്തിലേറെ പഴക്കമുള്ള ലക്ഷംവീടുകളിൽ അധികവും അപകടസ്ഥിതിയിലാണ്. ചുവരുകളെല്ലാം വിണ്ടുകീറി, കഴുക്കോലുകൾ ജീർണ്ണിച്ച്, ഓടുകൾ പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്ന അവസ്ഥയാണ് എല്ലായിടത്തും കാണാൻകഴിയുക. അറ്റകുറ്റപ്പണികൾ ചെയ്തു നന്നാക്കാൻ കഴിയുന്നതിനുമപ്പുറമാണ് അവയുടെയെല്ലാം സ്ഥിതി.

സ്ഥലപരിമിതിമൂലം പട്ടികജാതിക്കാർ മരണപ്പെട്ടാൽ ജഡം സംസ്കരിക്കുന്നതിന് അങ്ങേയറ്റം ബുദ്ധിമുട്ടാണ്.

കോളനിനിവാസികളുടെ കായികമോ, സാംസ്കാരികമോ ആയ ഉന്നമനത്തിനാവശ്യമായ കളിസ്ഥലങ്ങളോ, വായനശാല തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങളോ ടി.വി. ക്ല്യസ്ക്കുകളോ (ചുരുക്കംചിലയിടങ്ങളിലൊഴികെ) ലഭ്യമല്ല. പലവിധ അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും ഇന്നും അടിമകളാണ് പട്ടികജാതിക്കാർ.

## പ്രശ്നപരിഹാരനിർദ്ദേശങ്ങൾ

പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾക്കായി സ്വീകരിക്കേണ്ട പൊതുസമീപനങ്ങൾ താഴെപ്പറയുന്നവയാണ്.

1. ജനസംഖ്യാനുപാതികമായി വികസനപദ്ധതികൾക്കുള്ള തുക നീക്കിവയ്ക്കുക.
2. അടിയന്തിരമായി പട്ടികജാതി ഭവനങ്ങൾ സന്ദർശിച്ച് സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്തുക. ഇതിനാവശ്യമായ മനുഷ്യാദ്ധ്വാനം സന്നദ്ധപ്രവർത്തനത്തിലൂടെ സമാഹരിക്കണം.
3. ക്ഷേമപദ്ധതികളെ സംബന്ധിച്ച പ്രചാരവേല സംഘടിപ്പിക്കുക, യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുക, അർഹത ഉറപ്പാക്കുക, അനുവദിച്ച ആനുകൂല്യങ്ങൾ നിർദ്ദിഷ്ടകാര്യങ്ങൾക്കായിത്തന്നെ ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഒരു പഞ്ചായത്തുതല ഉപദേശകസമിതി രൂപീകരിക്കുക. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, രണ്ടു പട്ടികജാതി (ഒരു സ്ത്രീയും ഒരു പുരുഷനും) പ്രതിനിധികൾ, രണ്ട് സന്നദ്ധ പ്രവർത്തകർ എന്നിവർ അംഗങ്ങളുമായിരിക്കും.
4. തൊഴിൽദാനപദ്ധതികൾ ഉദ്ദേശലക്ഷ്യങ്ങളിൽനിന്നും വഴിതെറ്റിപ്പോകുന്ന അവസ്ഥ ഒഴിവാക്കുക.
5. IRDP തുടങ്ങിയ സ്വയംതൊഴിൽകണ്ടെത്തൽ പദ്ധതികൾ ഗ്രൂപ്പടിസ്ഥാനത്തിൽ സംഘടിപ്പിക്കുക. അതിനനുസൃതമായി സാമ്പത്തികസ്ഥാപനങ്ങൾ ഇന്നുള്ള നയസമീപനങ്ങൾ മാറ്റുന്നതിനാവശ്യമായ സമ്മർദ്ദംചെലുത്തുക.
6. കോളനിനിവാസികൾക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ പുറമേതാമസിക്കുന്ന ഒറ്റപ്പെട്ട കുടുംബങ്ങൾക്കും ലഭ്യമാക്കുക.

വ്യക്തിശുചിത്വം, പരിസരശുചിത്വം, മുലയൂട്ടൽ, ആരോഗ്യപ്രശ്നങ്ങൾ ഇത്യാദി കാര്യങ്ങളെ സംബന്ധിച്ച ബോധവൽക്കരണം നടത്തുക. ഇതിനായി ആരോഗ്യപ്രവർത്തകരേയും, സന്നദ്ധ പ്രവർത്തകരേയും പ്രയോജനപ്പെടുത്തുക. അതാതിടങ്ങളിലെ സ്ത്രീ-പുരുഷന്മാരെ സംഘടിപ്പിച്ചുകൊണ്ട് ഓരോ മൂന്നു മാസത്തിലൊരിക്കലെങ്കിലും ശുചീകരണപ്രവർത്തനങ്ങൾ നടത്തുക. ആരോഗ്യപ്രവർത്തകരുടെ ഭവനസന്ദർശനം നിർബ്ബന്ധമാക്കുകയും, പരിശോധനാവിധേയമാക്കുകയും ചെയ്യുക. Health Card സമ്പ്രദായം നടപ്പിലാക്കുക. ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ ഒരളവുവരെ ഇക്കാര്യങ്ങൾ പ്രയോജനപ്പെടുമെന്നു കണക്കാക്കുന്നു.

കുടിവെള്ളപ്രശ്നം പരിഹരിക്കുന്നകാര്യത്തിൽ അടിയന്തിരശ്രദ്ധപതിക്കേണ്ടതുണ്ട്. പുതിയ പൈപ്പുലൈനുകൾ സ്ഥാപിച്ചും, ഉപയോഗയോഗ്യമല്ലാത്ത പൈപ്പുകൾ നീക്കം ചെയ്ത് പുതിയ പൈപ്പുകൾ സ്ഥാപിച്ചും ശുദ്ധജലം ലഭ്യമാക്കാം. കോളനികളിലെ പൊതുകിണറുകൾ കൂടുതൽ ആഴത്തിൽ കുഴിച്ചും, വൃത്തിയാക്കിയും ജലദൗർലഭ്യം പരിഹരിക്കാം. കുടിവെള്ളം പാഴാക്കുന്നതും, മലിനമാക്കുന്നതും കർശനമായും തടയണം ഒറ്റപ്പെട്ടുകഴിയുന്ന പട്ടികജാതി കുടുംബങ്ങൾക്ക് കിണർകുഴിക്കുന്നതിനാവശ്യമായ സാമ്പത്തികസഹായം നൽകണം.

കക്കൂസുകൾ ഇല്ലാത്തവർക്ക് കുറഞ്ഞചെലവിൽ കക്കൂസുകൾ നിർമ്മിച്ചുകൊടുക്കാനാവശ്യമായ പദ്ധതിക്ക് രൂപംനൽകുക. ഉപയോഗയോഗ്യമല്ലാതായി കിടക്കുന്നവ മെയിന്റനൻസ് നടത്തി പ്രയോജനപ്പെടുത്തുക.

11 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിച്ചുകൊണ്ട് വോൾട്ടേ

ജ്ക്ഷാമം പരിഹരിക്കുകയും, പട്ടികജാതി ഭവനങ്ങളിൽ സൗജന്യമായി വൈദ്യുതി എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശം പരിഗണിക്കേണ്ടതായുണ്ട്. വീടില്ലാത്തവർക്ക് പാർപ്പിടയോഗ്യമായ സ്ഥലങ്ങൾ കണ്ടെത്തി പാർപ്പിടങ്ങൾ നിർമ്മിച്ചുകൊടുക്കുക, ഭൂമി ഉള്ളവർക്ക് വീടുവച്ച്കൊടുക്കുകയോ, അതിനായി സാമ്പത്തികസഹായം നൽകുകയോ ചെയ്യുക. അറ്റകുറ്റപ്പണികൾ നടത്തേണ്ടവയും പുതുക്കിപണിയേണ്ടതുമായ വീടുകൾ തിട്ടപ്പെടുത്തി വേണ്ട സാമ്പത്തികസഹായം നൽകുക. ഈ മേഖലയിൽ മനുഷ്യാദ്ധ്വാനം സന്നദ്ധ പ്രവർത്തനത്തിലൂടെ സമാഹരിക്കാനുള്ള സാദ്ധ്യതകൾ ആരായേണ്ടതുണ്ട്.

നിരക്ഷരരായ മുതിർന്നവരെ സാക്ഷരരാക്കുന്നതിന് തുടർസാക്ഷരതാപദ്ധതി ഊർജ്ജിതമാക്കണം. അതിനായി നിയോഗിക്കപ്പെടുന്ന പരിശീലകർക്ക് നാമമാത്രമായെങ്കിലും അലവൻസ് ഏർപ്പെടുത്തുക. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുന്നതിനായി വിദ്യാഭ്യാസപരമായി പിന്നോക്കംനിൽക്കുന്ന കുട്ടികളെ തെരഞ്ഞുപിടിച്ച് സ്കൂൾ സമയത്തിനുമുമ്പോ പിമ്പോ പ്രത്യേക ട്യൂഷൻ നൽകുക. അതിനായി സേവനസന്നദ്ധരായ അദ്ധ്യാപകരുടെ ലിസ്റ്റ് തയ്യാറാക്കുക. സ്കൂൾ അധികൃതരുടെ സ്നേഹപൂർണ്ണമായ പെരുമാറ്റം ഇത്തരം കുട്ടികളെ ഉറപ്പിച്ചുനിർത്താൻ സഹായകമാകും. സ്കൂൾയൂണിഫോം, ഗുണനിലവാരമുള്ള ഉച്ചഭക്ഷണം, പഠനോപകരണങ്ങൾ നൽകൽ എന്നിവ നിർബ്ബന്ധമാക്കണം. സ്റ്റൈപ്പന്റ്/ലംസംഗ്രാന്റ് തുകകൾ കാലോചിതമായി പരിഷ്കരിക്കുകയും തുച്ഛമായ ഈ തുകയിൽ നിന്നുമുള്ള നിർബ്ബന്ധപിരിവുകൾ ഒഴിവാക്കേണ്ടതുമുണ്ട്.

ഈവകകാര്യങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് P.T.Aകളുടെ പ്രവർത്തനം ശക്തമാക്കുകയും, P.T.A കളിൽ പട്ടികജാതി പ്രാതിനിദ്ധ്യം ഉറപ്പാക്കുകയും വേണം.

പട്ടികജാതിക്കാരുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് മുന്നോട്ടുവയ്ക്കാനുള്ളത്. പാട്ടവ്യവസ്ഥയിലോ, വിലയ്ക്കോ കൃഷിക്കനുയോജ്യമായ ഭൂമികണ്ടെത്തി കൂട്ടുകൃഷിവ്യവസ്ഥയിലോ, സഹകരണാടിസ്ഥാനത്തിലോ പച്ചക്കറി, ഓർക്കിഡ് എന്നീ കൃഷികൾ നടത്തി പട്ടികജാതിക്കാരെ കാർഷികമേഖലയുമായി നേരിട്ടു ബന്ധപ്പെടുത്താനുള്ള സാദ്ധ്യതകൾ ആരായുക. കൃഷിയുടെ നൂതനസാങ്കേതിക വിദ്യകൾ ഇവരെ പരിശീലിപ്പിക്കുക. വാസസ്ഥലങ്ങളിലെ സ്ഥലലഭ്യതയ്ക്കനുസരണമായി, പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കാനായി വിത്തും, വളവും, സാങ്കേതിക ഉപദേശങ്ങളും ലഭ്യമാക്കുക. കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക.

കയറും, കയറുല്പന്നങ്ങളും നിർമ്മിക്കാനായി സഹകരണ സംഘങ്ങൾക്ക് രൂപംനൽകുക. ഇവയുടെകീഴിൽ ചെറുകിടയൂണിറ്റുകൾ സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക. കയർപിരിമേഖലയിൽ യൂണിറ്റ് സമ്പ്രദായം ഏർപ്പെടുത്തുക.

കുട്ട, വട്ടി, പായ്നെയ്ത്ത് യൂണിറ്റുകൾ സ്ഥാപിക്കുക. റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ് സ്ഥാപിക്കുകയും ആയതിനാവശ്യമായ പരിശീലനംനൽകുകയും ചെയ്യുക. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.

നിലവിലുള്ള അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കുമെതിരായി ശക്തമായ ബോധവൽക്കരണം നടത്തേണ്ടതുണ്ട്. കുടവൂർക്കോണം, തിനവിള എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സാംസ്കാരികനിലയങ്ങൾ സ്ഥാപിക്കുക. പട്ടികജാതിക്കാരുടെ ഇടയിൽനിന്ന് കലാകായിക പ്രതിഭകളെ കണ്ടെത്താനും, പ്രോത്സാഹിപ്പിക്കാനും വേണ്ട നടപടികൾ സ്വീകരിക്കുക.



# വിഭവസമാഹരണം

ഗ്രാമതല ആസൂത്രണത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ആദ്യം ശ്രദ്ധിക്കേണ്ടത് അവിടുത്തെ ഭൗതിക വിഭവങ്ങളും മനുഷ്യവിഭവശേഷിയുമാണ്. ഇതിൽ പരമപ്രധാനം കർമ്മശേഷിയുള്ള ജനവിഭാഗമാണ്. ജനജീവിതത്തിന്റെ നാനാതുറയിലെ വികസനങ്ങൾക്കായി ഭരണസംവിധാനം ഏർപ്പെടുത്തുന്ന നികുതികളാണ് പഞ്ചായത്തിൽ വന്നുചേരുന്ന സാമ്പത്തിക വിഭവത്തിന്റെ പ്രധാന ഉറവിടം. കൂടാതെ സർക്കാർ നൽകുന്ന വിവിധയിനം ഗ്രാന്റുകളും.

സർക്കാർസഹായത്തെമാത്രം അടിസ്ഥാനമാക്കിയുള്ള വികസനസങ്കല്പത്തിന് മാറ്റംവരേണ്ടിയിരിക്കുന്നു. വിഭവസമാഹരണത്തെക്കുറിച്ച് ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് ഗ്രാമസഭകളിൽ ഉയർന്നുവന്നത്. നമ്മുടെ സാദ്ധ്യമായ വിഭവസ്രോതസ്സുകൾ മനുഷ്യ ഊർജ്ജം, പ്രകൃതിവിഭവങ്ങൾ, കാർഷിക വിഭവങ്ങൾ എന്നിവയാണ്.

നമ്മുടെ പഞ്ചായത്തിൽ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരും അദ്ധ്വാനശീലരുമായ ആയിരക്കണക്കിന് യുവതീയുവാക്കൾ ഉണ്ട്. അവരുടെ തൊഴിൽശേഷി വേണ്ടവണ്ണം നമുക്ക് വിനിയോഗിക്കുവാൻ സാധിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിന്റെ ധനസ്ഥിതി പരിശോധിച്ചാൽ വരവിനെക്കാൾ ചെലവാണ് മുന്നിൽ നിൽക്കുന്നത്. ഏകദേശം 30 ലക്ഷത്തോളം രൂപ പഞ്ചായത്തിനു ഒരു ബാദ്ധ്യതയായി നിലനിൽക്കുന്നു.

നമ്മുടെ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഏതെങ്കിലും കൃഷിക്ക് അനുയോജ്യമാണ്. ഏക്കർകണക്കിന് തരിശായി കിടക്കുന്ന ഭൂപ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവ എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് നാം ആഴത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ 4 വാണിജ്യബാങ്കുകളും ഒരു സഹകരണബാങ്കും പ്രവർത്തിക്കുന്നു. ഇവയിൽ ഇവിടെയുള്ള വിദേശത്തു ജോലിചെയ്യുന്നവരുടെ കോടിക്കണക്കിനു രൂപ നിക്ഷേപമായുണ്ട്. എന്നാൽ ഈ പണം പഞ്ചായത്തിന്റെതന്നെ വികസനത്തിനായി പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. വളരെയധികം ഗൾഫ് മലയാളികളുള്ള നമ്മുടെ പഞ്ചായത്തിൽ അവരുടെ പണം അധികവും ആർഭാടപൂർവ്വമായ കെട്ടിടങ്ങൾ നിർമ്മിക്കുവാനാണ് ഉപയോഗിക്കുന്നത്. ഇത് നിരുത്സാഹപ്പെടുത്തുകയും ഉല്പാദനരംഗങ്ങളിലേക്കു തിരിച്ചുവിടുകയും ചെയ്യേണ്ടിയിരിക്കുന്നു.

സാമൂഹ്യ രാഷ്ട്രീയ രംഗത്ത് താല്പര്യപൂർവ്വം പ്രവർത്തിക്കുന്ന ഒരു വലിയ വിഭാഗം യുവാക്കൾ ഇവിടെയുണ്ട്. റോഡുവെട്ടുന്നതിനുമാത്രമാണ് സാധാരണ അവരെ ഉപ

**പഞ്ചായത്ത്**
**വരവുചെലവുകണക്ക്**

| വരവ് ഇനങ്ങൾ | 95–96 | ചെലവ് ഇനങ്ങൾ | 95–96 | 95–96ലെ |
|---|---|---|---|---|
| കെട്ടിടനികുതി | 244435 | ജീവനക്കാരുടെ ശമ്പളവും | | ബാദ്ധ്യത |
| തൊഴിൽനികുതി | 150330 | ഓഫീസ് ചെലവുകളും | 6,47892 | ജീവനക്കാരുടെ പെൻഷൻ |
| വിനാദനികുതി | 32897 | പെൻഷൻ വിഹിതം | 40,000 | വിഹിതം |
| അധികവിനോദനികുതി | 12539 | വൈദ്യുതി ചാർജ്ജ് | 1,60,000 | പെൻഷൻകുടിശ്ശിക |
| പ്രദർശനനികുതി | 5298 | വെള്ളക്കരം (KWA) | 2,04,000 | 2,00,000 |
| പ്രദർശനനികുതിയിൻ മേലുള്ള സർചാർജ്ജ് | – 1438 | ഷോപ്പിംഗ് കോംപ്ലക്സ് (R.DB വായ്പ അടവ്) | – 1,00,000 | വൈദ്യുതി ചാർജ്ജ് കുടിശ്ശിക 4,00.000 |
| മാർക്കറ്റ് | 148250 | മെമ്പറന്മാരുടെ അലവൻ | | ഷോപ്പിംഗ് കോപ്ല |
| ലൈസൻസ് ഫീസ് | 3331 | സുകളും സിറ്റിംഗ് ഫീസും | 1,30,240 | ക്സ് RDB |
| വസ്തു കൈമാറ്റനികുതി 75% | 86279 | പൊതുമരാമത്ത് പണികൾ | 6,06,072 | കുടിശ്ശിക 3,30,726 |
| വസ്തു കൈമാറ്റനികുതി 25% | 100000 | JRY | 2,23,480 | വെള്ളക്കരം 20,00000 |
| VRM | 31065 | അനാമത്ത് | 50,000 | |
| Basic Tax | 20938 | | | |
| M.I. Grant | 6500 | | | |
| Untied Fund | 289490 | | | |
| VTC | 114380 | | | |
| JRY | 223480 | | | |
| ആകെ | 14,65352 | | 2161684 | 2930726 |

യോഗപ്പെടുത്തുന്നത്. നമ്മുടെ മേഖലയിൽ പണിയെടുക്കുന്നവരിൽ നല്ലൊരു വിഭാഗം കെട്ടിടനിർമ്മാണതൊഴിലുമായി ബന്ധപ്പെട്ടവരാണ്. ഇതിൽ വിദഗ്ദ്ധരും, അല്ലാത്തവരുമുണ്ട്. കെട്ടിടനിർമ്മാണചെലവിന്റെ 40 ശതമാനവും നിർമ്മാണതൊഴിലാളികൾക്കുള്ള കൂലിയായിട്ടാണ് വിനിയോഗിക്കപ്പെടുന്നത്.

നമ്മുടെ ഗ്രാമസഭകളിലാവട്ടെ വീടില്ലാത്തവരുടേയും കക്കൂസില്ലാത്തവരുടേയും ആവലാതികളായിരുന്നു ശക്തമായി ഉയർന്നുവന്നത്. അതിനാൽ തീരെ പാവപ്പെട്ടവർക്കുള്ള ഭവനനിർമ്മാണം, കക്കൂസ്നിർമ്മാണം, ശുദ്ധജലം എത്തിക്കുന്നതിലേക്കുള്ള പ്രവർത്തനം എന്നീമേഖലകളിലേക്കു കൂടി സന്നദ്ധപ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ ശുദ്ധജലം എത്തിക്കുന്നതിനും തെരുവുവിളക്കുകത്തിക്കുന്നതിനുംവേണ്ടി പ്രതിവർഷം ഏകദേശം 4 ലക്ഷം രൂപയോളം ചെലവാകുന്നുണ്ട്. ഇതുവരെ പ്രകാശിക്കാത്ത വിളക്കുകൾക്കും ജലം എത്താത്ത ടാപ്പുകൾക്കും നാം പണം അടയ്ക്കേണ്ട സ്ഥിതിയാണ്. ഇത് പരിശോധനയ്ക്കു വിധേയമാക്കിയാൽ ഗണ്യമായതുക മിച്ചമുണ്ടാക്കുവാനോ ജനസേവനം ഇരട്ടിപ്പിക്കുവാനോ കഴിയും.

## പരിഹാരനിർദ്ദേശങ്ങൾ

1. നിക്ഷേപത്തിന് ആനുപാതികമായി ഉല്പാദനമേഖലയിൽ മുതൽമുടക്കുവാൻ വാണിജ്യ ബാങ്കുകളെ പ്രേ

രിപ്പിക്കുക.

2. നിർദ്ധനരും നിരാലംബരുമായവരെ സഹായിക്കുവാൻ "പഞ്ചായത്തുപ്രസിഡന്റിന്റെ ദുരിതാശ്വാസനിധി" എന്നപേരിൽ ഒരു ഫണ്ട് രൂപീകരിക്കുക. ഇതിനായി ആഡംബരവിവാഹങ്ങൾ, മരണാനന്തരചടങ്ങുകൾ, ആഘോഷങ്ങൾ എന്നിവ നടത്തുന്നവരെ നിധിയിലേക്കു സംഭാവനനൽകുവാൻ പ്രേരിപ്പിക്കുകയും പ്രചരണം നടത്തുകയും ചെയ്യുക.
3. ലക്ഷങ്ങൾ ചെലവഴിച്ചുള്ള ആഡംബര ഭവനനിർമ്മാണം നിരുത്സാഹപ്പെടുത്തുന്നതോടൊപ്പം ചെലവിനു ആനുപാതികമായി നിർമ്മാണനികുതി ചുമത്തേണ്ടതാണ്. (ഇത് വാർഷികനികുതിക്കുപുറമേ ആയിരിക്കണം)
4. സാമ്പത്തികശേഷിയുള്ള വിദേശമലയാളികളെ സംയോജിപ്പിച്ചുകൊണ്ടു വ്യവസായസംരംഭങ്ങൾ തുടങ്ങുവാൻ പഞ്ചായത്ത് മുൻകൈ എടുക്കുക.
5. വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസു ഫീസ് കർശനമാക്കുക.
6. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ, (ഇന്ദിരാവികാസ് പത്രയുടെ വിപണനം സാദ്ധ്യമാക്കുകയും അതിൽനിന്നും കിട്ടുന്നതുക പ്രദേശത്തിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്തുകയും വേണം.

ഗ്രാമങ്ങളുടെ വികസനത്തിനുവേണ്ടിയുള്ള വിഭവങ്ങൾ ഗ്രാമങ്ങളിൽനിന്നും കണ്ടെത്തുവാൻ സാധിക്കുന്ന മാർഗ്ഗങ്ങളിൽ ചിലതുമാത്രമാണ് മുകളിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഈ മാർഗ്ഗങ്ങളിലൂടെ പണവും ശ്രമദാനവും ഗണ്യമായതോതിൽ കണ്ടെത്താവുന്നതാണ്. വിദവാസമാഹരണത്തോടൊപ്പം ജനപങ്കാളിത്തത്തോടുകൂടിയ ഒരു വികസന സംസ്കാരം വളർത്തിയെടുക്കുവാനും അതിലൂടെ സാമ്പത്തികരാഷ്ട്രീയരംഗങ്ങളിൽ വളർച്ചയും പക്വതയും കൈവരിക്കുവാനും നമുക്കുകഴിയും.

# ഉപസംഹാരം

കേരളസംസ്ഥാനത്തിന്റേയും ആസൂത്രണപ്രക്രിയയുടേയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമായിമാറാൻപോകുന്ന ജനകീയാസൂത്രണപ്രസ്ഥാനം ഭാവികേരളത്തിന്റെ വളർച്ചയിൽ നിർണ്ണായകപങ്കുവഹിക്കുമെന്നകാര്യത്തിൽ സംശയമില്ല. ബഹുജനപങ്കാളിത്തത്തോടെ കേരളത്തിൽ തുടക്കംകുറിച്ച ഈ വികസനപദ്ധതി പ്രശംസപിടിച്ചുപറ്റിയിരിക്കുന്നു. അധികാരവികേന്ദ്രീകരണം അതിന്റെ അർത്ഥത്തിലും വ്യാപ്തിയിലും നടപ്പിലാക്കാനുള്ള പരിശ്രമങ്ങളിലാണ് ഇന്നുനാം ഏർപ്പെട്ടിരിക്കുന്നത്. പദ്ധതികൾ തയ്യാറാക്കുന്ന രീതിയും അവയുടെ ലക്ഷ്യത്തെപ്പോലെതന്നെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ടുതന്നെ നമ്മുടെ പ്രദേശത്തെ മുഴുവൻ ജനങ്ങളുടെ വികസനപ്രശ്നങ്ങളോടുള്ള മനോഭാവം ഈ വികസനരേഖയിൽ പ്രതിഫലിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

ഇനിയും നമ്മുടെ ഈ കൊച്ചു പ്രദേശത്തിന്റെ ഏറെ വികസനതീരങ്ങൾ താണ്ടേണ്ടിയിരിക്കുന്നു. നാം ആശിക്കുംവിധം ജീവിതത്തിന്റെ സമസ്തമേഖലകളിലും സമൃദ്ധികൈവരുത്തുവാൻ അവിശ്രമമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. നാടിന്റെ വികസനപദ്ധതികളിലും, സംരംഭങ്ങളിലും നവ അവബോധവും, കർമ്മചാതുരിയും നാം വളർത്തിയെടുക്കണം. ഗ്രാമത്തിന്റെ അകത്തളങ്ങളിൽ നടക്കുന്ന ഈ പ്രവർത്തനങ്ങൾ പുതിയൊരു വികസനസംസ്കാരത്തിനു നാന്ദികുറിക്കുന്നു. ജനങ്ങളെ മുൻനിർത്തി, അവരുടെ പൂർണ്ണപങ്കാളിത്തത്തോടെ തികച്ചും ജനാധിപത്യപരമായ വികസനസംരംഭങ്ങൾ നടപ്പിലാക്കാനുള്ള വിപ്ലവകരമായ തുടക്കത്തിന്റെ നാന്ദിയാണ്. ആശയപരവും രാഷ്ട്രീയവുമായ അഭിപ്രായവ്യത്യാസങ്ങൾ നിലനിർത്തവെതന്നെ പ്രദേശത്തിന്റെ വളർച്ചയ്ക്കായി ഒത്തൊരുമിക്കേണ്ടതിന്റെ ആവശ്യകത നാം ഓരോരുത്തരും അംഗീകരിക്കുന്നു.

ഈ വികസനറിപ്പോർട്ട് പൂർണ്ണമാണെന്ന അവകാശവാദം ഉന്നയിക്കുന്നില്ല. കൂടുതൽ സമഗ്രമാക്കാനുതകുന്ന ചർച്ചകളും, നിർദ്ദേശങ്ങളും സെമിനാറിൽ ഉയർന്നുവരണം. സ്വാതന്ത്ര്യം അർത്ഥപൂർണ്ണമാക്കാൻ, വികസനത്തിന്റെ ഈ മഹാപ്രസ്ഥാനത്തിൽ നാം സ്വയം സമർപ്പിക്കുന്നു. പുതിയൊരു കേരളസൃഷ്ടിക്കായി പുനരർപ്പണംചെയ്യുന്നു.



# റിപ്പോർട്ടിനു പിന്നിൽ

ജി. ശിവദാസൻ (കൃഷി, ജലസേചനം)

എസ്. സുധീർ (മൃഗപരിപാലനം)

എൻ. നിമൽരാജ് (വിദ്യാഭ്യാസം)

ഡി. സുരേശൻ (ആരോഗ്യം, കുടിവെള്ളം)

കെ. സദാശിവൻ (വ്യവസായം)

S.R. ജ്യോതി (ഗതാഗതം, ഊർജ്ജം)

R. പ്രദീപ് (ഭവനനിർമ്മാണം)

എം. അജയബോസ് (സംസ്കാരം)

വിശാലാക്ഷിയമ്മ (വനിത)

പ്രൊഫ. എൻ. കുമാരൻ (സഹകരണം)

കെ.സി. രാധാകൃഷ്ണൻനായർ (പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം)

കെ. സുഭാഷ് (വിഭവസമാഹരണ[illegible]

വി. സദാശിവൻപിള്ള    എൻ. ദിവാകരൻ

എൻ. കൃഷ്ണൻപിള്ള    നടരാജൻ

ജി. ഗോപി    ഷിബു കടയ്ക്കാവൂർ



